
319
FEBRUARY 2026

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# The Political Economy of Devotion

KERALA PRIVATE
# COLLEGE TEACHER

FEB 2026 319

EDITORIAL BOARD

Editor
**Dr. Vidhu Narayan**

Managing Editor
**Dr. N. Renuka**

Assistant Editors
**Dr. M. R. Rajesh**
**Sreelekshmi A.R.**

Issue Editor
**Harinarayanan S.**

**Members**
A. Nisanth
Prof. (Dr.) K. Bijukumar
Asha Prabhakaran
Sanjeev G.
Pramod Vellachal
Dr. Sumesh A.S.
Dr. Bindumol B.
N.K. Sunilkumar
Harinarayanan S.
Dr. Vishnu Sreevalsan
Midhun Shah
Dr. Remya G.
Dr. Anju Linda Varghese
Dr. Sanand C. Sadananda Kumar
Dr. Preetha Krishna L.

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
**Ph: 0471-2463494**
**Mobile: +91 94470 14956**
collegeteacheredt@gmail.com
www.akpcta.org

## എഡിറ്റോറിയൽ




ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് ശുഭപ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണ് സ. കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ച 2026ലെ കേരള ബഡ്ജറ്റ്. മുണ്ടുമുറുക്കിയുടുക്കേണ്ടിവന്ന പ്രതിസന്ധിഘട്ടത്തിലും ആരുടെയും അന്നം മുടങ്ങാതെ, വികസനപ്രവർത്തനങ്ങൾക്കു ഭംഗംവരാതെ, ക്ഷേമപ്രവർത്തനങ്ങൾക്കു മുടക്കം വരാതെ, വിദ്യാഭ്യാസമേഖലയ്ക്കും വികസനത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ബഡ്ജറ്റ്. സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ഡിഎ കുടിശ്ശിക കൊടുത്തു തീർക്കുമെന്നതും പെൻഷൻ പദ്ധതി സമൂലം പരിഷ്കരിക്കുമെന്നതും കേരളവികസനത്തിന്റെ നെടുംതൂണായ സർവീസ് മേഖലയ്ക്ക് ഉത്തേജനം പകരുന്ന തീരുമാനങ്ങളാണ്. വികസനോന്മുഖവും ജനപ്രിയവുമായ ഈ ബഡ്ജറ്റ് അവതരിപ്പിച്ച് ഏതാനും നാളുകൾക്കകമാണ് കേന്ദ്രം ബഡ്ജറ്റ് അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭിപ്രായപ്പെട്ടതുപോലെ, കേരളം എന്നൊരു ഭൂപ്രദേശം ഇന്ത്യയുടെ ഭൂപടത്തിലുണ്ടെന്ന കാര്യം പരിഗണിക്കാതെയുള്ള ബഡ്ജറ്റായിരുന്നു അത്. നമ്മുടെ ആവശ്യങ്ങളൊന്നും കേന്ദ്രസർക്കാർ ചെവിക്കൊണ്ടില്ല. കോർപ്പറേറ്റ് മുതലാളികളുടെ താൽപ്പര്യങ്ങളാണ് ആ ബഡ്ജറ്റിൽ സംരക്ഷിക്കപ്പെട്ടത്. സമ്മർദ്ദങ്ങളുടെയും പ്രതിസന്ധികളുടെയും ഘട്ടത്തിലും വികസനത്തിന്റെ അതിവേഗപാതയിലൂടെ കേരളത്തെ നയിക്കുന്ന ഇടതുപക്ഷസർക്കാരിന് അഭിവാദ്യങ്ങളർപ്പിച്ചുകൊണ്ട് ഈ ലക്കം വായനക്കാർക്കു സമർപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9447237659

Cover Courtesy: Excerpts from a painting of Basuki Das Gupta

# ഉള്ളടക്കം




നവഫാസിസത്തിന്റെ മുഖങ്ങൾ
**ഡോ. ബിജുകുമാർ കെ.** ........ 4

വേദനയുടെ ഉറവിടം
**ഇ.എം. സുരജ** ........ 16

തമോഗർത്തങ്ങളുടെ താപഗതികം
**ഡോ. താരാനാഥ് ആർ.** ........ 17

അശാന്തി, വഞ്ചന, പരിരക്ഷയിലെ അരക്ഷിതത്വം
**ഡോ. വിവേക് ജേക്കബ്ബ് അബ്രഹാം** ........ 22


അബുതോഹയുടെ കവിതകൾ
**വിവ: സീത വിജയകുമാർ** ........ 28


വിഷാദവും കാഴ്ചയുടെ ആനന്ദവും
**കെ.പി. ജയകുമാർ** ........ 35

മാർക്സിന്റെ സാഹിത്യശൈലി
**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ** ........ 41

ക്വാണ്ടം@100
**ഡോ. ജ്യോതി ജി.** ........ 47

**സംഘടനാവാർത്തകൾ** ........ 50






GENERAL SECRETARY'S PAGE



ഡോ. ബിജുകുമാർ കെ.

# നവഫാസിസത്തിന്റെ മുഖങ്ങൾ

ചരിത്രം മറ്റൊരു രീതിയിൽ ആവർത്തിക്കുകയാണ്. അമിതമായ അരാഷ്ട്രീയതയിലും മുതലാളിത്തമോഹങ്ങളിലും ജാതിമത വിഭാഗീയതകളിലും അഭിരമിച്ചുകൊണ്ടിരിക്കുന്ന ലോകമായിരിക്കും ഇനി ഇവിടെ ഉണ്ടാവുന്നത് എന്നൊരു പ്രചാരണം നടന്നുവരുന്നുണ്ട്. ഇതിനെയെല്ലാം കീഴ്മേൽ മറിക്കുന്ന തെരഞ്ഞെടുപ്പ് വാർത്തകളാണ് ലോകത്തിന്റെ പലയിടങ്ങളിലും നിന്ന് അടുത്ത കാലങ്ങളിലായി വരുന്നത്. കേരളത്തിലെ ഇടത് വിരുദ്ധ മാധ്യമങ്ങൾ എല്ലാം തന്നെ കമ്മ്യൂണിസത്തിന്റെ അവസാനത്തെക്കുറിച്ച് വിധിയെഴുത്ത് നടത്തുകയും വ്യാജവാർത്തകൾ ജനസമൂഹത്തിലേയ്ക്ക് പ്രസരിപ്പിക്കുകയും ചെയ്തു. യു.എസ്. സാമ്രാജ്യത്വത്തിനെതിരെ ലാറ്റിനമേരിക്കൻ രാജ്യങ്ങളുൾപ്പെടെ ഉള്ളവർ ഉയർത്തെഴുന്നേൽക്കുന്നത് കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ അടിയുറച്ചുകൊണ്ടാണ്. ഇതിന്റെ അനന്തരഫലമാണ് വെനസ്വേലയിൽ കാണുന്നത്.

വെനസ്വേലയ്ക്ക് നേരെയുള്ള യുഎസ് ആക്രമണം ഏറ്റവും പ്രാകൃതമായ ഒരു യുദ്ധരീതിയാണ്. യഥാർത്ഥത്തിൽ ലോകത്ത് ഉയർന്നു കൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ് ചെറുത്തുനില്പുകളോടുള്ള ഭയമാണ് ട്രംപിന്റെ വെനസ്വേല ആക്രമണത്തിന്റെ അടിസ്ഥാനം. ന്യൂയോർക്ക് മേയർ തെരഞ്ഞെടുപ്പിലും അമേരിക്കയിലെ കോമൺ കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് അമേരിക്കയുടെ അംഗമായ ഹെന്നഷെറ്റ്സ്, സൊഹ്റാൻ മംദാനി എന്നിവർ വിജയിച്ചത് ജനാധിപത്യത്തിന്റെ ശക്തമായ പ്രതിഫലനം തന്നെയാണ്. യുദ്ധങ്ങൾക്കും അധിനിവേശങ്ങൾക്കും ഭീഷണികൾക്കും ഇടയിൽ വലിയ പ്രതീക്ഷയാണ് ഇത് തരുന്നത്. വെനസ്വേല പ്രസിഡന്റ് നിക്കോളാസ് മഡൂറോയെയും ഭാര്യയെയും അമേരിക്കൻ സൈന്യം ബന്ദികളാക്കി തട്ടിക്കൊണ്ടുപോയി എന്നത് കമ്മ്യൂണിസ്റ്റ് ആശയങ്ങളോടും ജനാധിപത്യ സങ്കല്പങ്ങളോടുമുള്ള ഏകാധിപതികളുടെ ഭയത്തെയാണ് സൂചിപ്പിക്കുന്നത്.

ഇത്തരത്തിൽ ലോകത്തെമ്പാടുമുള്ള ജനത സോഷ്യലിസ്റ്റ് സങ്കല്പങ്ങളിലൂടെ അതിജീവിച്ച് വരുമ്പോൾ ഇന്ത്യയിലെ ഭരണവ്യവസ്ഥ അങ്ങേയറ്റം പ്രതിലോമകരമാണ്. ദേശീയ പൗരത്വ റജിസ്റ്ററും തൊഴിൽ നിയമ പരിഷ്കരണങ്ങളും വിദ്യാഭ്യാസ മേഖലയിലേക്കുള്ള കടന്നുകയറ്റവും സാമ്പത്തിക ഉപരോധവും സൃഷ്ടിക്കുന്ന കേന്ദ്രഭരണകൂടം മതരാഷ്ട്രനിർമ്മാണം എന്ന ഒറ്റ ലക്ഷ്യത്തിനു പുറകെയാണ്. മതവർഗ്ഗീയ വികാരങ്ങൾ ഉണർത്തിവിട്ടുകൊണ്ട് അതിന്റെ മറവിൽ കോർപ്പറേറ്റ് ശക്തികൾക്ക് വികസിക്കുവാൻ അവസരം സൃഷ്ടിക്കുന്ന രാഷ്ട്രീയ കാലാവസ്ഥയാണ് ഇന്ത്യയിൽ സംജാതമായിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ഇല്ലാതാക്കി എല്ലാത്തിനെയും സ്വകാര്യവത്കരിക്കുവാനുള്ള കേന്ദ്ര സർക്കാറിന്റെ ജനാധിപത്യവിരുദ്ധ നയങ്ങൾക്കെതിരെ സാമൂഹ്യക്ഷേമത്തിലും മതനിരപേക്ഷതയിലും

അധിഷ്ഠിതമായ ഭരണമാതൃകയാണ് കേരളം മുന്നോട്ട് വയ്ക്കുന്നത്. കേരളത്തിനെതിരായ കേന്ദ്രസർക്കാറിന്റെ സാമ്പത്തിക ഉപരോധത്തിൽ പ്രതിഷേധിച്ച് ജനവരി 12 ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന സത്യാഗ്രഹ സമരം കാണിക്കുന്നത് അടിസ്ഥാനപരമായ ആശയങ്ങളിൽ ഊന്നി നിന്നുള്ള പ്രതിരോധം ആണ് ആവശ്യം എന്നാണ്.

കേരളം നിയമസഭാ ഇലക്ഷനിലേയ്ക്ക് പോകുന്നതിനു മുന്നോടിയായി നാം നേടിയെടുത്ത സാമൂഹിക പുരോഗതിയെയും വിജ്ഞാനമേഖലകളെയും അധികരിച്ച് നടത്തിയ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം സംസ്ഥാന വ്യാപകമായി അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെയാണ് നടന്നത്. ഇതൊരു സൂചനയാണ്. ഇടത് ഭരണവ്യവസ്ഥയോടും വികസന ചരിത്രത്തോടും യുവതലമുറ എങ്ങനെ പ്രതികരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. ചരിത്രവും ശാസ്ത്രവും ഗവേഷണവും എല്ലാം അട്ടിമറിച്ചുകൊണ്ടുള്ള സംഘപരിവാർ നയങ്ങളുടെ ഏറ്റവും വലിയ ആയുധം വിദ്യാർത്ഥികളും ഇവിടെ നിലനിൽക്കുന്ന മതേതര വിദ്യാഭ്യാസ രീതികളും ആണ്. NEP2020 ന്റെ തുടർച്ചയായ വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബില്ലിൽ ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസത്തെ കേന്ദ്രമന്ത്രാലയത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ ആണ് നടക്കുന്നത്. ഫെഡറൽ തത്വങ്ങളുടെ പരസ്യമായ ലംഘനമാണിത്.ഇത്തരം പ്രവണതകളെ പ്രതിരോധിക്കാൻ വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ ഉദ്യമമായി മെഗാക്വിസിനെ കാണേണ്ടതുണ്ട്.

ആഗോള തലത്തിലും ദേശീയ തലത്തിലും അത്യന്തം കലുഷിതമായ രാഷ്ട്രീയ സാമ്പത്തിക സാഹചര്യങ്ങൾ നിലനിൽക്കുന്ന അവസരത്തിൽ എകെപിസിടിഎ അതിന്റെ രാഷ്ട്രീയ പ്രതിബദ്ധത വെളിവാക്കുന്ന വിധത്തിലുള്ള പദ്ധതികളുമായി മുന്നോട്ടു പോവുകയാണ്. സംഘടനയുടെ ദീർഘകാല പ്രയത്നത്തിന്റെ ഭാഗമായ ഭരണഘടനാ ഭേദഗതികരട് ചർച്ചകളും സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ നടന്ന നാടകശില്പശാലയും ദ്വിദിന വനിതാ ക്യാമ്പും ഡിഫറന്റ്ലി ഏബിൾഡ് ആന്റ് സോഷ്യൽ വെൽഫെയർ കമ്മിറ്റിയുടെ ഏകദിന സെമിനാറും ആത്യന്തികമായി സംഘടനയെ ശക്തിപ്പെടുത്തുകയും രാഷ്ട്രീയവത്കരിക്കുകയും ചെയ്യുക തന്നെയാണ്.

ലോകം മുഴുവനുമുള്ള മുതലാളിത്ത - വർഗ്ഗീയ ശക്തികൾ ജനാധിപത്യ സംവിധാനങ്ങളെ തകർക്കാൻ നോക്കുമ്പോൾ എകെപിസിടിഎ എക്കാലത്തെയും പോലെ ഫെഡറൽ മൂല്യങ്ങൾ സംരക്ഷിക്കുവാനുള്ള സമരങ്ങളിൽത്തന്നെയാണ്. ■



Pramod Vellachal
Member Syndicate, Kannur University

# The Political Economy of Devotion:

## Electoral Instrumentalisation of Belief: An Analysis based on Meera Nanda's book *The God Market: How Globalisation Is Making India More Hindu*.

This article theorises the electoral exploitation of religious belief in the Indian state of Kerala, moving beyond conventional analyses of communalism to examine its embeddedness within neoliberal political economy. Utilising Meera Nanda's seminal framework of the "State–Temple–Corporate Complex" and her critique of "market-friendly religiosity," it argues that the invocation of deities like Lord Ayyappa in political sloganeering represents not a regression to pre-modern politics but a sophisticated form of *strategic sacralization* compatible with globalised capitalism. The analysis posits that religion in Kerala's electoral arena functions as a pliable cultural resource, facilitating emotional voter mobilisation while obscuring substantive issues of redistribution and social justice, thereby reflecting a pan-Indian transformation in the relationship between faith, capital, and state power.

**Theorising Religion as Political Resource in a Market Society**

In political theory, religion has long been recognised as a potent symbolic reservoir for generating solidarity, identity, and legitimacy (Chatterjee 4). However, the phenomenon in contemporary India, particularly within its electorally vibrant and historically exceptional state of Kerala, demands a more specific theoretical apparatus. Meera Nanda's *The God Market: How Globalisation Is Making India More Hindu* provides a critical lens, arguing that under neoliberal reforms, religion has been systematically "re-engineered to flourish in the marketplace" (Nanda 4). Contrary to secularisation theses, globalisation has not marginalised faith but has reconfigured it into a commodity and a political technology. This article applies Nanda's framework, alongside complementary scholarship, to analyse how the electoral instrumentalisation of worship in Kerala—epitomised by the politicisation of Lord Ayyappa and the Sabarimala temple—con-

stitutes a strategic deployment of "market-friendly religiosity" (31). This process exemplifies the convergence of political competition, corporate interests, and a reformatted Hinduism, leading to the hollowing out of substantive secularism and the diminution of religion's ethical autonomy.

### sacralization of Politics and the Neoliberal Logic of Faith

The embedding of religious symbols within electoral rhetoric signifies a deliberate *sacralization of politics*, where partisan choices are framed as moral or devotional duties. Nanda's analysis disrupts the assumed dichotomy between modernity and religious fervour, demonstrating how sacralization "operates comfortably within contemporary political economies" (76). The invocation of Lord Ayyappa in Kerala's campaigns is paradigmatic. This is not a call to spiritual asceticism but aligns with what Nanda identifies as a modern Hindu religiosity emphasising "civilizational pride, prosperity, and national self-confidence" (76). Faith is reformulated to provide identity security and moral certainty within a disorienting market society. Consequently, voting transmutes into a symbolic act of religious loyalty, blurring the citizen-devotee distinction. As Arvind Rajagopal notes in his study of media and nationalism, such politics creates a "split public," where religious symbolism allows for "communication that is at once mass and intimate," bypassing rational-critical discourse (Rajagopal 26). The sacred thus becomes a "politically consumable artefact," seamlessly integrated into the logic of electoral marketing.

### Identity, Emotion, and the Marketisation of Hinduism

The ascendancy of identity-based




mobilisation over programmatic persuasion marks a global shift in democratic politics, with religious identity proving uniquely efficacious due to its deep roots in emotion, ritual, and memory. Nanda extends this understanding by detailing the transformation of Hindu religiosity into a "lifestyle-oriented spirituality" compatible with middle-class consumption patterns and nationalist sentiments (112). Religion, she argues, now "markets itself as a source of emotional fulfilment and cultural pride rather than moral critique" (112). In Kerala, the slogan "Ayyappa Votte" (Vote for Ayyappa) functions as potent cultural shorthand. It activates a complex matrix of emotion, collective pride, and perceived grievance—particularly following the Supreme Court's 2018 Sabarimala verdict—without necessitating overtly hostile rhetoric. This supports Nanda's claim that market-driven religion excels at "simplifying complex social realities into emotionally resonant and politically efficient symbols" (131). It offers a ready-made, affectively charged identity in a political field where traditional class-based narratives face perceived exhaustion.

### The State–Temple–Corporate Complex and Ideological Convergence in Kerala

A cornerstone of Nanda's thesis is the concept of the "State–Temple–Corporate Complex," describing a synergistic alliance where political power legitimises religious institutions, which in turn provide social stability and a depoliticised consumer base for corporate capital (Nanda 158–59). She argues the Indian state increasingly "facilitates the growth of religious institutions while corporate interests benefit from religion's depoliticising effects" (158). Kerala's political landscape, despite its strong leftist legacy, exhibits this logic. The competitive appropriation of Sabarimala symbolism by the CPI(M), the Congress-led UDF, and the BJP-led NDA reflects an ideological convergence where religious signalling becomes an electorally unavoidable imperative. This convergence normalises religious symbolism across the partisan spectrum, effectively mainstreaming majoritarian cultural politics. As Thomas Blom Hansen theorises, this represents a "banalization" of majoritarianism, where Hindu sensibilities become an unmarked, default norm against which secularism is judged (Hansen 16). Religion thus permeates politics not as dogmatic theology, but as an instrumentalised "infrastructure" embedded within strategies of governance and electoral capture.

### From Belief to Grievance: The Politics of Religious Injury

The electoral utility of religious symbols is frequently amplified through narratives of historical grievance, cultural humiliation, and tradition under threat. Nan-

da's critique of Hindutva underscores how belief is converted into a politicised identity rooted in perceived injury. In Kerala, the discourse around Sabarimala has shifted worship from a personal/spiritual practice to a public-political claim, articulating a sense of injustice against judicial or "liberal" intervention. This aligns with Christophe Jaffrelot's analysis of how religious nationalism functions by transforming "cultural identity into a mechanism of political consolidation," wherein "identity replaces ideology as the primary mode of mobilisation" (Jaffrelot 23). The political construction of the "believer" as a figure whose sentiments are perpetually vulnerable creates a powerful, victimhood-based solidarity. However, as Nanda warns, this "grievance politics" depoliticises structural inequalities by redirecting energy towards defending cultural symbols, thereby serving the interests of elites across the political and corporate spectrum (Nanda 189).

**Secularism Under Duress: From Lived Pluralism to Managed Majoritarianism**



Kerala's model of secularism has been distinguished as *lived*, rooted in quotidian practices of inter-community coexistence and a strong public ethos. Nanda's framework reveals how neoliberal politics redefines this secular compact. She describes a shift towards a "de facto majoritarianism masked by democratic form," where the state informally privileges majority religious sentiment while upholding procedural democracy (Nanda 201). The instrumental use of religious slogans in elections erodes inter-community trust, transforming sacred symbols into contested political capital. Secularism is thus reduced to a hollow legal shell, its social substance drained. This resonates with Romila Thapar's caution that when faith is harnessed to power, "history, faith, and politics collapse into ideology" (Thapar 17). The "managed pluralism" that emerges is one where minority rights are tolerated but the public sphere is increasingly saturated with majoritarian cultural codes, a process Partha Chatterjee might see as the privileging of "corporate" religious identity over individual citizenship within the political society (Chatterjee 41).

**Democratic and Ethical Implications in a Marketised Religious Sphere**

The commodification of belief for electoral gain poses severe ethical challenges to democratic theory. Nanda emphasises that market-driven religion systematically "depoliticises questions of social justice, caste inequality, and redistribution" by channelling aspirations towards spiritual fulfilment and cultural pride (Nanda 175). In the electoral arena, this translates to emotion supplanting policy deliberation and intimate faith being instrumentalised for transient political advantage. The

philosopher Ashis Nandy provides a poignant warning: once religion is absorbed into competitive politics, it "loses its ethical autonomy and becomes captive to power" (Nandy 64). Democracy, reliant on reasoned debate and informed consent, is impoverished when mobilisation strategies seek uncritical emotional allegiance. The transformation of the devotee into a political client and the deity into a party mascot represents a profound degradation of both religious and democratic life.



**Conclusion: Electoral Piety and the Trivialization of the Sacred**

Examined through Meera Nanda's *The God Market*, the exploitation of Lord Ayyappa's symbolism in Kerala's politics is neither an archaic relic nor a mere communal flare-up. It is a symptomatic expression of a reconfigured Indian democracy where belief and worship are increasingly politicized and commodified. They function as flexible cultural resources within a "State–Temple–Corporate Complex," aligning devotional sentiments with electoral strategy and neoliberal governance. This process does not deepen faith but trivializes it, reducing complex spiritual traditions to instruments of political competition and brand loyalty. While such tactics may offer short-term electoral dividends, they exact a long-term cost: the erosion of democratic culture, the corrosion of Kerala's cherished secular social fabric, and the transformation of religion from a potential source of moral reflection into a marketable political asset. As Nanda starkly concludes, this market-friendly faith offers "prosperity theology" without prophecy, and identity without social justice—a potent but ultimately corrosive brew for a democratic society (Nanda 204).

**Works Cited**

Chatterjee, Partha. *The Politics of the Governed: Reflections on Popular Politics in Most of the World*. Permanent Black, 2004.

Hansen, Thomas Blom. *The Saffron Wave: Democracy and Hindu Nationalism in Modern India*. Princeton UP, 1999.

Jaffrelot, Christophe. *The Hindu Nationalist Movement and Indian Politics*. Columbia UP, 1996.

Nanda, Meera. *The God Market: How Globalisation Is Making India More Hindu*. Random House India, 2009.

Nandy, Ashis. "The Politics of Secularism and the Recovery of Religious Tolerance." *Secularism and Its Critics*, edited by Rajeev Bhargava, Oxford UP, 1998, pp. 321–44.

Rajagopal, Arvind. *Politics after Television: Hindu Nationalism and the Reshaping of the Public in India*. Cambridge UP, 2001.

Thapar, Romila. "Syndicated Hinduism." *Hinduism Reconsidered*, edited by Günther-Dietz Sontheimer and Hermann Kulke, Manohar, 1997, pp. 54–81.

■

രാജേഷ് എം ആർ
ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ

# വീട്ടിലേക്കുള്ള വഴി - ആധുനികതാവാദത്തിന്റെ രാഷ്ട്രീയ സംഘർഷങ്ങൾ

പ്രശ്നോത്തരങ്ങളുടെ കാവ്യാത്മകമായ രൂപത്തിലൂടെ സഞ്ചാരിയും പ്രവാസിയുമായ നായകന്റെ ആത്മസംഘർഷങ്ങളിലേക്കുള്ള യാത്രയാണ് ഡി. വിനയചന്ദ്രന്റെ വീട്ടിലേക്കുള്ള വഴി എന്ന കവിതയെന്നു പറയാം. വീട്ടിലേക്കുള്ള വഴി എന്ന ശീർഷകം യാത്രയെ സൂചിപ്പിക്കുന്നു. കലാസാഹിത്യ പ്രസ്ഥാനമായ ആധുനികതാവാദ (Modernism) ത്തിന്റെ നാഗരിക ജീവിതത്തിന്റെ ഗൃഹാതുരത്വവും അന്യവൽക്കരണവും സ്വത്വ സംഘർഷവും ഈ കവിതയിൽ കാണാം. പ്രവാസം, പ്രവാസി ഈ കവിതയിലെ ഒരു പ്രധാന കാവ്യഘടകമാണെന്നു പറയാം.

'തൊഴിൽപരമോ വിദ്യാഭ്യാസപരമോ രാഷ്ട്രീയമോ ആയ കാരണങ്ങളാൽ ജന്മനാട്ടിൽ നിന്നും മറ്റൊരിടത്തെത്തുന്നവരുടെ അനുഭവാവിഷ്കരണമാണ് പ്രവാസ സാഹിത്യം (Diaspora Literature). പ്രവാസം അഥവാ Diaspora എന്നതിന് 'അന്യദേശത്തുള്ള പാർപ്പ് ' എന്നാണർത്ഥം. ഇപ്രകാരം പ്രവാസം അനുഭവിക്കുന്ന ആൾ എന്ന നിലയിൽ വ്യക്തി പ്രവാസിയായി മാറുന്നു.' [പ്രതീഷ് എ എസ്: 2019: XIX] ജനിച്ച നാടിനെക്കുറിച്ചുള്ള ഓർമ്മ ഒരു പ്രവാസിയുടെ കൂടപ്പിറപ്പാണ്. അത് അവന്റെ ചിന്തകളിലും എഴുത്തുകളിലും കാണാവുന്നതാണ്. ആധുനിക മനുഷ്യന്റെ ജീവിതത്തിൽ പ്രവാസം ഒഴിവാക്കാനാവാത്തതാണ്.

പ്രയാണം, പരിണാമം എന്നിവ ഡി. വിനയചന്ദ്രന്റെ മിക്ക കവിതകളിലും കടന്നു വരുന്നുണ്ട്. വംശഗാഥ, കുന്തി ചേച്ചി, പ്രസ്ഥാനം, തിരിച്ചുവരാത്തവർ, സംക്രാന്തി തുടങ്ങിയ കവിതകളിൽ പ്രയാണത്തിന്റെ പരിണാമത്തിന്റെയും ആവിഷ്കാരങ്ങൾ കാണാം. ചരിത്രത്തിലേക്കും വർത്തമാന സ്ഥല രാശികളിലേക്കുമുള്ള പ്രയാണം വിനയചന്ദ്രന്റെ മിക്ക കവിതകളിലും കാണാം. നഗരങ്ങളിലേക്കും പ്രകൃതിയിലേക്കും പാരമ്പര്യങ്ങളിലേക്കും ആചാരാനുഷ്ഠാനങ്ങളിലേയ്ക്കും ഉള്ള യാത്രകൾ കാട്, യാത്രാപ്പാട്ട്, കോലങ്ങൾ എന്നിങ്ങനെയുള്ള നിരവധി കവിതകളിൽ കാണാം. ആധുനിക വ്യക്തിത്വത്തിന്റെ അന്യവൽക്കരണം, അസ്തിത്വ ദുഃഖം, സത്യാന്വേഷണം, ആത്മപലായനം എന്നിങ്ങനെയുള്ളവയുമായി ഇത്തരം യാത്രകളെ വിലയിരുത്താറുണ്ട്.


ഡി വിനയചന്ദ്രന്റെ കവിതകളിൽ നിരന്തരം ആവർത്തിക്കുന്ന ഒന്നായി പ്രവാസം / പ്രവാസിയെ കാണാം. വ്യവസായികയുഗവും നഗരവത്കരണവും വ്യക്തിയെ സ്വന്തം നാട്, വീട് വിട്ട് അന്യദേശങ്ങൾ തേടിയുള്ള യാത്രകൾക്ക് പ്രേരിപ്പിച്ചു കൊണ്ടിരുന്നു. കേരളത്തിലെ സാക്ഷരത അന്യദേശങ്ങൾ തേടാൻ വ്യക്തികളെ സ്വാധീനിച്ച, നിർബന്ധിച്ച ഘടകമാണ്. നാട് വിട്ട് പോകുന്നവനേ ലോകമുള്ളൂ, ധനമുള്ളൂവെന്ന ചിന്ത ആധുനികതയുടെ കാലം മുതലേ കാണാം. വിദ്യാഭ്യാസം, തൊഴിൽ, ആത്മീയത എന്നിവയ്ക്കായി മനുഷ്യൻ നടത്തുന്ന യാത്രകൾ ആധുനികതാവാദകാലത്തും നമുക്ക്

കാണാവുന്നതാണ്. യാത്രകൾ ഒരു പാട് ചെയ്തിരുന്ന, ഇഷ്ടപ്പെട്ടിരുന്ന ഡി. വിനയചന്ദ്രന്റെ കവിതകളിൽ പ്രവാസി അതിനാൽ തന്നെ ഒരു നിത്യസാന്നിധ്യമാണ്.

*പുഴക്കടവിൽ വീണ്*
*തന്നെ മറന്നു മയങ്ങും പ്രവാസി*
*[വീട്ടിലേക്കുള്ള വഴി ]*
*ഏതോ പ്രവാസി തൻ ഖിന്നമാം*
*പാട്ടിലും കാറ്റു പാടുന്നു [ കുമുദപ്രിയ]*
*ഉടഞ്ഞ ശംഖുകൾക്കിടയിൽ*
*സമുദ്രം കാണാത്ത ഒരു പ്രവാസി*
*[ അവശിഷ്ടം ]*

ദേശാടനത്വം - അലച്ചിൽ - ഒരു വേള വിനയചന്ദ്രന്റെ കവിതയുടെ തന്നെ സ്വഭാവമാണെന്നു കാണാമെന്ന് പി.പി. രവീന്ദ്രൻ പറയുന്നുണ്ട്. ഈ കവിയുടെ ബിംബകല്പനയുടെയും ഭാഷാപ്രയോഗത്തിന്റെയും വിശകലനത്തിലൂടെ ദേശാടനത്തിന്റെ സ്വഭാവങ്ങളെ മനസ്സിലാക്കാം. യാത്രാപ്പാട്ട് എന്ന കവിതയിലെ ഉണ്ണിയുടെ ബാഹ്യലോകത്തിലെ യാത്ര ആന്തരികമായ ഒരു കാവ്യസഞ്ചാരത്തിന്റെ പ്രതീകമായി വർത്തിക്കുന്നതായി പി.പി. രവീന്ദ്രൻ നിരീക്ഷിക്കുന്നു. [1997: 61] "വീട്ടിൽ നിന്നിറങ്ങിത്തിരിച്ച ഉണ്ണിയെ യാത്രപ്പാട്ടിൽ അവതരിപ്പിച്ച കവി വീട്ടിലേക്കുള്ള വഴി എന്ന കവിതയിൽ വീടുമായുള്ള തന്റെ വൈരുദ്ധ്യാത്മകമായ ബന്ധം നിർവ്വചിക്കുവാൻ ശ്രമിക്കുന്നുണ്ട്. ഈ കവിതയിൽ മുറിവേറ്റ തന്റെ ദിനരാത്ര സന്ധ്യകളെക്കുറിച്ചും ദിവാസ്വപ്ന മാടിയൊടുങ്ങാത്ത വ്യാധികളെക്കുറിച്ചും കവി പറയുന്നുണ്ട്." [പ്രസന്നരാജൻ: 1999: 107] തികച്ചും സ്വകാര്യമായ ഈ സങ്കടപ്പാട്ട് കവിയും വീടുമായുള്ള ബന്ധത്തിനുപരി കവിയും ഈ ലോകവുമായുള്ള സങ്കീർണ്ണവും വൈരുദ്ധ്യാത്മകവുമായ ബന്ധത്തിന്റെ ചരിത്രമാണ് പറയുന്നത്. അർത്ഥവത്തായ സൂചനകളിലൂടെ സ്നേഹ ശൂന്യമായ ഈ ലോകത്തിന്റെ മുഖംമൂടി എടുത്തു മാറ്റുകയാണ് കവിയെന്നും പ്രസന്ന രാജൻ അഭിപ്രായപ്പെടുന്നു.

വീട്ടിലേക്കുള്ള വഴി എന്ന കവിതയെക്കുറിച്ച് സച്ചിദാനന്ദൻ ഇങ്ങ



നെ പറയുന്നുണ്ട്. "ഇവിടെയെല്ലാം പ്രശ്നം 'ബിലോൻഗിങ്' ആണ്. മനുഷ്യന് എന്തിന്റെയെങ്കിലും ഭാഗമായേ തീരൂ; സ്വന്തം എന്ന് തോന്നിക്കുന്ന ഒരിടം ഉണ്ടായേ തീരൂ. വീട്, ചെന്നുചേരാനുള്ള ഇടവും താമസിക്കാനുള്ള ഇടവും വിട്ടുപോരാനുള്ള ഇടവും ആണ്. ഡി വിനയചന്ദ്രന്റെ വീട്ടിലേക്കുള്ള വഴി വീടിന്റെ ഈ നാനാർഥങ്ങൾ മുഴുവൻ ഉൾക്കൊള്ളാനുള്ള ശ്രമം നടത്തുന്നുണ്ട്. ഇതിന് ആസന്ന പ്രചോദനം ആയി തോന്നുന്നത് അമ്മയുടെ വേർപാട് ആണ്. അതിന്റെ സൂചനകൾ കവിതയിൽ ഉണ്ട്. പെട്ടെന്ന് വീട് വീടല്ലാതാകുന്നതിന്റെ വ്യഥയിൽ നിന്നാണ് കവിതയുടെ തുടക്കം. പിന്നീട് പല മാനങ്ങളിലേക്കും അത് വികസിക്കുന്നുണ്ടെങ്കിലും "വീട്ടിലേക്കെന്ന പോകുന്നു?" എന്ന് കൂട്ടുകാരും പുസ്തകക്കൂമ്പാര ങ്ങളും മുറ്റത്തെ മുല്ലയും പടിവാതിലോളം പറന്ന മറയുന്ന അരിപ്രാവും, കലണ്ടറിലെ ചുവന്ന അവധിദിവസങ്ങളും ചോദിക്കുന്ന ചോദ്യത്തി നുള്ള പ്രതികരണം പോലെയാണ് കവിത ആകെ നിബന്ധിച്ചിട്ടുള്ളത്."[ സച്ചിദാനന്ദൻ: 2013:14]. കവിതയുടെ പ്രമേയത്തെയും ആഖ്യാനരീതിയേയും കുറിച്ചുള്ള സൂചനകൾ ഈ വാക്കുകളിൽ കാണാം.

വീട്ടിലേക്കുള്ള വഴി എന്ന കവിതയിൽ വിരുദ്ധഭാവനകൾ സമ്മേളിക്കുന്നുണ്ട്. ലോകം/ നാട്, സമൂഹം / കുടുംബം, തെരുവ് / വീട്, നഗരം/ ഗ്രാമം എന്നിവയെല്ലാം ഇതിൽ കാണാം. വികാര തരളമായ ഓർമ്മകൾ ഒരു വശത്തു നിന്ന സ്നേഹത്തോടെ സ്പർശിക്കുമ്പോൾ അതിൽ നിന്ന് സ്വതന്ത്രനായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് സഞ്ചരിക്കാൻ ശ്രമിക്കുന്ന ഒരാളെ ഈ കവിതയിൽ കാണാം. ആധുനികതയുടെ ദേശരാഷ്ട്രങ്ങളും വ്യവസായിക നഗരങ്ങളും വികസിച്ചു വന്നപ്പോൾ വ്യക്തികൾക്ക് കുടുംബം, നാട്, വീട് ഒരു പരിമിതിയായോ ബന്ധനമായോ പാരതന്ത്ര്യമായോ തോന്നി തുടങ്ങിയിരുന്നു. ആധുനിക വിദ്യാഭ്യാസവും ഗതാഗത വികസനവും

**വീടിനെക്കുറിച്ചുള്ള ചോദ്യം കവിയിൽ വീണ്ടും ഓർമ്മകൾ ഉണർത്തുന്നു. മകനെ കാത്തിരിക്കുന്ന അമ്മയേയും പെങ്ങളേയും അയൽക്കാരിപ്പെണ്ണുങ്ങളേയും ഈ ഓർമ്മകളിൽ കാണാം. സാംസ്കാരിക പ്രവർത്തനങ്ങളുമായി കൂട്ടുകാരോടൊത്തു കൂടിയ നിമിഷങ്ങളും കവിയെ മാടി വിളിക്കുന്നു.**

വന്നതോടു കൂടി വീട് വിട്ട് ലോകവിഹായസിലേക്ക് സഞ്ചരിക്കാൻ വ്യക്തിക്ക് ആഗ്രഹമേറി. വീട്ടിലേക്കുള്ള വഴി ഒരേ സമയം വീട്ടിലേക്കുള്ള യാത്ര മാത്രമല്ലാ വീട്ടിൽ നിന്നും പുറത്തേക്കുള്ള യാത്ര കൂടിയാണ്. സ്വതന്ത്ര്യവും സ്വച്ഛന്ദവുമായ അനന്തതയിലേക്ക് പോകാനാഗ്രഹിക്കുമ്പോൾ തന്നെ നാട്ടിലെ സ്നേഹത്തിന്റെ കെട്ടുപാടുകൾ അയാളെ തിരികെ വിളിക്കുന്നതായി കവിത പറയുന്നു. ഗൃഹാതുരതയുടെ കാഠിന്യം അയാളെ മദിക്കുമ്പോൾ കവിത ചില ദാർശനിക സമസ്യകളിലേക്ക് സഞ്ചരിക്കുന്നു. നാട്/ ഗ്രാമം / വീട് ഇവിടെ പല വിധത്തിലുള്ള ബന്ധങ്ങളാൽ ബന്ധിതമാണ്.

*"വീടെന്ന ചൊല്ലി കിടാങ്ങളെ*
*കുട്ടിക്കളിപ്പിച്ച പാട്ടു പഠിപ്പിച്ച*
*അണ്ണനെന്നും തമ്പിയെന്നുമ*
*നിയത്തി*
*അമ്മയെന്നും ചേച്ചിയെന്നും വ്യഥ*
*യ്ക്കൊരു*
*കൂട്ടെന്നുമുന്നി സമർപ്പിതചേതസ്സായ്"*

വീട് നിർമ്മിക്കുന്ന ഇത്തരത്തിലുള്ള വൈയക്തികബന്ധത്തിന്റെ സുഖാനുഭൂതി ആധുനിക കുടുംബ വ്യവസ്ഥയുടെതാണ്. ഇതിൽ ഓരോ വ്യക്തിക്കും ഓരോ പദവിയും അധികാരവും കൊടുത്തിട്ടുണ്ട്.

എന്നാൽ ഇത്തരം കുടുംബ ബന്ധ വ്യവസ്ഥകളിലെ വിള്ളലുകൾ ആധുനികതാവാദ കലാസാഹിത്യങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്.

*"എന്റെയെന്നെന്റെയെന്നെന്നും*
*കരുതിയോർ*
*അന്യരായ് കോണിപ്പടികൾ കയറു*
*ന്നു; ഭിന്നമാം*
*പൊയ്മുഖങ്ങൾ, പരിഹാസങ്ങൾ*
*മാന്യമാംഗർവ്, മനംമറി, പ്പന്യോ*
*ന്യ -*
*മില്ലാത്ത സ്നേഹനാട്യം"*

കുടുംബ ബന്ധങ്ങളിലെ നാട്യവും തകർച്ചയുമെല്ലാം മുതലാളിത്തത്തിന്റെയും രാഷ്ട്ര സങ്കല്പത്തിന്റെയും വളർച്ചയുമായി ബന്ധപ്പെടുന്നുമുണ്ട്. ആഗോളമായ തൊഴിൽ സാധ്യതകൾ കടന്നു വരുമ്പോൾ പഴയ കുടുംബ മൂല്യങ്ങൾക്കും ബന്ധങ്ങൾക്കും ഇടച്ചിലുണ്ടാവുക സ്വാഭാവികമാണ്. വീട് വിട്ടു പോകുന്നവനാണ് ദേശീയമായ, അന്തർദേശീയമായ അവസരങ്ങൾ ലഭിക്കുന്നത്. കുടുംബബന്ധങ്ങളിൽ കുടുങ്ങിക്കിടക്കുന്നവന് വീടിനു പുറത്തുള്ള ലോകം സാധ്യമല്ല. അതിനാൽ സമൂഹത്തിന്റെ വികസനത്തിനനുസരിച്ച് കുടുംബ വ്യവസ്ഥയിൽ മാറ്റം വരുന്നു. ഭർത്താവ്, ഭാര്യ, കുട്ടി എന്നീ ബന്ധവ്യവസ്ഥയിലേക്ക് കുടുംബം ചുരുങ്ങുന്നു. ബാക്കിയെല്ലാം നാട്യങ്ങളാകുന്നു. ഓർമ്മകൾ മനുഷ്യനെ പിന്തുടരുന്നതിനാൽ വീട്ടിലേക്കുള്ള വഴി മായാതെ നില്ക്കുന്നു.

കവിത തുടങ്ങുന്നതിങ്ങനെയാണ്

"വീട്ടിലേക്കെന്നുപോകുന്നു ചോദിക്കുന്നു കൂട്ടുകാർ, കൂട്ടുകിടക്കുന്ന പുസ്തകക്കൂട്ടങ്ങൾ, ഇത്തിരി മുറ്റത്തു ഞാൻ നട്ടു നോറ്റു പൂവിട്ട മുല്ല പടിവാതിലോളം പറന്നു പറയുന്ന കൊച്ചരിപ്രാവ്, കലണ്ടറിൽ ചൂട്ടുകത്തിച്ചുകിടക്കുമവധികൾ."

കവിത ചോദ്യ ഉത്തരങ്ങളിലൂടെ കാവ്യരൂപംകൊള്ളുന്ന രീതിയാണിവിടെ കാണുന്നത്. സ്വഗത ആഖ്യാനത്തേക്കാൾ പ്രശ്നോത്തരങ്ങളുടെ, സംവാദത്തിന്റെ പരിസരം ഈ കവിതയ്ക്കുണ്ട്. ഇത് ആധുനികതയുടെ ഏകസത്യത്തേയും ഏകാത്മകതയേയും ചോദ്യം

ചെയ്യുന്ന രീതിയാണ്. നാടോടിത്തത്തിന്റെ വൈവിധ്യാത്മകതയും ബഹു യാഥാർത്ഥ്യങ്ങളും ഇവിടെ കാണുന്നു. ആധുനികത കൈയ്യൊഴിഞ്ഞ നാടോടിത്തത്തിന്റെ സംഗീത പാരമ്പര്യവും ബഹുസ്വരതയും ഇവിടെ കവിതയിൽ കൊണ്ടുവരാൻ കവി ശ്രമിക്കുന്നുണ്ട്. സഞ്ചാരിയും പ്രവാസിയുമായ കവിതയിലെ നായകനോട്, മറ്റുള്ളവർ വീട്ടിലേക്ക് പോകുന്നതിനെപ്പറ്റി ചോദിക്കുന്നുണ്ട്. വീട്ടിലേക്കു പോകുമ്പോൾ വാങ്ങേണ്ട സാധനങ്ങളെപ്പറ്റി, നാട്ടിലെ കൂട്ടുകാരെപ്പറ്റി ചിലർ നായകനോട് ചോദിക്കുന്നു. കൂടാതെ വീട്ടിൽ പോയി തിരിച്ചു വന്നാലും ചോദ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ഈ ചോദ്യങ്ങൾക്കെല്ലാം പ്രവാസിയായ നായകൻ ഉത്തരം പറയുന്നു. ഉത്തരമവസാനിക്കുമ്പോൾ വീണ്ടും ചോദ്യങ്ങൾ വരും. ഇങ്ങനെ നീണ്ടുപോകുന്ന ചോദ്യോത്തരങ്ങളാണല്ലോ ജീവിതമെന്ന് കവിത നമ്മെ ഓർമ്മിപ്പിക്കുന്നു. സർവ്വസാധാരണമായ ഈ ചോദ്യങ്ങൾക്ക് വിചിത്രമായ, വൈകാരികവും ചിന്തനീയവുമായ ഉത്തരങ്ങളാണ് നമുക്ക് ലഭിക്കുന്നത്.

വീട്ടിലേക്കെന്നു പോകുന്നുവെന്ന് ചോദിക്കുന്ന കൂട്ടുകാരോട് മറുപടി പറയുന്ന കവിയിൽ അടങ്ങിയിരിക്കുന്നതെന്തൊക്കെയാണ്. മകൻ ഇന്നു വരുമെന്ന് കരുതി പടിപ്പുരത്തിണ്ണയിൽ കണ്ണുനട്ടിരിക്കുന്ന അമ്മ, കണ്ണുനീരെല്ലാം തൊടിയിലെ തുളസിയായി വന്നുവെന്ന് ആശ്വസിച്ചിരിക്കുന്ന പെങ്ങൾ, കാവിലെ കല്ലിൽ വിളക്കുതെളിയുമ്പോൾ കുശലം പറയാൻ വരുന്ന പൂർവ്വികർ എന്നിങ്ങനെ ബന്ധങ്ങളുടെ ഒരു ചങ്ങലയാണ് കവിയുടെ ഉത്തരങ്ങളിൽ തെളിയുന്നത്.വീട് ഇത്തരത്തിൽ പരസ്പര ബന്ധമായ മനുഷ്യരുടെ ഒരു വ്യവസ്ഥയാണ്.

ഇവിടെ 'വീട്' എന്നത് അമ്മയുമായി ബന്ധപ്പെട്ടു നിൽക്കുന്നു. വീടിന് വിളക്കായി അമ്മ - ഭാര്യ വേണം എന്ന ചിന്ത സാമാന്യ വ്യവഹാരങ്ങളിൽ കാണാവുന്നതാണ്. അമ്മയില്ലാതെ വീടുണ്ടോയെന്ന ചോദ്യം ഈ കാരണങ്ങൾ കൊ

**കേരളത്തിലെ ആധുനിക പൗരസ്വത്വങ്ങൾ വിദ്യാഭ്യാസത്തോടും സമരത്തോടും ഒപ്പം ആചാരങ്ങളും അദ്ധ്യാത്മികതയും ഒരേപ്പോലെ കൊണ്ടു നടന്നിരുന്നുവെന്നാണ് ഈ കവിത സൂചിപ്പിക്കുന്നത്. പൂർണ്ണമായ പാരമ്പര്യ നിഷേധമല്ലാ, മറിച്ച് പാരമ്പര്യത്തെ സ്വീകരിച്ചു കൊണ്ട് മുന്നോട്ടു നീങ്ങുന്ന ആധുനിക ചിന്താരീതികളെയാണ് ഇവിടെ കാണുന്നത്.**

ണ്ടുണ്ടാകുന്നതാണ്.

*"അമ്മയില്ലാത്തവർക്കേതുവീട്*
*ഇല്ല വീട്, എങ്ങുമേ വീട്.*

കാട്ടുവഴികൾ കടത്തിണ്ണകൾ റെയിൽസ്റ്റേഷൻ സത്യാഗ്രഹപ്പന്തൽ അനാഥശുശ്രൂഷ അഭയാർത്ഥികൾക്കൊരുപാട്ട്

കുമാരിയിൽ സാഗരസ്നാനം, ഗയയിൽ ബലി, ഹിമവാനിലൂടെയേ കാന്തയാത്ര തീരങ്ങളിൽ കണ്ടുമുട്ടുന്നവരൊത്തുതിനം കുടിയും തിരികൊളുത്തുന്ന രാഷ്ട്രീയവിചാരം

*അനാഥശവങ്ങൾക്ക് കാവലിരിപ്പ്*
*ദിവാസ്വപ്നമാടിയൊടുങ്ങാത്ത*
*വ്യാധി*

*ഒറ്റവാക്കിന്റെ വിശുദ്ധമാം പ്രാർ*
*ത്ഥന ഉറ്റവരില്ലാത്തവന്റെ ശേഷ*
*ക്രിയ"*

വീട്ടിൽ അമ്മയില്ലാത്തവർക്ക് ഏതും വീടാണ് എന്ന സങ്കല്പം വീടിനെ കുറിച്ചു വരുന്ന പുതിയ ചിന്തയാണ്. അങ്ങനെ നോക്കുമ്പോൾ അമ്മയില്ലാത്ത പ്രവാസികൾക്ക് ഏതുയിടവും വീടാണ്. വീട് നഷ്ടപ്പെടുത്തുന്നവന് ലോകമേ വീട് എന്നാശയം ഇവിടെ വരുന്നു.സ്വന്തം വീട് ഉപേക്ഷിച്ചു പോന്നാൽ മാത്രമേ ലോകകാര്യങ്ങളിലിടപ്പെടാനാകുവെന്ന നവോത്ഥാനകാല ആശയം ഇവിടെയും കാണാം.

വീടിനെക്കുറിച്ചുള്ള ചോദ്യം കവിയിൽ വീണ്ടും ഓർമ്മകൾ ഉണർത്തുന്നു. മകനെ കാത്തിരിക്കുന്ന അമ്മയേയും പെങ്ങളേയും അയൽക്കാരിപ്പെണ്ണുങ്ങളേയും ഈ ഓർമ്മകളിൽ കാണാം. സാംസ്കാരിക പ്രവർത്തനങ്ങളുമായി കൂട്ടുകാരോടൊത്തു കൂടിയ നിമിഷങ്ങളും കവിയെ മാടി വിളിക്കുന്നു.

വീട്ടിലേക്ക് എന്നു പോകുന്നു എന്ന പഴയ ചോദ്യം മാറി, വിഭവങ്ങൾ വീട്ടിലേക്കെന്തൊക്കെ വാങ്ങുന്നു എന്ന രീതിയിൽ ചോദ്യം വികസിക്കുന്നതും പിന്നിട് കാണാം. പിന്നീട് വീട്ടിൽ നിന്നാണോ വരുന്നത്? എന്നാകുന്നു അടുത്ത ചോദ്യം. കൊച്ചു സഞ്ചി മാറി പെട്ടിയുമായി വരുമ്പോൾ അതിലെ വിഭവങ്ങൾ എന്തൊക്കെയാണെന്നറിയാൻ ചിലർക്ക് താല്പര്യങ്ങളുണ്ട്.

"വീട്ടിൽനിന്നിന്നോ വരുന്നത് പെട്ടിയിൽ നാട്ടുവിഭവങ്ങളെന്തൊക്കെ? എന്തൊക്കെ കൂട്ടുകാർക്കുള്ള സമ്മാനങ്ങൾ?

*പെട്ടിയിൽ*
*ഊരിലെ പഞ്ഞം*
*ഉദയഗിരിയിലെ കുന്നിമണികൾ*
*വിഫലമായപോയ സമരങ്ങൾതൻ*
*വീരഗാഥകൾ*
*കൂടിപ്പിരിഞ്ഞദിനങ്ങളിൽ പൂവിട്ടു*
*വാടിയ പൂക്കൾ തൻ നാലഞ്ചി*
*തളുകൾ ഓരോ നിറത്തിലുമഞ്ചാ*
*റുളുവൽ*
*ഗംഗയിൽനിന്നു ഞാൻ മുങ്ങിയെ*
*ടുത്ത*
*നൂറ്റെട്ടു ശിലകൾ*
*പിന്നെയമ്മൂമ്മയുണ്ണിക്കു നൽകിയ*
*സന്ധ്യാനാമം*
*പിന്നെയപ്പൂപ്പനോഹരിയായുന്ന*
*രാമായണം കിളിപ്പാട്ട്*
*പിന്നെയമ്മപണ്ടമ്മപണ്ടുണ്ണിക്കു*
*നൽകിയ*
*വെള്ളിക്കലശവും വിശ്വാസവും*
*പ്രാർത്ഥനാമന്ത്രവും*

ചോദ്യങ്ങൾക്ക് കവി മറുപടി നൽകുമ്പോൾ അതിൽ ബാല്യകാല കൗതുകങ്ങളും ( കുന്നിമണികൾ, നിറമുള്ള ഉുവൽ, വാടിയ പൂവിതൾ ) ആസ്തിക്യ ബോധവും (അമ്മൂ



മ്മ ഉണ്ണിയെ ചൊല്ലി പഠിപ്പിച്ച സന്ധ്യ നാമം, ഗംഗയിൽ നിന്നു മുങ്ങിയെടുത്ത നൂറ്റെട്ട ശിലകൾ) സാഹിത്യ വായനയും (രാമായണം കിളിപ്പാട്ട്) രക്ഷോപായവും (വിശ്വാസവും പ്രാർത്ഥനാ മന്ത്രവും ) എല്ലാം അടങ്ങിയിരിക്കുന്നതായി നാം കാണുന്നു.

സമര / വിപ്ലവ കഥകൾ, മത / അദ്ധ്യാത്മിക ചിഹ്നങ്ങൾ, ആചാരങ്ങൾ/ സാഹിത്യങ്ങൾ എന്നിവയെല്ലാം ചേർന്നാണ് ആധുനികതാവാദത്തിലെ വ്യക്തി ഇവിടെ നില്ക്കുന്നതെന്നാണ് കവിത സൂചിപ്പിക്കുന്നത്. നാട്ടിൽ / വീട്ടിൽ നിന്ന് വരുമ്പോൾ കൊണ്ടുവരുന്നത് അതിനാൽ ഇതൊക്കെക്കൂടിയാണ്. കേരളത്തിലെ ആധുനിക പൗരസ്വത്വങ്ങൾ വിദ്യാഭ്യാസത്തോടും സമരത്തോടും ഒപ്പം ആചാരങ്ങളും അദ്ധ്യാത്മികതയും ഒരേപ്പോലെ കൊണ്ടു നടന്നിരുന്നുവെന്നാണ് ഈ കവിത സൂചിപ്പിക്കുന്നത്. പൂർണ്ണമായ പാരമ്പര്യ നിഷേധമല്ലാ,മറിച്ച് പാരമ്പര്യത്തെ സ്വീകരിച്ചു കൊണ്ട് മുന്നോട്ടു നീങ്ങുന്ന ആധുനിക ചിന്താരീതികളെയാണ് ഇവിടെ കാണുന്നത്. അതിനാൽ മലയാള കവിതയിലെ ആധുനികതാവാദമെന്നത് പാരമ്പര്യവും ആധുനികതയും കലർന്ന ഒരു സാഹിത്യ പ്രസ്ഥാനമാണെന്ന് പറയാം. ദേശ രാഷ്ട്രത്തിന്റെ യുക്തിയിലേക്ക് മനുഷ്യൻ നീങ്ങുമ്പോൾ തന്നെ അതിൽ നിന്ന് അകലുന്ന, മാറി നിൽക്കുന്ന ദേശചരിത്രത്തിലേക്കും ദേശസ്മരണകളിലേക്കുമുള്ള പിൻമടക്കവും അയാൾ ആഗ്രഹിക്കുന്നുണ്ട്. ഉദയഗിരിയിലെ കുന്നിമണികളോടൊപ്പം ഗംഗയിൽ നിന്നു മുങ്ങിയെടുത്ത നൂറ്റെട്ടു ശിലകളും [പ്രാദേശികതയും രാഷ്ട്രവും] കവിതയിലെ നായകന്റെ കൂടെയുണ്ട്. പാരമ്പര്യത്തിന്റെയും ആധുനികതയുടെയും സങ്കരത്വമാണ് വീട്ടിലേക്കുള്ള വഴി എന്ന കവിതയിൽ കാണുന്നത്. ഒരേ സമയം രാഷ്ട്രനിർമ്മാണത്തിലെ ഏകീകരണയുക്തിയോട് താദാത്മ്യപ്പെടുമ്പോഴും പ്രാദേശികമായ വൈവിധ്യങ്ങളോടുള്ള അടുപ്പം കാണിക്കാൻ ശ്രമിക്കുന്നതും ഇവിടെ കാണാം. ആറ്റൂർ രവിവർമ്മയുടെ നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ[Non Resident Indian – NRI] എന്ന കവിതയെക്കുറിച്ചുള്ള കെ.കെ. ശിവദാസിന്റെ അഭിപ്രായം ഇങ്ങനെയാണ്. "ആത്മനാശത്തിന്റെ വക്കിലെത്തി നിൽക്കുമ്പോഴും നിസ്സഹായരാകാതെ, ജീവിതത്തെ നേരിടാൻ നടത്തുന്ന ശ്രമങ്ങളാണ് പ്രവാസിജീവിതത്തിന് തുടർച്ച സൃഷ്ടിക്കുന്നത്. നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ എന്ന കവിതയുടെ ശില്പഘടനയെ നിശ്ചയിച്ചിരിക്കുന്നത് ആ യാഥാർത്ഥ്യത്തിന്റെ അസാന്നിദ്ധ്യമാണ്. നാടിന്റെ ഭൂമിശാസ്ത്രവും ഭാഷയും ആചരണങ്ങളും ഒരു ചിഹ്നവ്യവസ്ഥ എന്ന നിലയിൽ അതേയർത്ഥത്തിൽ അതിർത്തിക്കപ്പുറത്ത് പ്രസക്തമല്ല. മൗലികത അനുകരണത്തിൽ നഷ്ടപ്പെടുമെന്നും അതു അനുകരണത്തിന് വഴങ്ങുന്നതല്ലെന്നും ആധികാരികവും മൗലികവുമാണെന്ന ഉള്ള ധാരണ മൂലമാണ് സ്വന്തം ഊർദ്ധ്വനിലയുടെ അനുകരണം നടരാജന് അസഹ്യമാകുന്നത്. അനുകരണവും പതിപ്പുകളുമാണ് കലയെയും ദൈവത്തെയും മനുഷ്യർക്കിടയിൽ പ്രചരിപ്പിച്ചത്. സ്ഥലാദേശത്തിലൂടെ സംഭവിക്കുന്ന സന്ദിഗ്ധതകളെ മറികടക്കാനാവാതെ, സ്വത്വത്തെ പരിവർത്തിപ്പിക്കാനാവതെ നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരന് കുഴങ്ങേണ്ടിവരുന്നതിന് പിറകിലെ മുഖ്യ കാരണം സങ്കരഭയമാണ്."[ശിവദാസ് കെ.കെ: 2019: 88] ഈ കവിതയിലെ നാട് തമിഴ്നാടും ഇന്ത്യാക്കാരൻ ദേവതയായ നടരാജനുമാണ്. ഈ സങ്കരഭയം എന്നാൽ വീട്ടിലേക്കുള്ള വഴി

എന്ന ഈ കവിതയിൽ കാണു ന്നില്ല.

വീട്ടിലേക്കല്ലോ വിളിക്കുന്നു തുമ്പിയും കാട്ടുകിളിയും കടത്തുവ ള്ളങ്ങളും

വീട്ടിൽ നിന്നല്ലോയിറങ്ങി നട ക്കുന്നു. തോറ്റവും ചിങ്ങനിലാവും കരച്ചിലും."

വീടിനെ പുറപ്പാടിന്റെയും എത്തി ച്ചേരലിന്റെയും ഇടമായി കണ്ടു കൊണ്ടാണ് ഈ കവിത അവസാ നിക്കുന്നത്.

ആധുനികത നിർമ്മിച്ച വീടിനെ കുറിച്ചുള്ള പുനരാലോചന കൂടി ഇവിടെ നടക്കുന്നുണ്ട്. വീട് ആത്യന്തികമായി ആർക്കും അഭയമാകുന്നില്ല. വീട്ടിലേക്ക് ചെല്ലുന്നതു പോലെ തന്നെ വീട്ടിൽ നിന്ന് പുറത്തേക്കുള്ള വഴിയും കവിയുടെ മുമ്പിലുണ്ട്. ഒരു വീട് നഷ്ടപ്പെടുത്തുന്നവന് ഒരുപാട് വീ ടുകൾ കിട്ടാനുണ്ട് എന്ന ധ്വനിയും കവിത ഉയർത്തുന്നുണ്ട്. വീടിനു പുറത്തുള്ള തന്റെ അസ്തിത്വാന്വേ ഷണമായും ഇതിലെ യാത്രയെ കാണാം. സ്വന്തം ഗ്രാമത്തിലും കുടുംബത്തിലും സ്വദേശത്തുമെല്ലാം വ്യക്തികളനുഭവിച്ച അന്യവൽക്ക രണവും അസ്തിത്വചിന്തകളുമാണ് ആധുനികതാവാദം അവതരിപ്പിച്ച പ്രധാന ആശയം. അച്ചടിയുടെ വ്യാപനം വഴി കേരളത്തിലെ സാ മൂഹ്യ പരിവർത്തനങ്ങളുടെ വേഗത വർദ്ധിക്കുകയും സാക്ഷരരായ പുതുതലമുറ തൊഴിലിനായി നഗ രങ്ങളിലേക്ക് കുടിയേറിയപ്പോൾ അവരിൽ നഗര / ഗ്രാമ സംഘർ ഷങ്ങളുമുണ്ടായി. അങ്ങനെ സമൂഹ ത്തിൽ നിന്നും വേർപ്പെട്ട ഒറ്റപ്പെട്ട വിദ്യാഭ്യാസമുള്ള വ്യക്തികളും അവരുടെ വൈകാരിക വ്യഥകളു മാണ് ആധുനികതാവാദത്തിന് അടിസ്ഥാനമായി ഭവിച്ചത്. ആധു നികതാവാദത്തിന്റെ സൗന്ദര്യശാ സ്ത്രം തീവ്ര ഇടതുപക്ഷത്തിന്റെ സം സ്കാര രാഷ്ട്രീയവുമായി ഒട്ടൊക്കെ ചേർന്നു നിന്നിരുന്നു. വീട് ഉപേ ക്ഷിക്കുന്നവരാണ് അക്കാലത്ത് തീവ്ര ഇടതുപക്ഷത്തേക്കും നക്സൽ പ്രസ്ഥാനങ്ങളിലേക്കും തിരിഞ്ഞു പോയത്. മനുഷ്യന്റെ സ്വാതന്ത്ര്യ



ത്തെക്കുറിച്ചും പുതിയ ലോകം സ്വപ്നം കാണുന്നതിനെക്കുറിച്ചും അവർ ജനങ്ങളോട് തങ്ങളുടെ കൃതികളിലൂടേയും പ്രവർത്തനങ്ങ ളിലൂടേയും പറഞ്ഞു കൊണ്ടിരുന്നു. വീട് ഉപേക്ഷിക്കാനുമുള്ളതാണെ ന്നും ലോകം നിങ്ങളെ കാത്തിരി ക്കുന്നുണ്ടെന്നുമുള്ള ആശയം വി നയചന്ദ്രന്റെ വീട്ടിലേക്കുള്ള വഴി എന്ന കവിതയുടെ അന്തർധാരയാ ണ്. ആധുനികതയുടെ വ്യക്തിയുടെ സാമൂഹ്യപരതയും രാഷ്ട്രീയവത്ക രണവുമാണ് ഇവിടെ കാണുന്നത്. സമരങ്ങളുടെ ജ്വാല അയാളിൽ ഇപ്പോഴും കെടാതെ നില്ക്കുന്നുണ്ട്. ആ ജ്വാലയാണ് ആധുനികാനന്തര കാലഘട്ടത്തിൽ സൂക്ഷ്മ രാഷ്ട്രീയ ത്തിന്റെ [സ്ത്രീ, ദലിത്, പരിസ്ഥിതി] വിവിധ മേഖലകളിലേക്ക് കടന്നു ചെല്ലുന്നത്. ഈ സൂക്ഷ്മ രാഷ്ട്രീയ ത്തിന്റെ പാതയിലേക്കുള്ള യാ ത്രയിലെ ഒരു മികച്ച കൃതിയാണ് ഡി. വിനയചന്ദ്രന്റെ വീട്ടിലേക്കു ള്ള വഴി. ഈ കവിതയുടെ സമ കാലിക പ്രസക്തിയും ഒരു പക്ഷേ ഇതു തന്നെയായിരിക്കാം.

പ്രശ്നോത്തരങ്ങളുടെ കാവ്യാത്മക മായ രൂപത്തിലൂടെ വികസിക്കുന്ന ഈ കവിതയിൽ ദ്രാവിഡപ്പഴമ നിറഞ്ഞ വായ്ത്താരിപ്പാട്ടുകളുടെ സ്വാ ധീനം കാണാം. മലയാള കവിത യിലെ ജനകീയ കാവ്യധാരയായ നാടോടിപ്പാട്ടുകളുടെ വാമൊഴി പാരമ്പര്യം ഇതിൽ കാണാം. പറച്ചിലുകളുടെ, സംവാദത്തിന്റെ രൂപത്തിലുള്ള കാവ്യഘടന ആധു നികതയുടെ വരേണ്യ കാവ്യാഖ്യാ നരീതികളിൽ നിന്ന് വിഭിന്നമാ ണ്. ഇത്തരത്തിൽ നോക്കുമ്പോൾ ആധുനികതയുടെ കാവ്യരചന രീതിയിൽ നിന്നുള്ള വിടുതലും വിമർശനവും വീട്ടിലേക്കുള്ള വഴി എന്ന കവിതയിൽ കാണുന്നുണ്ടെ ന്നു നിരീക്ഷിക്കാം.

സഹായകഗ്രന്ഥങ്ങൾ


ഡോ. സിബു മോടയിൽ, 2013, കത്തുന്ന കാലുകൾ, സെഡ് ലൈബ്ര റി, തിരുവനന്തപുരം

സമകാലീന കവിത, 1994, വീട്ടിലേ ക്കുള്ള വഴി, മഹാത്മാഗാന്ധി സർവ്വ കലാശാല, കോട്ടയം, പുറം - 60

ഡോ. പി.പി.രവീന്ദ്രൻ, 1997, ഇട പെടലുകൾ, ഡിസി ബുക്സ്, കോട്ടയം

പ്രസന്നരാജൻ, 1999, കേരള കവി തയിലെ കലിയും ചിരിയും, ഡി സി ബുക്സ്, കോട്ടയം

പ്രദീപ് പനങ്ങാട് [എഡിറ്റർ ], 2013, വിനയചന്ദ്രൻ ഓർമപ്പുസ്തകം, സച്ചി ദാനന്ദൻ, വീട്ടിലേക്കുള്ള വഴി, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം

ഡോ. എ.എസ്.പ്രതീഷ് [എഡിറ്റർ], 2019, പ്രവാസ സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം

കെ.കെ.ശിവദാസ്, 2019, പ്രവാസം - പ്രതിനിധാനവും സർഗ്ഗാത്മകത യും, ഇൻസൈറ്റ് പബ്ലിക്ക, കോഴി ക്കോട്


■

■ ഇ എം സുരജ
എൻ.എസ്. എസ്. കോളേജ്, ഒറ്റപ്പാലം




വിരൽ മുറിയുന്നതിനു മുമ്പ്
വേദന എവിടെയായിരുന്നു?

ഇടത്തേ ചൂണ്ടുവിരലിന്റെയറ്റത്ത്,
ഇപ്പോൾ വന്നതേയുള്ളൂ എന്ന്
ചോരയിറ്റിച്ചു നില്ക്കുന്ന നീണ്ടവര
പ്രത്യക്ഷപ്പെടുന്നതിനു മുമ്പും
വേദന ഉണ്ടായിരുന്നില്ലേ?

ഇല്ലാതിരിയ്ക്കില്ല:

വേദനയും
ഉണ്ടാക്കാനോ ഇല്ലാതാക്കാനോ
പറ്റുന്ന ഒന്നല്ലല്ലോ;
ഒരു രൂപത്തിൽനിന്ന്
മറ്റൊന്നിലേയ്ക്ക് മാറ്റാനേ പറ്റൂ!

അപ്പോൾ,
വിരലറ്റത്തേയ്ക്ക് ഇഴഞ്ഞു തുടങ്ങുന്നതിനു മുമ്പേ,
വേദന എവിടെയായിരുന്നു;
വാക്കും അർത്ഥവും
രൂപപ്പെടുന്നതിനു മുമ്പത്തെ
വിഷാദം പോലെ,
എങ്ങനെയായിരുന്നു,
വേദന?

നമ്മുടെയുള്ളിൽ
ജീവിയ്ക്കുന്ന,
നമ്മളോളം പോന്ന,
ഒരു ജീവിയാണു
വേദനയെങ്കിലോ?
അതിനു മുറിവേല്ക്കുമ്പോൾ
നമ്മൾ അറിയുന്നു
എന്നു മാത്രമാണെങ്കിലോ!

■ ഡോ. താരാനാഥ് ആർ.
അക്വിനാസ് കോളേജ്, എടക്കൊച്ചി

# തമോഗർത്തങ്ങളുടെ താപഗതികം

പ്രപഞ്ചത്തിലെ അതികായന്മാരാണ് തമോഗർത്തങ്ങൾ! ഗുരുത്വാകർഷണത്തിന്റെ പാരമ്യത്തിൽ വിലസുന്ന അദൃശ്യശക്തികൾ എന്നാണ് പൊതുവേ നാം ഇവരെ പരാമർശിക്കുന്നത് എങ്കിലും തമോഗർത്തങ്ങൾ നമ്മൾ വിചാരിക്കുന്ന അത്ര ഇരുണ്ടവരല്ല എന്നുള്ള സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രസ്താവനയാണ്  തമോഗർത്തങ്ങളുടെ താപഗതികത്തിന്റെ ആധാരശില.

എല്ലാം വിഴുങ്ങുന്ന തമോഗർത്തം എന്ന പ്രസ്താവന താപഗതികത്തിന്റെ രണ്ടാം നിയമത്തെ (second law of thermodynamics) ലംഘിക്കുന്നു എന്ന് ആർതർ എഡിംഗ്ടൺന്റെ വിഖ്യാതമായ പ്രസ്താവനയെ ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്.

അങ്ങനെ വിഴുങ്ങുന്ന ഒന്നിനേക്കുറിച്ചും ഒരു വിവരവും ലഭ്യമാകുന്നില്ല ഈ ഗർത്തത്തിൽ നിന്നും എങ്കിൽ മൊത്തം പ്രപഞ്ചത്തിന്റെ എൻട്രോപ്പി( entropy) അഥവാ അടുക്കമില്ലായ്മയുടെ അളവ്, കുറയാൻ സാധ്യതയുണ്ട്.

പക്ഷേ പ്രപഞ്ചത്തിന്റെ ഇന്നോളമുള്ള അനുഭവം രണ്ടു വസ്തുതകൾ എല്ലായ്പ്പോഴും മുന്നോട്ട് മാത്രം സഞ്ചരിക്കുന്നു എന്നതാണ്. അതിലൊന്ന് സമയവും (time) രണ്ടാമൻ മേൽപ്പറഞ്ഞ എൻട്രോപ്പിയും (entropy) ആണ്.


അങ്ങനെ പറയുമ്പോൾ തമോഗർത്തത്തിലേക്ക് ഒരു വസ്തു പതിക്കുമ്പോൾ (എഡിംഗ്ടൺന്റെ രസകരമായ ഉദാഹരണത്തിൽ അതൊരു ചായക്കോപ്പയാണ്) അതിന്റെ നഷ്ടപ്പെട്ട പുറം പ്രപഞ്ചത്തിലെ എൻട്രോപ്പി ഏതെങ്കിലും വിധത്തിൽ തമോഗർത്തം സൂക്ഷിക്കേണ്ടതായിട്ടുണ്ട്.

ഈയൊരു വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രകാരന്മാരായ സ്റ്റീഫൻ ഹോക്കിങ്സ്, ജേക്കബ് ഡി ബെക്കൻസ്റ്റെൻ എന്നിവർ ആദ്യമായി തമോഗർത്തത്തിന്റെ എൻട്രോപ്പിക്ക് ഒരു ഗണിത രൂപം രചിക്കുകയുണ്ടായി .


ഭൗതികശാസ്ത്രപരമായി ഒരുപാട് സവിശേഷതകൾ നിറഞ്ഞ ആ സമവാക്യത്തിൽ താപഗതികത്തിലെ സ്ഥിരാങ്കമായ k (ബോൾട്സ്മാൻ സ്ഥിരാങ്കം) ആപേക്ഷിക സിദ്ധാന്തത്തിലെ സ്ഥിരാങ്കമായ c (ശൂന്യതയിലെ പ്രകാശവേഗം) ക്വാണ്ടം ഭൗതികത്തിലെ സ്ഥിരാങ്കമായ h (പ്ലാങ്ക് സ്ഥിരാങ്കം) ഗുരുത്വബലത്തിന്റെ സ്ഥിരാങ്കമായ G  എന്നിവർ തന്മയത്വത്തോടെ ഉൾച്ചേർന്നു. ഏറ്റവും ഒടുവിൽ തമോഗർത്തത്തിന്റെ സംഭവ ചക്രവാളത്തിന്റെ പ്രതല വിസ്തീർണ്ണം A കൂടെ ചേരുമ്പോൾ ജ്യാമിതിയെക്കൂടെ ഉൾക്കൊള്ളിക്കാൻ പാകത്തിന് ഉള്ള ഒരു സമവാക്യമായി ബെക്കൻസ്റ്റെൻ ഹോക്കിങ്ങ് എൻട്രോപ്പി മാറി.



ആർതർ എഡിംഗ്ടൺ



സ്റ്റീഫൻ ഹോക്കിങ്ങ്സ്



ജേക്കബ് ഡി ബെക്കൻ സ്റ്റെൻ

തീർത്തും ഇരുട്ടാണ് എന്ന് നാം സങ്കൽപ്പിച്ച ആ ഗുരുത്വഭീമന്റെ നേർത്ത  വെളിച്ചത്തിലേക്കുള്ള ആദ്യ സൂചകമായി ഇത് മാറി. തുടർന്ന് എൻട്രോപ്പി ഉള്ള ഒരു വസ്തുവിന് നിശ്ചയമായും ഉണ്ടായിരിക്കേണ്ട താപനിലയെ (temperture) കുറിച്ചായി അന്വേഷണം. അവിടെയും സ്റ്റീഫൻ ഹോക്കിങ്ങ്സ് ക്വാണ്ടം ഭൗതികത്തിന്റെ സവിശേഷതകൾ കൊണ്ട് ഉത്തരം നിരത്തി.

നിശ്ശൂന്യത എന്ന ഒരു സങ്കൽപ്പം ക്വാണ്ടം ഭൗതിക സങ്കൽപ്പ പ്രകാരം ഇല്ലെന്നും ഏതു ശൂന്യതയിലും ഒരു കണം – പ്രതികണം (ഉദാഹരണത്തിന് ഇലക്ട്രോൺ & പോസിട്രോൺ) ദ്വന്ദ്വം ഉണ്ടാവുകയും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അത് തിരിച്ച് ചേർന്ന് ഇല്ലാതാവുകയും ചെയ്യുന്ന എന്നും ഉള്ള പ്രതിഭാസം ഉണ്ട്. ഇത് ക്വാണ്ടം ഫ്ലക്ച്വേഷൻ (vacuum fluctuation) എന്നാണ് അറിയപ്പെടുന്നത്.

ഊർജ്ജവും സമയവും തമ്മിലുള്ള അനിശ്ചിതത്വ സിദ്ധാന്തത്തിന്റെ (Energy time uncertainity relation) അടിത്തറയിലാണ് ഊർജ്ജ

$$S = \frac{\pi A k c^3}{2hG}$$

സംരക്ഷണനിയമത്തിൽ പോറലേൽക്കാതെ പ്രപഞ്ചം ഈ പ്രക്രിയയിൽ നിരന്തരം ഏർപ്പെട്ടുന്നത്. ഇതിനെയാണ് ഹോക്കിങ്ങ് തമോഗർത്തങ്ങളുടെ താപവികിരണത്തിന്റെ സമവാക്യത്തിന് നിദാനമാക്കിയത്.

താരതമ്യേന ടൈഡൽ ബലം (tidal force) ഏറിയിരിക്കുന്ന തമോഗർത്തത്തിന്റെ സംഭവചക്രവാളത്തിനരികെ (event horizon) സംഭവിച്ചേക്കാവുന്ന ഈ ക്വാണ്ടം ഫ്ലക്ച്വേഷനിൽ കണം പുറത്തേക്ക് തള്ളപ്പെടാനും  പ്രതികണം ഉള്ളിലേക്ക് വലിച്ചെടുക്കാനും സാധ്യത ഏറെയാണ്.

അത്തരത്തിൽ, അനിശ്ചിതത്വസിദ്ധാന്തത്തിലെ സമയശകലത്തിൽ തിരിച്ച് ചേരാൻ കഴിയാതെ പ്രപഞ്ചത്തിൽ ബാക്കിയാവുന്ന കണം എവിടെനിന്നു വന്നു എന്ന ഊർജ്ജ സംരക്ഷണ നിയമത്തിലെ സംശയത്തിന്റെ ഉത്തരമത്രേ ഹോക്കിങ്ങ് വികിരണം!

പിണ്ഡം (mass) മാത്രമുള്ള ഷ്വാർസ് ചൈൽഡ് തമോഗർത്തത്തിന്റെ (Schwarzschild Black Hole) ഈ താപത്തിന്റെ സമവാക്യം രസകരമാണ്. അതിൽ താപനില പിണ്ഡത്തോട് വിപരീത അനുപാതത്തിലാണ്. എന്നു പറഞ്ഞാൽ തമോഗർത്തം ഒരു കണത്തെ പുറം തള്ളി എന്നിരിക്കട്ടെ , അതു വഴി പിണ്ഡം അൽപ്പം കുറയുകയും വി

$$T_H = \frac{\hbar c^3}{8 \pi K_B G M_H}$$

പരീത അനുപാതത്തിലാകയാൽ തമോഗർത്തം കൂടുതൽ കണങ്ങളെ പുറം തള്ളുകയും അതു വീണ്ടും പിണ്ഡത്തെ ഗണ്യമായി കുറയ്ക്കുകയും ചെയ്യും. ചുരുക്കം പറഞ്ഞാൽ നിമിഷാർദ്ധം കൊണ്ട് ആവിയായി പോയേക്കാവുന്ന ഒരു തമോഗർത്തമത്രേ ഷ്വാർസ് ചൈൽഡ് തമോഗർത്തം. താപഗതിക പ്രകാരം അതിന് നിലനിൽക്കൽ അസാധ്യവുമാണ്. തുടർപഠനങ്ങളിൽ കറങ്ങുന്ന തമോഗർത്തങ്ങൾ, വൈദ്യുത ചാർജ്ജുള്ള തമോഗർത്തങ്ങൾ തുടങ്ങിയവക്ക് മാത്രമേ താപഗതിക പ്രകാരമുള്ള നിലനിൽക്കൽ സാധ്യമാവൂ എന്ന് തെളിഞ്ഞിട്ടുണ്ട്.

ഇത്തരം കണ്ടുപിടുത്തങ്ങൾ നാല് തമോഗർത്ത  നിയമങ്ങളിലേക്കും (laws of black hole mechanics) അതുവഴി തുറന്നേക്കാവുന്ന ക്വാണ്ടം ഗുരുത്വ സിദ്ധാന്തത്തിന്റെ വാതിലിലേക്കും വഴികൾ തെളിക്കുന്നുണ്ട്.

എന്നെങ്കിലും നാം ആ വാതിൽ തുറക്കാൻ പ്രാപ്തരാവുകയാണെങ്കിൽ ക്വാണ്ടം ഗുരുത്വത്തിന്റെ ഹൈഡ്രജൻ ആറ്റമായി അവിടെ വർത്തിക്കാൻ പോകുന്നത് നമ്മുടെ  ഈ തമോഗർത്തങ്ങൾ ആയിരിക്കും. ■

Dr. Devi Raj V.
Sree Vivekananda College, Kunnamkulam

# The Politics of Kashmir

Kashmir, often romanticised as heaven on earth is celebrated for its snow-clad mountains, emerald valleys, and postcard-perfect serenity. It is said that every season in Kashmir is beautiful, and every frame it offers is breathtaking. Yet beyond this curated beauty lies a land that has long been a witness to bloodshed, gunshots, and silence enforced by fear. What makes Kashmir so vulnerable? Why is this "heaven on earth" never truly a heaven, neither for its people nor for those who wish to know it beyond tourism brochures? And most importantly, who really gains when Kashmir bleeds?

This article is my attempt to journal my understanding of Kashmir after living there for nearly a month. Though romanticised as the "heaven on earth", Kashmir has long been portrayed as a perpetual security threat. While its picturesque landscapes dominate tourism campaigns, its political reality is marked by militarisation, surveillance, and recurring violence. Like any traveller, my initial days were filled with excitement, absorbing the landscapes, the culture, the food and the rhythm of daily life. But soon, I chose to step away from the narratives that the national media has fed us for decades. Instead I listened to the natives, to whispered conversations, to lived experiences that never make it to prime-time debates. What I heard unsettled me. The most genuine voices opened an entirely new chapter of understanding, one that questioned everything I thought I knew about Kashmir.


Would you believe that Kashmir is always under surveillance? And I am not merely referring to visible military presence or security checkpoints. Surveillance here extends into classrooms, conversations, academic spaces, and gatherings. Once, my Kashmiri roommate quietly warned me about a fellow colleague, "He is not here to study. He has other motives." I was taken aback-not by the statement alone, but by the instinctive caution behind it. I began observing more carefully, more sceptically, and then it struck me: this constant suspicion is not paranoia; it is inheritance. This is how generations of Kashmiris have been conditioned to live. Every outsider is foreign. Every conver-

sation is risky. Every opinion can be dangerous.

"We don't talk about politics, Devi. We are scared to criticise," Bhai told me bluntly. Three weeks of attending sessions at one of the country's most reputed universities without taking the political bait thrown casually into discussions felt like a herculean task. Listening to stories of survival from crackdowns, curfews, internet blackouts, and military retaliation was deeply unsettling. Yet what struck me the most was their unshakeable attachment to the land. Not a single person I spoke to expressed a desire to leave Kashmir permanently. "We won't be able to breathe outside Kashmir," my roommate said with quiet certainty.

Tourism is often described as the backbone of Kashmir's economy. Yet during my visit, international tourists were almost absent. Much like Indian tourists who hesitate after every reported attack such as the Pahalgam incident, foreign travellers too are conditioned to see Kashmir as an unsafe destination. This fear is not accidental; it is manufactured. National media, with its relentless projection of Kashmir as a perpetual war zone, has successfully branded it as hell on earth. The consequence is economic suffocation masked as national security.

"Even the beggar has a house here," a friend told me. I believe him. What surprised me was the structure of Kashmiri life with large families, traditional three-storeyed houses, eight to twelve people living under one roof. "They are still trying to figure out how we survive," Bhai remarked during our trip to Pahalgam. The abrogation of Article 370 strangled everyday life, yet Kashmiris survived prolonged



lockdowns and communication blackouts through deep-rooted community solidarity. "Nobody died of famine. They thought we would, but we didn't." That was the moment I began to sense the deeper politics of Kashmir.

Kashmir has long been reduced to a convenient scapegoat. For decades, it has been allowed perhaps required to bleed. Every time the nation approaches an election, every time the Central Government faces a legitimacy crisis or policy failure, a part of Kashmir erupts. Fear is reignited. Patriotism is rehearsed. The valley pays the price. Innocents die, security is "breached," and retaliation follows, swift, spectacular, and televised. The nation applauds.

What the applause drowns out is the Kashmiri reality of retaliation. When the rest of the country cheers missile strikes and drone attacks, there are casualties within our own borders. Attacks are often carried out in regions devoid of basic healthcare infrastructure. These deaths rarely make headlines. Numbers are hidden. Grief is localised. When my roommate described holding her three-year-old child through the night, praying that a drone would not land on their roof, I felt ashamed of every

slogan shouted in the name of nationalism. "Glory to the King," the media proclaimed. But which king is this?

The same leadership that displays muscular nationalism against Pakistan has remained conspicuously silent about China quietly and systematically encroaching upon Indian territory in Ladakh. Valleys in Leh are being occupied, borders redrawn, yet there are no prime-time debates, no chest-thumping patriotism, no dramatic retaliation. Why? Why does nationalism find its loudest voice only when the enemy is Pakistan?

Perhaps the answer lies in power dynamics. Pakistan is a weaker enemy politically, economically, militarily compared to China. It is safer to provoke, to attack, to display dominance. China, on the other hand, demands diplomatic restraint, economic caution, and strategic silence. And so, patriotism becomes selective. Kashmir becomes expendable.

On my return from Kashmir, Bhai dropped me at the airport. Before leaving, he handed me a book, 'The Hanging of Afzal Guru' by Arundhati Roy. Lowering his voice, he said, "Keep it inside your bag. Don't pull it out until you leave Kashmir. This book is banned here." In that moment, a simple exchange acquired the weight of illegality. I felt, for the first time, like I was smuggling knowledge.

The moment I boarded the flight and fastened my seatbelt, I pulled the book out and began reading. Roy's incisive narrative revisits the events surrounding the 2001 attack on the Indian Parliament, an incident officially framed as an assault on Indian democracy itself. Yet Roy meticulously exposes the fragility of the legal process that followed. Despite contradictions, fabricated evidence, and confessions extracted under questionable circumstances, Mohammed Afzal Guru was sentenced to death and executed on February 9, 2013. The justification offered was not juridical certainty but the need to satisfy the "collective conscience" of society.

Roy's critique is devastating in its clarity. The invocation of "collective conscience" signals a departure from constitutional principles toward populist sentiment. Justice, in this case, was not grounded in incontrovertible evidence but in the symbolic requirement of punishment. Roy concludes that Afzal Guru's execution was not merely a legal act but a political one, one that decisively established the 'Otherness of Kashmiri' within the Indian political imagination.

Reading the book, gifted by a Kashmiri who himself had learned the cost of speaking too openly, I began to retrospectively understand the silences I had encountered throughout my stay. The guarded conversations, the reluctance to articulate political opinions, the strategic quietness, these were not expressions of apathy but survival strategies within a nation that constitutionally claims secularism and democracy, yet routinely suspends both in Kashmir.

Roy's analysis enabled me to connect lived experience with historical pattern. Kashmir, as she notes, has repeatedly been treated as a "trusted old political football," kicked about with careful timing to serve electoral interests and nationalist posturing (Roy, 2016). The timing of Afzal Guru's execution, like many other decisive interventions in Kashmir, appeared deliberate, aligned with political necessity rather than judicial finality.

Suddenly, everything made sense. The persistent surveillance, the fear of dissent, the banning of books, and the criminalisation of alternative narratives are not aberrations; they are systemic. They reveal a state that demands unquestioning loyalty while denying full political belonging. In such a context, silence becomes a rational choice, and survival itself becomes a form of resistance.

It underscored a troubling truth: Kashmir's marginalisation is not accidental but institutionalised, produced through law, media, and policy. The hanging of Afzal Guru, the abrogation of Article 370, and the continued suppression of dissent are not isolated events but interconnected mechanisms within a broader political project. They reinforce Kashmir's status as an internal "other," essential for sustaining a selective nationalism that thrives on spectacle rather than justice.

In reflecting on this final moment of my journey, I realised that understanding Kashmir requires more than empathy; it demands critical engagement with the legal and political frameworks that govern it. Until India confronts the ethical contradictions embedded in its Kashmir policy, between democracy and domination, integration and exclusion. Kashmir will remain suspended between belonging and erasure.

The politics of Kashmir, then, is not merely about land or borders. It is about control, narrative, and convenience. It is about using a people's suffering to consolidate power elsewhere. Until this truth is confronted, Kashmir will continue to bleed not because it is inherently violent, but because it has been made useful that way.

■

ഡോ. വിവേക് ജേക്കബ്ബ് അബ്രഹാം
കാത്തലിക്കേറ്റ് കോളേജ്, പത്തനംതിട്ട

# അശാന്തി, വഞ്ചന, പരിരക്ഷയിലെ അരക്ഷിതത്വം :

## ജനങ്ങളുടെ അവകാശങ്ങളും രാജ്യത്തിന്റെ സുരക്ഷയും അപകടത്തിലാക്കുന്ന മോദിസർക്കാരിന്റെ വികസിത് ഭാരത് നിയമങ്ങൾ

2026 പുതു വർഷത്തിന്റെ ആരംഭത്തിൽ, ഹിന്ദുത്വ രാഷ്ട്രീയ പദ്ധതിയുടെ ഏകശിലാരൂപമുള്ള ഒരേ തരം പൗരൻമാരെയും വിദ്യാർത്ഥികളെയും ജനങ്ങളെയും തൊഴിലാളികളെയും വാർത്തെടുത്തു നിർമ്മിക്കുന്ന വികസിത ഭാരതത്തിനു വേണ്ടിയുള്ള നിയമ നിർമ്മാണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് കേന്ദ്രസർക്കാർ. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ 'വികസന'ത്തിന്റെ പേരിൽ മോദി സർക്കാർ നടപ്പാക്കിയ നിയോലിബറൽ നയങ്ങൾ ഒരു ക്രൂരമായ യാഥാർത്ഥ്യമായി മാറിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികത്തിലേക്ക് നീങ്ങുന്ന ഭാരതം, ക്യാപിറ്റലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ പ്രതിസന്ധികളുടെ ഭാരം തൊഴിലാളിവർഗത്തിന്റെ ചുമലിലേറ്റി വാങ്ങുകയാണ്. സസ്റ്റെയ്നബിൾ ഹാർനസിങ് ആൻഡ് അഡ്വാൻസ്മെന്റ് ഓഫ് ന്യൂക്ലിയർ എനർജി ഫോർ ട്രാൻസ്ഫോർമിങ് ഇന്ത്യ (ശാന്തി) ബിൽ, വികസിത് ഭാരത്—ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമിൻ) (വിബി-ജി റാം ജി) ആക്ട്, ഇൻഷ്വറൻസ് മേഖലയിലെ 100% വിദേശ നിക്ഷേപം അനുവദിക്കുന്ന ഭേദഗതികൾ, നാല് തൊഴിൽ കോഡുകൾ എന്നിവയാണ് ഈ നയങ്ങളുടെ പ്രധാന ഉദാഹരണങ്ങൾ. ഈ നിയമങ്ങൾ 'വികസന'ത്തിന്റെ മുഖംമൂടിയണിഞ്ഞ് തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുകയും, പൊതുമുതൽ സ്വകാര്യ മൂലധനത്തിന് വിറ്റഴിക്കുകയും ചെയ്യുന്നു.

ഭരണകൂടത്തിന്റെ വർഗ്ഗസ്വഭാവം ഏറ്റവും വ്യക്തമായി പ്രകടമാകുന്നത് നിയമനിർമ്മാണത്തിലൂടെയാണ്. തൊഴിലാളിയുടെ വേതനം, ജോലി, സുരക്ഷ, സാമൂഹ്യസുരക്ഷ എന്നിവ 'ചെലവായി' കാണപ്പെടുമ്പോൾ, കോർപ്പറേറ്റ് ലാഭം 'ദേശീയ താൽപ്പര്യമായി' ഉയർത്തിക്കാട്ടപ്പെടുന്നു. ഇതാണ് ഇന്നത്തെ ഇന്ത്യൻ ഭരണകൂടത്തിന്റെ രാഷ്ട്രീയ സ്വഭാവം. ഈ നിയമങ്ങൾ ഒറ്റപ്പെട്ടതല്ല; അവ മൂലധനവാദത്തിന്റെ ഘടനാപരമായ പ്രതിസന്ധിക്ക് ഭരണകൂടം നൽകുന്ന മറുപടികളാണ്.തൊഴിലുറപ്പ് പദ്ധതി പൊളിച്ചെഴുത്ത്, ആണവ മേഖലയിൽ സ്വകാര്യ നിക്ഷേപം, ഇൻഷ്വറൻസ് മേഖലയിൽ 100 ശതമാനം വിദേശനിക്ഷേപത്തിന് അനുമതി നൽകൽ എന്നീ സുപ്രധാന ബില്ലുകളാണ് അപ്പം ചുട്ടെടുക്കുന്ന



വേഗത്തിൽ ലോകസഭയും രാജ്യസഭയും കടന്നത്. ഭേദഗതികളൊന്നും പരിഗണിച്ചില്ലെന്ന് മാത്രമല്ല, ബില്ലുകൾ സെലക്റ്റ് കമ്മിറ്റിക്ക് വിടണമെന്ന ഇടതുപക്ഷത്തിന്റെ ആവശ്യവും തള്ളിയാണ്, മൂന്നു മേഖലയുടേയും അലകും പിടിയും മാറ്റുന്ന ബില്ലുകൾ പാസാക്കിയത്. പാതിരാവിൽ പാസാക്കിയ ബില്ലുകൾ, അപ്പോൾ തന്നെ പ്രത്യേക ദൂതൻ രാഷ്ട്രപതി ഭവനിലെത്തിക്കുകയും നിയമമാക്കിയെടുക്കുകയും ചെയ്തു.

### സബ് നഹീ ബീമാ, സബ് നഹീ രക്ഷ

എല്ലാവർക്കും ഇൻഷുറൻസ് എന്ന കേന്ദ്രനയത്തിന്റെ ഭാഗമാണ് പാർലമെന്റ് പാസാക്കിയ ഇൻഷുറൻസ് ഭേദഗതി ബിൽ (സബ് കാ ബീമ, സബ് കീ രക്ഷാ ബിൽ, 2025). എല്ലാവർക്കും ഇൻഷുറൻസ്, എല്ലാവർക്കും സംരക്ഷണം എന്നാണ് ഈ പേരിന്റെ അർഥം. ഇൻഷുറൻസ് ഭേദഗതി ബിൽ (Insurance Amendment Bill) പ്രധാനമായും ലക്ഷ്യമിടുന്നത് ഇൻഷുറൻസ് മേഖലയെ ആധുനികവൽക്കരിക്കുക, കവറേജ് വർദ്ധിപ്പിക്കുക, റെഗുലേറ്ററി സംവിധാനം മെച്ചപ്പെടുത്തുക എന്നിവയാണ്; ഇതിലെ പ്രധാന മാറ്റങ്ങൾ ഇൻഷുറൻസിൽ 100% വരെ വിദേശനിക്ഷേപം (FDI) അനുവദിക്കുന്നു

നൂറു ശതമാനം വിദേശനിക്ഷേപം ഇൻഷൂറൻസ് രംഗത്ത് അനുവദിക്കണമെന്നത് ദീർഘനാളായി അമേരിക്ക ഉന്നയിക്കുന്ന ആവശ്യമാണ്. United health group, Berkshire Hathaway, Prudenitial Financial, MetLife പോലുള്ള അമേരിക്കൻ ഇൻഷൂറൻസ് കുത്തകകൾ ഇതിനകം തന്നെ തദ്ദേശീയ പങ്കാളിത്തത്തോടെ ഇന്ത്യയിലെത്തിയിട്ടുണ്ട്. ഇവ നൂറു ശതമാനം നിക്ഷേപം നടത്തുന്നത്, രാജ്യത്ത് ലാഭകരമായി പ്രവർത്തിക്കുന്ന വൻ വിശ്വാസ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ LIC, GIC, New India പോലുള്ള സ്ഥാപനങ്ങളെ ലക്ഷ്യമിട്ടാണ്. വിദേശ കമ്പനികൾക്ക് ഇനി വളരെ എളുപ്പത്തിൽ പൊതുമേഖലാ കമ്പനികളുടെ ഓഹരി വാങ്ങാനും നിയന്ത്രണം ഏറ്റെടുക്കാനും കഴിയും. സാമൂഹിക പ്രതിബദ്ധത ഒട്ടുമില്ലാത്ത, ലാഭം കൂടുതൽ ലാഭം എന്നത് മാത്രമാണ് വിദേശ കമ്പനികളുടെ മോട്ടോ. സാധാരണക്കാരന്റെ തുച്ഛമായ നിക്ഷേപത്തേക്കാൾ അവർക്ക് താല്പര്യം വലിയ സമ്പന്നരുമായുള്ള ഇടപാടുകളാണ്. ലൈഫ് / ജനറൽ ഇൻഷൂറൻസ് മേഖലയിൽ മാത്രമല്ല ആരോഗ്യ ഇൻഷൂറൻസ് രംഗത്തും വലിയ ചൂഷണത്തിന് സൗകര്യമൊരുക്കുകയാണ് സർക്കാർ. പുതിയ ഇൻഷുറൻസ് നിയമ ഭേദഗതി ബിൽ സാമൂഹ്യ സുരക്ഷ കോർപ്പറേറ്റ് താൽപര്യങ്ങൾക്കായി തുറന്നു കൊടുക്കുന്നു. സ്വകാര്യമേഖലയ്ക്ക് ഇൻഷുറൻസ്

തുറന്നു കൊടുക്കുന്നതോടുകൂടി എൽഐസി, ജനറൽ ഇൻഷുറൻസ് തുടങ്ങിയ പൊതുപൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നത് മാത്രമല്ല ഇൻഷുറൻസ് രംഗത്ത് ഉണ്ടായിരുന്ന പാർലമെൻററി മേൽനോട്ടത്തെയും നിയന്ത്രണ സംവിധാനങ്ങളെയും ആകെ തകർക്കുന്നു. എല്ലാവർക്കും പരിരക്ഷ എല്ലാവർക്കും സംരക്ഷണം എന്നത് കേവലം വാചാടോപം മാത്രമാവുകയും എല്ലാം സ്വകാര്യ കുത്തക കമ്പനികൾക്ക് ലാഭം ഉണ്ടാക്കുന്നതിന് വേണ്ടി മാറ്റപ്പെടുകയും ചെയ്യുന്നു. ഭാവിയിലെ അനിശ്ചിതത്വം അതിജീവിക്കാനുള്ള സുരക്ഷയാണ് ഇൻഷുറൻസ്. കാര്യക്ഷമതയും പ്രവർത്തന മികവും രാഷ്ട്ര നന്മയും ജനക്ഷേമവും  ഒത്തിണക്കി പൊതുമേഖല കൈകാര്യം ചെയ്യുന്ന ഇൻഷുറൻസ് വ്യവസായത്തിൽ 100% വിദേശ പങ്കാളിത്തം അനുവദിക്കാനുള്ള നിയമം രാഷ്ട്ര താല്പര്യത്തിനെതിരാണ്, അത് ജനവിരുദ്ധമാണ്.  ആഗോള കുത്തകരുടെ താൽപര്യത്തിനു വേണ്ടി ഇന്ത്യൻ കമ്പോളത്തെ അവർക്കായി സമർപ്പിക്കുക എന്നത് മാത്രമാണ് ഈ നിയമത്തിന്റെ ലക്ഷ്യം. ഇപ്പോൾ തന്നെ ആരോഗ്യരംഗത്തെ ചികിത്സ, പരിരക്ഷ എന്നിവ ഇൻഷുറൻസ് ബന്ധിതമാണ്. ആശുപത്രി ഇൻഷുറൻസ് ബാന്ധവം വലിയതോതിൽ ആരോഗ്യ പരിരക്ഷയെയും ചികിത്സയെയും സ്വാധീനിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. അവിടേക്ക് ആഗോള കുത്തകകൾ കടന്നു വരുമ്പോൾ തങ്ങളുടെ ലാഭം ബലി കഴിച്ചുള്ള ഒരു ഇടപാടിനും അവർ സന്നദ്ധമാകില്ല, ഇത് മനുഷ്യർക്ക് ചികിത്സ നിഷേധിക്കുന്നതിന് കാരണമാകും. ഉപാധികളില്ലാത്ത സ്നേഹവും അനുകമ്പയും നിറഞ്ഞൊഴുകേണ്ട രംഗത്ത് വിദേശ മൂലധനം സ്വാധീനം ചെലുത്തുമ്പോൾ മനുഷ്യന്റെ ആരോഗ്യം പോലും ഇല്ലാതാക്കപ്പെടും.

> **2014ൽ  മോദി സർക്കാർ അധികാരമേറ്റത് മുതൽ തൊഴിലുറപ്പ് പദ്ധതി നിർത്തലാക്കാൻ ശ്രമിക്കുകയാണ്അതിന്റെ പരിസമാപ്തിയാണ് മോദി സർക്കാർ കൊണ്ടുവന്ന പുതിയ നിയമം തൊഴിലവകാശങ്ങൾ ഇല്ലാതാക്കുക മാത്രമല്ല കേന്ദ്രം നിശ്ചയിക്കുന്ന പ്രദേശങ്ങളിൽ മാത്രമായി പദ്ധതി ചുരുക്കുകയും ആണ് ദാരിദ്ര്യം മാനദണ്ഡമായി കണ്ടുകൊണ്ടുള്ള പ്രദേശങ്ങളെ കേന്ദ്രസർക്കാർ നിർണ്ണയിക്കുമ്പോൾ അവിടങ്ങളിൽ മാത്രമായി പദ്ധതി ചുരുക്കുകയും കേരളം പോലുള്ള സംസ്ഥാനങ്ങൾ പദ്ധതിക്ക് പുറത്താവുകയും ചെയ്യും.**

## അശാന്തി വിതയ്ക്കുന്ന ശാന്തി നിയമം

രാജ്യത്തെ ആകമാനം ആശങ്കയിലാഴ്ത്തിക്കൊണ്ട് കേന്ദ്ര സർക്കാർ സസ്റ്റെയിനബിൾ ഹാർനെസിംഗ് ആൻഡ് അഡ്വാൻസ്മെന്റ് ഓഫ് ന്യൂക്ലിയർ എനർജി ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ (SHANTI) ബിൽ, 2025ൽ തിടുക്കപ്പെട്ട് പാസാക്കിയിരുന്നു. ഉത്തരവാദപ്പെട്ട പാർലമെൻററി സമിതികളുടെയോ വിദഗ്ധരുടെയോ ജനങ്ങളുടെയോ തലത്തിൽ ഒരു ചർച്ചയും നടത്താതെയാണ് ഈ നിയമം പാസാക്കിയിരിക്കുന്നത് . ആണവ മേഖലയെ പൂർണ്ണമായും പൊതു മേഖലയിൽ നിലനിർത്തിയ അറ്റോമിക് എനർജി ആക്ട് 1962,  പരിമിതമായെങ്കിലും നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന സിവിൽ ലയബിലിറ്റി ഫോർ ന്യൂക്ലിയർ ഡാമേജ് ആക്ട് 2010 എന്നിവ  റദ്ദ് ചെയ്തു കൊണ്ടാണ് സ്വകാര്യ ബഹു രാഷ്ട്ര കോർപ്പറേഷനുകൾക്ക് അനേകം സൗജന്യങ്ങൾ അനുവദിക്കുന്നതും ആണവ അപകടത്തിന്റെ സാമ്പത്തിക ബാധ്യതകളിൽ നിന്ന് അവരെ മുക്തരാക്കുന്നതുമായ ശാന്തി നിയമം മോദി സർക്കാർ പാസാക്കിയിരിക്കുന്നത്. ഈ ബില്ല് നിയമമായതോടുകൂടി ഇന്ത്യൻ ആണവമേഖല അമേരിക്കൻ സമ്മർദ്ദത്തിന് വഴങ്ങി പൂർണമായും തുറന്നുകൊടുക്കുന്ന സാഹചര്യം സംജാതമായിരിക്കുന്നു .മാത്രമല്ല രാജ്യം അതീവ ശ്രദ്ധയോടെ രൂപകല്പന ചെയ്ത ആണവ സുരക്ഷ സംവിധാനങ്ങളെയാകമാനം തകർക്കുകയും ചെയ്യുന്നു.

നിലവിലുണ്ടായിരുന്ന ആണവോർജ്ജ നിയമം (Atomic Energy Act) ആണവോർജ്ജത്തിന്റെ വിനാശകരമായ അപകടസാധ്യതകൾ കണക്കിലെടുത്ത്  ആണവ പദ്ധതികൾക്കു മേൽ കർശനമായ പൊതു നിയന്ത്രണം ഉറപ്പാക്കിയിരുന്നു. എന്നാൽ SHANTI ബിൽ നടപ്പിൽ വരുമ്പോൾ അത് ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ലൈസൻസിംഗ് സംവിധാനങ്ങളിലേക്കു ആണവ മേഖല മാറുന്നതിനും അത് വഴി ആണവശൃംഖലയുടെ സുപ്രധാന ഭാഗങ്ങൾ സ്വകാര്യമേഖലക്ക് തുറന്നു കൊടുക്കുന്നതിനും ഇടയാക്കും. ഇപ്രകാരം ആണവോർജ്ജമേഖല സ്വകാര്യവൽക്കരിക്കപ്പെടുന്നതോടെ അത് മൂലം സംഭവിക്കാവുന്ന മുഴുവൻ അപകട സാധ്യതകളും രാജ്യത്തിന്റെയും ജനങ്ങളുടെയും   മേൽ ചുമത്തപ്പെടുന്നു. ആണവ ഇന്ധന ചക്രത്തിന്റെ ഭൂരിഭാഗവും സ്വകാര്യവൽക്കരിക്കുക എന്ന സാഹചര്യത്തിൽ രാജ്യത്ത് ആണവ അപകടം ഉണ്ടായാൽ നൽകേണ്ട ബാധ്യത സംരക്ഷണം ഇല്ലാതാവുന്നു എന്നുള്ളത് വലിയ ഭീഷണിയാണ്. ഊർജ്ജ പുരോഗതിയുടെ മറവിൽ പൊതുജന സുരക്ഷയെയും സാമ്പത്തിക സ്ഥിരതയെയും ദേശീയ സുരക്ഷയെയും ഈ നിയമം അപകടത്തിൽ ആക്കുന്നു. ഈ നിയമം ആണവ സാമ്പത്തിക ദുരന്തം വിളിച്ചു വരുത്തുന്നു. ഭോപ്പാൽ ദുരന്തത്തിന്റെ അനുഭവത്തിൽ നിന്ന് പഠിച്ച സുരക്ഷാ കവചങ്ങളെ ഈ നിയമം തകർക്കുന്ന അപകടമുണ്ടാ



യാൽ കോർപ്പറേറ്റ് കമ്പനികളെ സംരക്ഷിക്കാനും അതിന്റെ സാമ്പത്തിക ബാധ്യത നികുതി ദായകരെ അടിച്ചേൽപ്പിക്കാനുമാണ് കേന്ദ്ര സർക്കാരിന്റെ നീക്കം ഇടയാക്കുക. ഉപകരണങ്ങളും സേവനങ്ങളും നൽകുന്ന വിദേശ കമ്പനികളെ അപകടബാധ്യതകളിൽ നിന്ന് പൂർണമായും ഒഴിവാക്കുന്നത് സുരക്ഷാ മാനദണ്ഡങ്ങളേക്കാൾ ലാഭത്തിനു മുൻഗണന നൽകാൻ കമ്പനികളെ പ്രേരിപ്പിക്കും. ചെർണോബിൽ, ഫുകുഷിമ ദുരന്തങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ഈ ബില്ലിലെ വ്യവസ്ഥകൾ എത്രമാത്രം മനുഷ്യ ദ്രോഹപരമാണെന്ന് കണ്ടെത്താൻ കഴിയും. ആണവ അപകടമുണ്ടായാൽ അത് രാജ്യത്തെ സമൂലം നശിപ്പിക്കും ആണവ നിലയത്തിൽ ചോർച്ച ഉണ്ടായാൽ കിലോമീറ്റർ കണക്കിന് ചുറ്റളവിലുള്ള ദശലക്ഷക്കണക്കിന് ജനങ്ങളെ ഒഴിപ്പിക്കേണ്ടി വരും മാത്രമല്ല ആ പ്രദേശങ്ങളിലെ കൃഷി, മത്സ്യബന്ധനം, വ്യവസായങ്ങൾ, ടൂറിസം തുടങ്ങിയവ പൂർണമായും തകരും, റേഡിയേഷൻ മൂലം ഉണ്ടാകുന്ന രോഗങ്ങളുടെ ചികിത്സാ ചെലവ്, തലമുറകളായി ഉണ്ടാകുന്ന ജനിതക വൈകല്യങ്ങൾ. 80 വർഷത്തിനു ശേഷവും ഹിരോഷിമ അണുബോംബിന്റെ ആരോഗ്യപ്രശ്നങ്ങൾ അവസാനിക്കാത്ത ഒരു കാലഘട്ടത്തിൽ ആണവ ദുരന്തത്തിന്റെ പ്രശ്നങ്ങൾക്ക് 20 വർഷത്തെ പരിഗണന നൽകുക എന്നുള്ളത് സ്വന്തം ജനതയെ കൊലയ്ക്ക് കൊടുക്കുന്നതിനു സമാനമാണ്

ശാന്തി നിയമം (SHANTI ) ജനാധിപത്യപരമായ ഉത്തരവാദിത്വങ്ങളെ ദുർബലപ്പെടുത്തുകയും രാജ്യത്തിന് പരമാധികാരത്തെ പണയപ്പെടുത്തുകയും ചെയ്യുന്നു. ശാന്തിയുടെ പേരിൽ രാജ്യത്തെ ജനങ്ങളുടെ ജീവിതത്തിൽ അശാന്തി പടർത്തുന്ന ഒന്നായി മാറുന്നു. ഒന്നാം യു പി എ കാലഘട്ടത്തിൽ ഇന്തോ – അമേരിക്ക ആണവകരാറിനെതിരെ ഇടതുപക്ഷം സ്വീകരിച്ച നിലപാടിന് കൂടുതൽ തെളിച്ചമേറുകയാണ്. അതിന്റെ അർത്ഥത്തിന്റെ പ്രസക്തിയും വർദ്ധിക്കുന്നു.

## ഗാന്ധിയെ കൊന്ന് റാം ജി ജനിച്ചു

ബിജെപി നാളിതുവരെ പാസ്സാക്കിയ ജനവിരുദ്ധമായ നിയമങ്ങൾ പോലെയല്ല പാർലമെന്റിൽ പാസ്സാക്കിയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ നിയമം. ഗ്രാമീണ ജനതയുടെ മുഖ്യ ജീവിതോപാധികളിൽ ഒന്നിനെയാണ് അട്ടിമറിച്ചത്. Mahatma Gandhi National Rural Employment Guarantee Act എന്നത് മാറ്റി viksit Bharat Guarantee For Rozgar and

Ajeevika Mission (Gramin) Act എന്നാക്കിയത് കേവലമൊരു പേര് മാറ്റം മാത്രമല്ല. ഗാന്ധിയുടെ പേര് വെട്ടിമാറ്റിയതിലൂടെ കൃത്യമായ സൂചനയാണ് സംഘ്പരിവാർ നൽകുന്നത്. ഇന്ത്യയെ ഹിന്ദു രാഷ്ട്രമായി നിർവചിക്കുമ്പോൾ ആദ്യം വെട്ടിമാറ്റേണ്ടതിൽ പ്രധാനപ്പെട്ടത് ഗാന്ധിയൻ മൂല്യങ്ങളാണ്. തൊഴിലുറപ്പ് പദ്ധതിയിലെ പേരുമാറ്റം ആ ദിശയിലേക്കുള്ള പരീക്ഷണമാണ്. സ്വരാജ് എന്ന ഗാന്ധിയൻ സങ്കല്പം സംഘപരിവാറിന്റെ ഏക ചില രാഷ്ട്ര സങ്കൽപ്പത്തിന് എന്നും വെല്ലുവിളിയായിരുന്നു അതു കൊണ്ടുതന്നെ ഗാന്ധിയെ പൂർണ്ണമായും മായ്ച്ചു കളയുക എന്ന അജണ്ട തുടർന്നുകൊണ്ടേയിരിക്കും.

പുതിയ തൊഴിലുറപ്പ് നിയമത്തിന്റെ ഘടനയിലേക്ക് വരുമ്പോൾ രാജ്യത്തെ കോടിക്കണക്കിനു മനുഷ്യരുടെ നിത്യജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളുടെ മാറ്റം കൂടി ഉണ്ടതിൽ. ഈ പുതിയ നിയമം ഗ്രാമീണ മനുഷ്യരുടെ ജീവിതത്തിൽ ഉണ്ടാക്കാൻ പോകുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്. 90 കളുടെ തുടക്കത്തിൽ കോൺഗ്രസ്സ് പാർട്ടി നടപ്പിലാക്കിയ ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി ഇന്ത്യൻ കാർഷിക മേഖല അപ്പാടെ തകരുകയും അതിനെ ആശ്രയിച്ച് ജീവിച്ചിരുന്ന കർഷക തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും വരുമാനം നിലക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് ഇടതുപക്ഷത്തിന്റെ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായി ഗ്രാമീണ തൊഴിലുറപ്പ് നിയമം കൊണ്ടു വരുന്നത്. ആ നിയമത്തെയാണ് ഇപ്പോൾ കേന്ദ്ര സർക്കാർ വൻകിട ഭൂഉടമകൾക്കും കർഷക മുതലാളിമാർക്കും വേണ്ടി മാറ്റിയിരിക്കുന്നത്.

തൊഴിലുറപ്പ് നിയമം മുഖ്യമായും തൊഴിലാളികൾക്ക് 10 അവകാശങ്ങൾ നൽകിയിരുന്നു. തൊഴിൽ കാർഡിനായി അപേക്ഷിച്ചാൽ രണ്ടാഴ്ചക്കകം കാർഡ്, തൊഴിൽ ആവശ്യപ്പെട്ടാൽ രണ്ടാഴ്ച്ചയ്ക്കകം തൊഴിൽ, തൊഴിലെടുത്താൽ രണ്ടാഴ്ച്ചയ്ക്കകം കൂലി, കൂലി വൈകിയാൽ പിഴപ്പലിശ, ജോലി നൽകിയില്ലെങ്കിൽ തൊഴിൽരഹിത വേതനം, തൊഴിലിടങ്ങളിൽ അപകടം ഉണ്ടായാൽ സൗജന്യ ചികിത്സ, തൊഴിലിടങ്ങളിലെ അപകട മരണത്തിന് രണ്ട് ലക്ഷം രൂപ കുടുംബത്തിന് സഹായം, തൊഴിൽ കണ്ടെത്തി നൽകാനുള്ള അവകാശം ഉൾപ്പെടെയുള്ളവ ഉറപ്പുവരുത്തിയത് കൊണ്ടാണ് ഇതിനെ ഒരവകാശ നിയമമായി പരിഗണിച്ചത് എന്നാൽ മോദി സർക്കാരിന്റെ പുതിയ നിയമം ഈ അവകാശങ്ങളെ ആകെ അട്ടിമറിക്കുന്ന കേന്ദ്രസർക്കാരിന്റെ ഔദാര്യമായി ഈ നിയമവ്യവസ്ഥ മാറ്റപ്പെടുന്നു.

**നിലവിലുണ്ടായിരുന്ന ആണവോർജ്ജ നിയമം (Atomic Energy Act) ആണവോർജ്ജത്തിന്റെ വിനാശകരമായ അപകടസാധ്യതകൾ കണക്കിലെടുത്ത് ആണവ പദ്ധതികൾക്കു മേൽ കർശനമായ പൊതു നിയന്ത്രണം ഉറപ്പാക്കിയിരുന്നു. എന്നാൽ SHANTI ബിൽ നടപ്പിൽ വരുമ്പോൾ അത് ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ലൈസൻസിംഗ് സംവിധാനങ്ങളിലേക്കു ആണവമേഖല മാറുന്നതിനും അത് വഴി ആണവശ്യംഖലയുടെ സുപ്രധാന ഭാഗങ്ങൾ സ്വകാര്യമേഖലക്ക് തുറന്നു കൊടുക്കുന്നതിനും ഇടയാക്കും.**

2014ൽ മോദി സർക്കാർ അധികാരമേറ്റത് മുതൽ തൊഴിലുറപ്പ് പദ്ധതി നിർത്തലാക്കാൻ ശ്രമിക്കുകയാണ്. അതിന്റെ പരിസമാപ്തിയാണ് മോദി സർക്കാർ കൊണ്ടുവന്ന പുതിയ നിയമം തൊഴിലവകാശങ്ങൾ ഇല്ലാതാക്കുക മാത്രമല്ല കേന്ദ്രം നിശ്ചയിക്കുന്ന പ്രദേശങ്ങളിൽ മാത്രമായി പദ്ധതി ചുരുക്കുകയും ആണ്. ദാരിദ്ര്യം മാനദണ്ഡമായി കണ്ടുകൊണ്ടുള്ള പ്രദേശങ്ങളെ കേന്ദ്രസർക്കാർ നിർണ്ണയിക്കുമ്പോൾ അവിടങ്ങളിൽ മാത്രമായി പദ്ധതി ചുരുക്കുകയും കേരളം പോലുള്ള സംസ്ഥാനങ്ങൾ പദ്ധതിക്ക് പുറത്താവുകയും ചെയ്യും. തൊഴിലാളികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തൊഴിൽ ലഭ്യമാക്കാനുള്ള ചുമതല ഗ്രാമപഞ്ചായത്തുകൾക്കായിരുന്നു. ആ നിയമം പൂർണ്ണമായും ഇല്ലാതാക്കുകയും കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന് അടിസ്ഥാനത്തിൽ മാത്രം പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യുന്ന സാഹചര്യം സംജാതമാകും. 2025 നവംബർ 21 നടപ്പിലാക്കിയ തൊഴിൽക്കോഡ് നിയമങ്ങളുടെ തുടർച്ചയാണ് തൊഴിലുറപ്പ് പദ്ധതിയിൽ വരുത്തിയ മാറ്റം നവലിബറൽ സാമ്പത്തിക നയങ്ങളുടെ ഭാഗമായി മൂലധന ഉടമകൾക്ക് തൊഴിലാളികളെ പരമാവധി കുറഞ്ഞ കൂലിക്ക് ലഭ്യമാക്കുക എന്നതാണ് ഈ നിയമത്തിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യത്തിന് തടസ്സമായിരുന്നത് നിലവിലിരുന്ന 29 തൊഴിൽ നിയമങ്ങളും മിനിമം കൂലിയിൽ 100 ദിവസത്തെ ജോലി ഉറപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയും ആണ്.

പുതിയ നിയമത്തിൽ തൊഴിൽ ദിനങ്ങൾ കൂട്ടി 125 ആക്കിയിട്ടുണ്ട് എന്നാണ് കേന്ദ്രം പറയുന്നത്. തൊഴിൽ തന്നെ ഉറപ്പില്ലാത്തതായി മാറുമ്പോൾ 125 തൊഴിൽ ദിനം എന്നത് തട്ടിപ്പായി മാറും. പദ്ധതിക്കായി കേന്ദ്രം വഹിക്കേണ്ട വിഹിതം 30 % കുറച്ച് തൊഴിൽ ദിനം കൂട്ടുന്നത് കാര്യങ്ങൾ മെച്ചപ്പെടണം എന്ന് ആത്മാർത്ഥത ഇല്ലെന്നതിന്റെ തെളിവാണ്. മാത്രവുമല്ല കഴിഞ്ഞ രണ്ടു വർഷത്തെ കണക്കെടുത്താൽ ഏതാണ്ട് 7 % കുടുംബങ്ങൾക്ക് മാത്രമാണ് രാജ്യത്ത് നൂറു തൊഴിൽ ദിനങ്ങൾ ലഭിച്ചിരുന്നത്. അതുകൊണ്ട് തന്നെ ബിജെപി ഭരണത്തിൽ 125

തൊഴിൽ ദിനം എന്നത് കടലാസ്സിൽ മാത്രം ഒതുങ്ങുന്ന ഒന്നാണ്.

ജി.എസ്.ടി യുടെ വരവോടു കൂടി സംസ്ഥാന സർക്കാരിന്റെ തനതായ വരുമാനം എന്നത് വളരെ തുച്ഛമാണ്. നികുതി മുഴുവനും പിരിച്ചെടുക്കുന്നത് കേന്ദ്ര സർക്കാരാണ്. ഈ സാഹചര്യത്തിലാണ് പുതിയ നിയമപ്രകാരം തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്ര വിഹിതം 60 % ആക്കി കുറച്ചത്. നേരത്തെ ഇത് 90 % ആയിരുന്നു. ഇതുവഴി തങ്ങൾക്ക് ഇഷ്ടമില്ലാത്ത സർക്കാരുകൾക്ക് മുകളിൽ തൊഴിലുറപ്പ് പദ്ധതി വിഹിതത്തിന്റെ പേരിൽ കേന്ദ്ര സർക്കാരിന് പലവിധ സമ്മർദ്ദം ചെലുത്താൻ കഴിയും. കേന്ദ്ര ധന കമ്മീഷൻ ചെയ്യുന്നതുപോലെ സാമൂഹ്യവികസനം മാനദണ്ഡങ്ങളുടെ പേര് പറഞ്ഞു അതിൽ മുന്നിൽ നിൽക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം പരമാവധി കുറച്ചു നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ആണ് പുതിയ വി ബി ജി റാം ജി പദ്ധതിയിലുള്ളത്. ഫലത്തിൽ ഈ പദ്ധതിയെ കേന്ദ്ര സർക്കാർ പൊളിക്കും.

കാർഷിക വിളവെടുപ്പ് കാലം സംസ്ഥാനങ്ങൾ 60 ദിവസത്തോളം തൊഴിലുറപ്പ് പദ്ധതി നടത്താൻ പാടില്ലെന്ന വ്യവസ്ഥയാണ് ഈ ബില്ലിലെ ഏറ്റവും അപകടകരമായ മറ്റൊന്ന്. ഈ കാലയളവിൽ തൊഴിലുറപ്പ് പണി ഉണ്ടാവില്ല. കാർഷിക വിളവെടുപ്പുകൾക്ക് തൊഴിൽ ശക്തി ഉറപ്പുവരുത്താനാണ് ഇങ്ങനെയൊരു വ്യവസ്ഥ എന്നാണ് സർക്കാർ വാദം. കുറഞ്ഞ കൂലിക്ക് കർഷക തൊഴിലാളികളെ ചൂഷണം ചെയ്യാൻ ഉത്തരേന്ത്യയിലെ വൻകിട ഭൂവുടമകൾക്ക് ഒരു തടസ്സമായിരുന്നു തൊഴിലുറപ്പ് പദ്ധതി. തൊഴിലുറപ്പ് പദ്ധതി ഉറപ്പ് നൽകുന്ന കൂലിക്ക് മുകളിൽ നൽകിയാൽ മാത്രമേ അവർക്ക് തൊഴിലാളികളെ കിട്ടൂ. വിളവെടുപ്പ് കാലത്ത് തൊഴിലുറപ്പ് വഴിയുള്ള തൊഴിൽ ഇല്ലാതാകുന്നതോടെ കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ പണിയെടുപ്പിക്കാൻ വൻകിട കർഷകർക്ക് കഴിയും. ഫലത്തിൽ കർഷകരുടെയും തൊഴിലാളികളുടെയും താൽപര്യമല്ല കോർപ്പറേറ്റുകളുടെ ആവശ്യവും താല്പര്യവുമാണ് ഈ നിയമം ഉറപ്പുവരുത്തുന്നത്

**പരിമിതികൾക്കിടയിലും ലോകത്തിനു തന്നെ മാതൃകയായി നിന്നിരുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ചരമഗീതമാണ് പുതിയ ബില്ലിലൂടെ കേന്ദ്രം പാടുന്നത്. രാഷ്ട്ര പിതാവിനെ കുടിയിറക്കി നിലവിൽ തന്നെ പട്ടിണിയും ദാരിദ്ര്യത്തിലും അധിവസിക്കുന്ന ഗ്രാമീണ ഇന്ത്യക്കാർക്ക് ലഭിക്കുന്ന ഒരു നേരത്തെ ആഹാരത്തിൽ കൂടി മണ്ണ് വാരിയിടുകയാണ് കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ.**

പുതിയ ബില്ലിൽ വന്ന ഏറ്റവും വലിയ മാറ്റം, MGNREGA ആവശ്യാധിഷ്ഠിത പദ്ധതിയായിരുന്നെങ്കിൽ, പുതിയ നിയമം പ്രകാരം ബഡ്ജറ്റ് നിയന്ത്രിത പദ്ധതിയാണ്. ബില്ലിലെ സെക്ഷൻ 4(5) ലെ വ്യവസ്ഥകൾ പ്രകാരം ഓരോ സംസ്ഥാനത്തിനും അനുവദിക്കുന്ന ഫണ്ടിന്റെ അളവ് ഏകപക്ഷീയമായി നിർണ്ണയിക്കാൻ നിയമം കേന്ദ്ര സർക്കാരിന് അധികാരം നൽകുന്നു, അതനുസരിച്ച് അവിടെ സൃഷ്ടിക്കാൻ കഴിയുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം നിർണ്ണയിക്കപ്പെടുന്നു. ഈ മാറ്റങ്ങൾ ഏറ്റവും ദോഷകരമായി ബാധിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. കേരളത്തിൽ ആകെയുള്ള തൊഴിൽ ദിനങ്ങളിൽ 89 ശതമാനവും ജോലി ചെയ്തത് സ്ത്രീകൾ ആയിരുന്നു. ബാക്കിയുള്ളത് പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും ആയിരുന്നു. ഈ പദ്ധതിയില്ലാതാകുമ്പോൾ ദുർബല വിഭാഗങ്ങളാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. പദ്ധതിയുടെ 80 ശതമാനവും കൂലിക്കായി വകയിരുത്തുന്ന കേരളത്തെ പോലുള്ള സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് തൊഴിൽ ദിനങ്ങളുടെ വെട്ടിക്കുറവ് വലിയ പ്രതിസന്ധി സൃഷ്ടിക്കും.

സുപ്രധാനമായ വലിയ പ്രശ്നങ്ങൾ മാത്രമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഫലത്തിൽ പരിമിതികൾക്കിടയിലും ലോകത്തിനു തന്നെ മാതൃകയായി നിന്നിരുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ചരമഗീതമാണ് പുതിയ ബില്ലിലൂടെ കേന്ദ്രം പാടുന്നത്. രാഷ്ട്രപിതാവിനെ കുടിയിറക്കി നിലവിൽ തന്നെ പട്ടിണിയും ദാരിദ്ര്യത്തിലും അധിവസിക്കുന്ന ഗ്രാമീണ ഇന്ത്യക്കാർക്ക് ലഭിക്കുന്ന ഒരു നേരത്തെ ആഹാരത്തിൽ കൂടി മണ്ണ് വാരിയിടുകയാണ് കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ.ഈ എല്ലാ നിയമങ്ങളും ചേർന്ന് ഒരേയൊരു ദൗത്യമാണ് നിർവഹിക്കുന്നത് – ഇന്ത്യൻ ഭരണകൂടത്തെ കോർപ്പറേറ്റ് മൂലധനത്തിന്റെ നേരിട്ടുള്ള ഉപകരണമായി മാറ്റുക. ഇത് ഭരണഘടനാ മൂല്യങ്ങളിൽ നിന്നുള്ള പിന്മാറ്റവും, ജനാധിപത്യത്തിന്റെ ഉള്ളടക്കം ശൂന്യമാക്കുന്ന പ്രക്രിയയുമാണ്.

ചരിത്രം പഠിപ്പിക്കുന്നത്, മൂലധനവാദം തന്റെ പ്രതിസന്ധികൾ മറികടക്കുന്നത് തൊഴിലാളിവർഗത്തിന്റെ അവകാശങ്ങൾ കവർന്നു കൊണ്ടാണെന്നാണ്. അതിനാൽ ഈ നിയമങ്ങൾക്കെതിരായ പോരാട്ടം ഒരു ഒറ്റ വിഷയം അല്ല; മൂലധനവാദ– ഹിന്ദുത്വ നവലിബറൽ ആക്രമണങ്ങൾക്കെതിരായ വർഗ്ഗസമരത്തിന്റെ ഭാഗമാണ്. ഈ നിയമങ്ങൾക്കെതിരായ വിമർശനം വാക്കുകളിൽ ഒതുങ്ങേണ്ടതല്ല. തൊഴിലാളി–കർഷക–യുവജന പ്രസ്ഥാനങ്ങളുടെ സംഘടിത പ്രതിരോധം ഒന്ന് മാത്രമാണ് നവ ഫാസിസ്റ്റ് ആക്രമണങ്ങൾക്കുള്ള മറുപടി. വികസനം എന്നത് മൂലധനത്തിന്റെ വളർച്ചയല്ല, മനുഷ്യന്റെ മോചനമാണെന്ന് ഈ കാലഘട്ടത്തിൽ വീണ്ടും ഉറക്കെ പ്രഖ്യാപിക്കേണ്ട സമയമാണിത്. ■



■ സീത വിജയകുമാർ
എൻ.എസ്.എസ്. കോളേജ്, പന്തളം

# പലസ്തീനിയൻ യുവ എഴുത്തുകാരനായ മൊസബ് അബു തോഹയുടെ കവിതകളുടെ വിവർത്തനം

പലസ്തീനിയൻ കവിയും എഴുത്തുകാരനും അധ്യാപകനും ലൈബ്രേറിയനുമായ മൊസബ് അബു തോഹ 1992 നവംബർ 17-ന് ഗസ്സയിലെ അൽ-ശാതി അഭയാർഥി ക്യാമ്പിൽ ആണ് ജനിച്ചത്. 2017-ൽ ഗസ്സയിലെ ബെത്‌ലഹിയയിൽ അദ്ദേഹം ആദ്യ ഇംഗ്ലീഷ് പബ്ലിക് ലൈബ്രറിയായ എഡ്വേർഡ് സെയ്ദ് ലൈബ്രറി സ്ഥാപിച്ചു. തുടർന്ന് 2019-ൽ ഗസ്സ സിറ്റിയിൽ അതിന്റെ രണ്ടാമത്തെ ശാഖയും തുറന്നു. 2022-ൽ പുറത്തിറങ്ങിയ ആദ്യ കവിതാസമാഹാരമായ Things You May Find Hidden in My Ear എന്ന കൃതിക്ക് പലസ്തീൻ ബുക്ക് അവാർഡും അമേരിക്കൻ ബുക്ക് അവാർഡും ലഭിച്ചു. കൂടാതെ, ഈ പുസ്തകം നാഷണൽ ബുക്ക് ക്രിറ്റിക്സ് സർക്കിൾ അവാർഡിനും വാൾകോട്ട് പോയട്രിപ്രൈസിനും ഫൈനലിസ്റ്റായി തെരഞ്ഞെടുക്കപ്പെട്ടു. 2023 നവംബറിൽ, തന്റെ കുടുംബത്തോടൊപ്പം ഗസ്സയിൽനിന്ന് രക്ഷപ്പെടുന്നതിനിടയിൽ ഇസ്രായേൽ സൈന്യം അദ്ദേഹത്തെ പിടികൂടിയെങ്കിലും, അന്താരാഷ്ട്ര സമ്മർദ്ദത്തെ തുടർന്ന് ഉടൻ വിട്ടയച്ചു. പിന്നീട് അദ്ദേഹം ന്യൂയോർക്കർ ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളിൽ യുദ്ധത്തെക്കുറിച്ച് ലേഖനങ്ങൾ എഴുതിത്തുടങ്ങി. 2025-ൽ ന്യൂയോർക്കർ മാസികയിൽ പ്രസിദ്ധീകരിച്ച ഗസയിലെ മനുഷ്യത്വ രഹിതമായ യുദ്ധത്തെക്കുറിച്ചുള്ള ഹൃദയസ്പർശിയായ ലേഖനങ്ങൾക്കായി അദ്ദേഹത്തിന് കമന്ററി വിഭാഗത്തിൽ പ്രശസ്തമായ പുലിറ്റ്സർ അവാർഡ് ലഭിക്കുകയുണ്ടായി.



ഒന്ന്

## എന്റെ ചെവിയിൽ  നിങ്ങൾ കണ്ടുപിടിക്കാനിടയുള്ള ഒളിപ്പിച്ച കാര്യങ്ങൾ-

I

നിങ്ങൾ എന്റെ ചെവി തുറക്കുമ്പോൾ,
അതിനെ തൊടുക
സൗമ്യമായി.
എന്റെ അമ്മയുടെ ശബ്ദം എവിടെയോ
അതിന്റെ ഉള്ളിൽ തങ്ങിനിൽക്കുന്നുണ്ട്.
അതീവ ശ്രദ്ധാലുവായി,
എനിക്ക് തലകറക്കം തോന്നുമ്പോൾ
സമനില വീണ്ടെടുക്കാൻ
സഹായിക്കുന്ന പ്രതിധ്വനിയാണ് അമ്മയുടെ ശബ്ദം.
അവിടെ നിങ്ങൾ ചിലപ്പോൾ
അറബിക് ഗാനങ്ങളെ കണ്ടുമുട്ടിയേക്കാം,
ഞാൻ എന്നോട്തന്നെ പാരായണം
ചെയ്യുന്ന ഇംഗ്ലീഷ് കവിതകളും
അല്ലെങ്കിൽ ഞങ്ങളുടെ പിറകുവളപ്പിലെ കലപില കൂട്ടുന്ന
കിളികളോട്  ഞാൻ പാടുന്ന ഒരു ഗാനം.
നിങ്ങൾ  മുറിവ് തുന്നിക്കെട്ടുമ്പോൾ,
ഇവയെല്ലാം എന്റെ ചെവിയിൽ
തിരികെവയ്ക്കാൻ  മറക്കരുത്.
പുസ്തകങ്ങൾ ഷെൽഫിൽ അടുക്കി വയ്ക്കുംപോലെ
ഇവയും ക്രമത്തിൽ തിരികെ വെയ്ക്കണം.

II

ഡ്രോണിന്റെ മുരൾച്ച
എഫ്-16 ന്റെ അലർച്ച
ബോംബുകൾ വീഴുമ്പോൾ നിലവിളിക്കുന്ന വീടുകൾ,
ശരീരങ്ങൾ, നിലങ്ങൾ
പറന്നു പൊങ്ങുന്ന റോക്കറ്റുകൾ-
എന്റെ ശ്രവണനാളത്തെ
ഇവയിൽ നിന്ന് മുക്തമാക്കു
നിങ്ങളുടെ പുഞ്ചിരിയുടെ
സുഗന്ധം ഈ മുറിവിൽതളിക്കുക.
ജീവന്റെ ഗാനം എന്റെ
ഞരമ്പുകളിലേക്ക് കുത്തിവയ്ക്കുക; ഞാനുണരട്ടെ
എന്റെ ഡോക്ടറെ  പതിയെ താളമിടൂ; നിങ്ങളോടൊപ്പം
എന്റെ മനസും രാവും പകലും നൃത്തമാടട്ടെ.-

രണ്ട്

## ഓർമ്മകൾ പൂക്കളാണ്

ഓർമ്മകൾ പൂക്കളാണ്—
നാം അവയെ നനയ്ക്കുന്നു,
അവയെ വർണ്ണിക്കുന്നു,
കവിതകളാക്കി മാറ്റുന്നു,
നാടകങ്ങളാക്കി,
കഥകളാക്കി മാറ്റുന്നു.

നാം അവയെ അലങ്കരിക്കുന്നു
ലൈറ്റ് ബൾബുകൾകൊണ്ട്,
വിവിധ നിറങ്ങളിലുള്ള
ഉപമകളാൽ,
വ്യത്യസ്തമായ കൂട്ടങ്ങളിലായി.

ചില ഓർമ്മകൾ വികൃതമായവയാണ്.
അവയ്ക്ക് ദാരുണമായ ദുർഗന്ധമുണ്ട്,
കൂടാതെ, പരുക്കനും  മൂർച്ചയുള്ളതുമായ ചർമ്മവും

എത്ര ആഴത്തിൽ
അസ്ഥികൾ അടക്കം ചെയ്താലും,
മധുരമായ ഓർമ്മയുടെ
കീടങ്ങൾ അവരുടെ വഴി കണ്ടെത്തും.

■ ഡോ. ഹരിനാരായണൻ ജി.
ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ്

# ആൾക്കുരങ്ങുകളുടെ ഗവേഷക, നമ്മുടെയും

ജെയ്ൻ ഗുഡാൽ, തന്റെ ഗവേഷണാരംഭസമയത്ത് നിലനിന്നിരുന്ന നിർവചനങ്ങളെ മനുഷ്യൻ എന്താണെന്ന നിർവചനത്തെപ്പോലും, മാറ്റിമറിച്ച നിരീക്ഷണങ്ങൾ നടത്തിയ ശാസ്ത്രജ്ഞയാണ്. സൗമ്യവും, സഹാനുഭൂതി നിറഞ്ഞതുമായ സമീപനത്തിന്റെ പര്യായമായി അവരുടെ പേര് മാറി. ജീവിച്ചിരിക്കുന്ന നമ്മുടെ ഏറ്റവും അടുത്ത ബന്ധുക്കളെക്കുറിച്ച്, ചിമ്പാൻസികളെക്കുറിച്ച്, നമ്മെ പഠിപ്പിച്ച ആ ശാന്ത വിപ്ലവകാരി, ആക്ടിവിസ്റ്റ്, പ്രകൃതിസംരക്ഷണ പ്രവർത്തക, ശാസ്ത്രജ്ഞ, ജെയ്ൻ ഗുഡാൽ 2025 ഒക്ടോബർ ഒന്നാം തീയതി ഈ ലോകത്തോട് വിടപറഞ്ഞു. തൊണ്ണൂറ്റിയൊന്നു വർഷത്തെ കർമ്മനിരതമായ ആ ധന്യജീവിതത്തിലേക്ക്, അതു നൽകിയ പുത്തനറിവുകളിലേയ്ക്ക്, മുന്നറിയിപ്പുകളിലേയ്ക്ക്, പ്രതീക്ഷകളിലേയ്ക്ക്, ലോകം കണ്ണോടിക്കുന്ന ഒരു സന്ദർഭം കൂടിയാണിത്. ക്ഷമയെ ആയുധമാക്കിയ ആ ശാസ്ത്രജ്ഞയുടെ കണ്ടെത്തലുകൾ പലപ്പോഴും ഞെട്ടിക്കുന്നതും, അസ്വസ്ഥമാക്കുന്നതും, ആ കാലഘട്ടത്തിലെ സ്ഥാപിതസത്യങ്ങളെ വെല്ലുവിളിക്കുന്നതുമായിരുന്നു.

ആഫ്രിക്കയിലെ കൊടുംകാടിനുനടുവിലേക്കു തന്റെ സെക്രട്ടറിയായിരുന്ന ബ്രിട്ടീഷ് പെൺകുട്ടിയെ, ജെയ്ൻ ഗുഡാലിനെ, അയച്ചത് ലൂയിസ് ലീക്കി എന്ന നരവംശശാസ്ത്രജ്ഞനാണ്. ആൾക്കുരങ്ങുകളെക്കുറിച്ചു അവയുടെ ജീവിതസാഹചര്യത്തിൽ വച്ച് പഠിക്കുന്നത്, തന്റെ നരവംശശാസ്ത്ര ഗവേഷണത്തിൽ ഒരു മുതൽക്കൂട്ടാകുമെന്നു ലീക്കി മനസ്സിലാക്കുകയും അതിനായി മൂന്നുപേരെ-മൂന്ന് സ്ത്രീകളെ-നിയോഗിക്കുകയും ചെയ്തു. ലീക്കി ഇവരെ ട്രൈമേറ്റ്സ് (the trimates) എന്ന് വിളിച്ചു. ട്രൈമേറ്റ്സിലെ ഏറ്റവും ആദ്യ അംഗം ജെയ്ൻ ഗുഡാലായിരുന്നു. ജെയ്നിനു പുറമെ ഡയാൻ ഫോസ്സി, ബിറൂട്ട് ഗാൽദികാസ് എന്നിവരായിരുന്നു ട്രൈമേറ്റ്സിലെ അംഗങ്ങൾ. യഥാക്രമം ചിമ്പാൻസി, ഗൊറില്ല, ഉറാങ് ഉട്ടാൻ എന്നീ മനുഷ്യക്കുരങ്ങുകളെ നിരീക്ഷിക്കാനായാണ് ഇവർ നിയോഗിക്കപ്പെട്ടത്. ക്ഷമയേറെയാവശ്യമുള്ള നിരീക്ഷണഗവേഷണങ്ങൾക്ക് ആണുങ്ങളേക്കാൾ കാര്യക്ഷമത സ്ത്രീകൾക്കാണെന്ന് ലീക്കി കരുതിയിരുന്നു. അതിനാലാണ് തന്റെ ഗവേഷണോദ്യമങ്ങൾക്കായി മൂന്നുസ്ത്രീഗവേഷകരെ തന്നെ നിയോഗിക്കുവാൻ അദ്ദേഹം തീരുമാനിച്ചത്.

1960-ൽ ടാൻസാനിയയിലെ റ്റാങ്ജെനിക്ക എന്ന തടാകതീരത്തുള്ള ഗോംബി സ്ട്രീം റിസേർവ് വനത്തിൽ ജെയ്ൻ തന്റെ ഗവേഷണമാരംഭിക്കുമ്പോൾ ഇരുപത്തിയാറുവയസ്സാണ് പ്രായം. ജെയ്നിനു പ്രത്യേകമായ ഒരു ശാസ്ത്രപരിശീലനമോ, ബിരുദങ്ങളോ ഉണ്ടായിരുന്നില്ല. അതുവരെ ഇത്തരം മൃഗങ്ങളെ അവയുടെ സ്വാഭാവികാന്തരീക്ഷത്തിൽ കൃത്യമായ കാലയളവിലേക്ക് ശാസ്ത്രീയമായി നിരീക്ഷിച്ച ഒരുദാഹരണവും ജെയ്നിനു മുൻപിലുണ്ടായിരുന്നില്ല. മുതൽക്കൂട്ടായുണ്ടായിരുന്നത് ക്ഷമാശീലവും, മൃഗങ്ങളോടുള്ള സ്നേഹവുമായിരുന്നു.

ആദ്യമാദ്യം ഗോംബിയിലെ

ചിമ്പാൻസിക്കൂട്ടം ജെയ്നിന്റെ സാന്നിധ്യം ഇഷ്ടപ്പെട്ടിരുന്നില്ല. സ്ഥിരോത്സാഹിയായ ജെയ്നിന്റെ നിരന്തര സാന്നിധ്യം പതുക്കെപ്പതുക്കെ ചിമ്പാൻസികൾ അംഗീകരിച്ചു. ആദ്യം, അകലാതെ നിന്നത് താടിരോമങ്ങൾക്കു വെളുത്ത നിറമുള്ള ഒരുവനാണ്. ജെയ്ൻ അവനെ ഡേവിഡ് ഗ്രേബിയേർഡ് എന്ന് വിളിച്ചു. ഓരോ ചിമ്പാൻസിക്കും ജെയ്ൻ പേരിട്ടു. നിരീക്ഷണങ്ങളിൽ ചിമ്പാൻസികളുടെ പേരുകൾ പുതുമയായി.ഈ പുതുമയും പിന്നീട് എതിർക്കപ്പെട്ടു. ചിമ്പാൻസികൾക്കു പേരിനുപകരം അവയെ അക്കങ്ങൾ കൊണ്ട് പ്രതിനിധീകരിക്കുന്നതാണ് ശാസ്ത്രരീതി എന്ന് അന്നത്തെ വ്യവസ്ഥാപിത ശാത്രസമൂഹം പറഞ്ഞു.ഓരോ ചിമ്പാൻസിക്കും പ്രത്യേകമായ വ്യക്തിത്വം ഉണ്ടെന്ന കാര്യത്തെ അംഗീകരിക്കാനുള്ള വൈമുഖ്യമാണ് ഇതിനൊരു കാരണമായത്. എന്നാൽ ഗോംബിയിൽ, ചിമ്പാൻസികൾക്കു ജെയ്നിനെ അംഗീകരിക്കുന്നതിനുള്ള വൈമുഖ്യം അലിഞ്ഞില്ലാതെയായി. സ്വൈരമായ പഠനത്തിലും നിരീക്ഷണത്തിലും ജെയ്ൻ മുഴുകി.

**1960-ൽ ടാൻസാനിയയിലെ റ്റാങ്ജെനിക്ക എന്ന തടാകതീരത്തുള്ള ഗോംബി സ്ട്രീം റിസേർവ് വനത്തിൽ ജെയ്ൻ തന്റെ ഗവേഷണമാരംഭിക്കുമ്പോൾ ഇരുപത്തിയാറുവയസ്സാണ് പ്രായം. ജെയ്നിനു പ്രത്യകമായ ഒരു ശാസ്ത്രപരിശീലനമോ,ബിരുദങ്ങളോ ഉണ്ടായിരുന്നില്ല. അതുവരെ ഇത്തരം മൃഗങ്ങളെ അവയുടെ സ്വാഭാവികാന്തരീക്ഷത്തിൽ കൃത്യമായ കാലയളവിലേക്ക് ശാസ്ത്രീയമായി നിരീക്ഷിച്ച ഒരുദാഹരണവും ജെയ്നിനു മുൻപിലുണ്ടായിരുന്നില്ല. മുതൽക്കൂട്ടായുണ്ടായിരുന്നത് ക്ഷമാശീലവും,മൃഗങ്ങളോടുള്ള സ്നേഹവുമായിരുന്നു.**

ഡേവിഡ് ഗ്രേ ബിയേർഡ് എന്ന് ഗുഡാൽ പേരു ചൊല്ലിവിളിച്ച ചിമ്പാൻസി ചിതൽപ്പുറ്റുകളിൽ നിന്നും ചിതലുകളെ എടുത്തുതിന്നുന്നതിനായി ഒരു ചെറിയ മരക്കൊമ്പ് ഉപയോഗിക്കുന്നത് അവർ നിരീക്ഷിച്ചു. ഇത് അക്കാലത്തെ ചില വ്യവസ്ഥാപിത അറിവുകളെ പാടെ തിരുത്തിയ നിരീക്ഷണമായിരുന്നു. മനുഷ്യൻ എന്നതിന്റെ നിർവചനം തന്നെ ഉപകരണങ്ങളുണ്ടാക്കുന്നവൻ (man, the tool maker) എന്നതായിരുന്നു. എല്ലാത്തരത്തിലും മനുഷ്യനെ മറ്റു ജീവിവർഗത്തിനു മുകളിൽ പ്രതിഷ്ഠിക്കുന്ന അശാസ്ത്രീയമായ സമീപനമായിരുന്നു അന്ന് ശാസ്ത്രലോകത്തും നിലനിന്നിരുന്നത്. ഗ്രേബിയേർഡ് എന്ന ചിമ്പാൻസി ഒരു ചെറിയ ചുള്ളിക്കമ്പു ചിതൽപ്പുറ്റിനകത്തിട്ട് അതിൽക്കയറിയ ചിതലുകളെ ആഹാരമാക്കുമ്പോൾ അവൻ ഒരുപകരണം ഉപയോഗിക്കുകയാണ് ചെയ്തിരിക്കുന്നത്. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ മറ്റൊരു പ്രധാന നിരീക്ഷണം കൂടി നടത്താൻ ഗുഡാലിന് സാധിച്ചു. ചിമ്പാൻസിക്കൂട്ടം ഒരു ചിതൽപ്പുറ്റിനടുത്തെത്തി കയ്യിലെടുത്ത കമ്പിലെ ഇലകളും മറ്റും കളഞ്ഞ് തങ്ങളുടെ ഉപകരണത്തെ പാകപ്പെടുത്തിയെടുക്കുന്നതും ഗുഡാൽ കണ്ടു. അങ്ങിനെ പരിഷ്ക്കരിച്ച ഉപകരണങ്ങൾ ചിതലുകളെ പുറത്തെടുക്കുന്നതിനായി അവരുപയോഗിച്ചു. ചിമ്പാൻസികൾ ഉപകരണങ്ങൾ ഉപയോഗിക്കുക മാത്രമല്ല അത് പരിഷ്ക്കരിക്കുകയും ചെയ്യുന്നു എന്ന് ഗുഡാൽ നിരീക്ഷിച്ചു. ഇത് ഉപകരണനിർമാണത്തിന്റെ ഒരു അസംസ്കൃതരൂപമാണെന്നു അവർ കണ്ടു. ചിമ്പാൻസികളെ നിരീക്ഷിക്കുക എന്ന ജോലി ഗുഡാലിനെ ഏൽപ്പിച്ച ലൂയിസ് ലീക്കി ഇതറിഞ്ഞപ്പോൾ ഗുഡാലിനെഴുതി, "ഒന്നുകിൽ നമുക്ക് ഉപകരണം എന്നതിന്റെ നിർവചനം മാറ്റേണ്ടിവരും, അല്ലെങ്കിൽ മനുഷ്യൻ എന്നതിന്റെ നിർവചനം മാറ്റേണ്ടിവരും, അതുമല്ലെങ്കിൽ ചിമ്പാൻസികളെ മനുഷ്യരായി പരിഗണിക്കേണ്ടി വരും" ("Now we must redefine tool, redefine man or accept chimpanzees as human"). ശാത്രലോക പ്രസ്താവനകളിലെ തന്നെ ഏറ്റവും അറിയപ്പെടുന്ന ഒരു വാചകമായി പിൽക്കാലത്തിതു മാറി.

മനുഷ്യനോളമെത്തുന്ന മൃഗം എന്ന ചിന്ത കുറച്ചൊന്നുമല്ല അന്ന് പലരെയും അസ്വസ്ഥതപ്പെടുത്തിയത്. അതുകൊണ്ടു തന്നെ ഗുഡാലിനെതിരെ പല ആരോപണങ്ങളും ഉയർന്നുവന്നു. യൂണിവേഴ്സിറ്റി ഡിഗ്രികളില്ലാത്ത, പരിശീലനത്തിന്റെ പരിമിതിയുള്ള ഒരു പെണ്ണിന്റെ പ്രലപനമായി പുതിയ കണ്ടെത്തലുകളെ വ്യഖ്യാനിക്കുവാൻ പത്രങ്ങൾ വെണ്ടയ്ക്ക നിരത്തി. മനുഷ്യൻ എന്നതൊരു പ്രത്യേക നിർമ്മിതിയാണെന്നും മറ്റു ജീവിവർഗ്ഗങ്ങൾ അവനുപകാരപ്പെടാൻ മാത്രമാണെന്നും ധരിച്ചുവശായ സമൂഹം.

അതിനേക്കാളുപരി ആൺമേൽക്കോയ്മ നിർലോഭം നിലനില്ക്കുന്ന സമയം. ഇതിനും പുറമെ ശാസ്ത്രമേഖലയിൽ സ്ത്രീകളുടെ സാന്നിധ്യം നന്നേ കുറവുള്ള സാഹചര്യം. ഗുഡാലിനെതിരെ ആരോപണശരങ്ങളുടെ ഘോഷയാത്രയുണ്ടായതിൽ അത്ഭുതമില്ല. എന്നാൽ ഗുഡാലിന്റെ ശ്രദ്ധ ഇതിലൊന്നിലും പതിഞ്ഞില്ല . ടാൻസാനിയയിലെ ഗോമ്പി റിസേർവ് വനത്തിലെ തന്റെ ഗവേഷണം മുന്നോട്ടുകൊണ്ടുപോകുവാനുള്ള ഗവേഷണസാമ്പത്തികസഹായം എങ്ങിനെ ലഭിക്കുമെന്നതായിരുന്നു അവരെ അലട്ടിയ ചിന്ത. ആറു മാസത്തേക്കു മാത്രമായിരുന്നു ആദ്യമുണ്ടായിരുന്ന സാമ്പത്തിക സഹായം. ആ സമയത്ത് നാഷണൽ ജ്യോഗ്രഫിക് ഗവേഷണ സാമ്പത്തികസഹായവുമായി മുന്നോട്ടുവന്നു. ഗുഡാൽ സുഗമമായി ഗവേഷണ നിരീക്ഷണങ്ങൾ



തുടർന്നു. സുന്ദരമായ കാലുകളുള്ളത് കൊണ്ടാണ് നാഷണൽ ജ്യോഗ്രഫിക്കിന്റെ ഗവേഷണ സാമ്പത്തികസഹായം ജെയ്നിനു ലഭിച്ചതെന്ന് ചിലർ അപഹസിച്ചു. തന്റെ ഗവേഷണംമുന്നോട്ടുകൊണ്ടു പോവുക എന്നകാര്യത്തിൽ മാത്രം ബദ്ധശ്രദ്ധയായിരുന്ന ആ ശാസ്ത്രജ്ഞ, അങ്ങിനെയെങ്കിൽ തന്റെ കാലുകൾക്കു നന്ദി എന്നാണ് ഇതിനേക്കുറിച്ചു പറഞ്ഞത്.

ഇതിനിടയിൽ ജെയ്ൻ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ Ph.D. ബിരുദത്തിനു ചേർന്നു. ബിരുദമില്ലാതെ Ph.D.ക്കു പ്രവേശനം ലഭിക്കുക വിരളമായിരുന്നു. എന്നിരുന്നാലും ജെയ്ൻ നടത്തിയ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ അസാധ്യമായിരുന്നത് സാധ്യമായി. നാഷണൽ ജ്യോഗ്രഫിക്, ജെയ്നിനു ഗവേഷണസാമ്പത്തിക സഹായം നൽകിയത് ജെയ്നിന്റെ കണ്ടെത്തലുകളുടെയും, ഒരുപക്ഷെ അതിനെക്കാളുപരി, ഒറ്റക്കൊരു പെൺകുട്ടി, ആഫ്രിക്കയിൽ, കൊടുങ്കാട്ടിൽ, വന്യജീവികളെ നിരീക്ഷിക്കുന്നു എന്നവതരിപ്പിക്കുന്ന കഥയുടെയും വിപണനമൂല്യം തിരിച്ചറിഞ്ഞതു കൊണ്ടാണ്. ചിമ്പാൻസികളെ ക്യാമറയിൽ പകർത്താൻ നാഷണൽ ജ്യോഗ്രഫിക്കിന്റെ ഫോട്ടോഗ്രാഫർ ഹ്യൂഗോ വാൻ ലവിക് എന്ന ചെറുപ്പക്കാരൻ ജെയ്നിനോടൊപ്പം ചേർന്നു. ഒറ്റക്ക് നടത്തുന്ന ഗവേഷണത്തിന് ഒരു ശല്യമായാണ് ജെയ്ൻ ഹ്യൂഗോയെ ആദ്യം കരുതിയത്, ധനസഹായം സ്വീകരിക്കുന്നതിലൂടെ വന്നുചേർന്ന ഒഴിവാക്കാനാവാത്ത സ്വൈരക്കേട്. എന്നാൽ ചിമ്പാൻസികളുടെ ജീവിതം ക്യാമറയിൽ പകർത്തേണ്ടത് അനിവാര്യമായിരുന്നു. ജെയ്നിന്റെ കണ്ടെത്തലുകളെ ചിലർ വിശ്വസിച്ചില്ല. ചിമ്പാൻസികളെ ജെയ്ൻ ഉപകരണമുപയോഗിക്കാൻ പഠിപ്പിച്ചതാകാമെന്നുവരെ സംശയങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. സംശയാലുക്കളെ തൃപ്തിപ്പെടുത്താൻ ഫോട്ടോഗ്രാഫിക്, വീഡിയോ ചിത്രീകരണങ്ങൾ സഹായിക്കുമെന്ന് ജെയ്ൻ കരുതിയിട്ടുണ്ടാകണം. എന്നിരുന്നാലും ഡോക്യൂമെന്ററിയിലെ കേന്ദ്രബിന്ദു ചിമ്പാൻസികളല്ല, താനാണെന്ന് ജെയ്നിനു വൈകാതെ തന്നെ മനസ്സിലായി. ഹ്യൂഗോയും ജെയ്നും പ്രണയത്തിലാവുകയും 1964-ഇൽ വിവാഹിതരാവുകയും ചെയ്തു. 1965-ഇൽ ജെയ്ൻ, ഡോക്ടർ ജെയ്ൻ ഗുഡാലായി.

തന്റെ ഡോക്ടറേറ്റ് ബിരുദത്തിനു ശേഷവും ജെയ്ൻ ഗോംബിയിലെ ഗവേഷണങ്ങൾ തുടർന്നു. ചിമ്പാൻസികൾക്കു ജെയ്നും കൂട്ടരും സുപരിചിതരായതോടെ അവർ മനുഷ്യരെക്കാണുമ്പോൾ കാടിനുള്ളിലേക്ക് മറയുന്നതു ഒഴിവാക്കി. ചിമ്പാൻസികൾ മനുഷ്യരുമായി അടുത്തിടപഴകുകയും ജെയ്നിന്റെ ക്യാമ്പിലേക്ക് ആഹാരത്തിനും മറ്റുമായി സ്ഥിരമായി വരികയും ചെയ്തുപോന്നു. ചിമ്പാൻസികൾക്ക് ക്യാമ്പിനടുത്തുതന്നെ ഭക്ഷണ സംവിധാനങ്ങൾ ഒരുക്കി ജെയ്നും കൂട്ടരും അവരെ നിരീക്ഷിച്ചുപോന്നു. ഒരു മകൻ പിറന്നതോടെ

ചിമ്പാൻസികളുടെ കൂടെയുള്ള വാസം ബുദ്ധിമുട്ടായി. ഇതിനിടയിൽ തന്നെ ചിമ്പാൻസികൾ സസ്യഭുക്കുകളാണെന്ന ധാരണയും ജെയ്നും കൂട്ടരും തിരുത്തിയിരുന്നു. മറിച്ച് അവ(ർ) മിശ്രഭുക്കുകളാണ്. മറ്റു സസ്തനികളെ ആഹാരമാക്കാൻ മടിക്കാത്ത ചിമ്പാൻസികളുടെ കൂടെ സുരക്ഷിതമായി മകനെ വളർത്തുന്നത് ശ്രമകരമായി. ഹ്യൂഗോയുടെ ജോലിസംബന്ധമായ ആവശ്യങ്ങൾ മൂലം ഗോംബിയിൽ നിന്നും സരെൻഗെറ്റിയിലേക്കു താമസം മാറിയെങ്കിലും ഗോംബിയിലെ ഗവേഷണങ്ങളുടെ മേൽനോട്ടം ജെയ്ൻ തുടർന്നു വന്നു.

കൃത്യമായ, ഉറച്ച ഒരു സാമൂഹ്യഘടന ചിമ്പാൻസികൾക്കുള്ളതായി ജെയ്ൻ മനസ്സിലാക്കി. ചിമ്പാൻസി സമൂഹത്തിലെ ഉച്ചനീചത്വങ്ങളും ജെയ്ൻ കണ്ടു. ചിമ്പാൻസികളുടെ സമൂഹത്തിലെ ശ്രേണീക്രമത്തിൽ ആണുങ്ങൾക്കാണ് മേൽക്കോയ്മ. പെൺചിമ്പാൻസികൾ ഏറ്റവും താഴത്തെ തട്ടിലാണ്. മനുഷ്യരിലെ പുരുഷമേൽക്കോയ്മയുള്ള സമൂഹങ്ങളോട് ഇതിനു സാമ്യമുണ്ട്. കൃത്യമായ, ഉറച്ച ഒരു സാമൂഹ്യഘടന ചിമ്പാൻസികൾക്കുള്ളതായി ജെയ്ൻ മനസ്സിലാക്കി. ഒരു ആൺചിമ്പാൻസിയാണ് മൂപ്പനെപ്പോലെ, അല്ലെങ്കിൽ രാജാവിനെപ്പോലെ പെരുമാറുക. മറ്റുള്ളവർ അവന്റെ മുന്നിൽ താഴ്മയോടെ പെരുമാറും. എന്നാൽ ഈ ശ്രേണീക്രമം ചലനാത്മകമാണ്. താഴയുള്ളവർ സാമൂഹ്യശ്രേണിക്രമത്തിൽ മുകളിലേയ്ക്കെത്താറുണ്ട്, തിരിച്ചും. ഏതാനും വർഷങ്ങൾക്കുള്ളിൽത്തന്നെ മൂപ്പൻ മാറ്റപ്പെടും. ആക്രമണോല്സുകത താരതമ്യേന കൂടുതലുള്ള ആൺ ചിമ്പാൻസികൾ മൂപ്പന്മാരായാലും കൂടുതൽ കാലം മൂപ്പനായി വാഴാൻ പറ്റാറില്ല. എന്നാൽ കുറച്ചുകൂടി നയപരമായി ഇടപെടുന്ന ആൺ ചിമ്പാൻസികൾക്കാണ് കൂടുതൽ കാലം മൂപ്പനായി തുടരാൻ പറ്റുക. മൂപ്പനായിത്തീരാൻ താത്കാലിക സഖ്യങ്ങളും, വർഷങ്ങളായി നിലനിൽക്കുന്ന സഖ്യങ്ങളും കുടുംബബന്ധങ്ങളുമൊക്കെ ആൺചി

**ആസൂത്രിതമായി, കൂട്ടം ചേർന്ന്, മാരകമായ ആക്രമണങ്ങൾ നടപ്പാക്കുന്നത്, അഥവാ യുദ്ധം ചെയ്യുന്നത് മനുഷ്യർ മാത്രമല്ല എന്ന നിരീക്ഷണമായിരുന്നു ജെയ്നും കൂട്ടരും നടത്തിയത്. ഇത് പുതിയതും പ്രാധാന്യമേറിയതുമായ കണ്ടെത്തലായിരുന്നെങ്കിലും ഈ തിരിച്ചറിവ്, ചിമ്പാൻസികളും നമ്മെപ്പോലെ തന്നെ അപരഹിംസ നിർലോഭം നടത്തുന്നവരാണെന്നുള്ള തിരിച്ചറിവ്, ഗുഡാലിനെ ദുഃഖത്തിലാഴ്ത്തി.**

മ്പാൻസികൾക്ക് പ്രയോജനപ്പെടാറുണ്ട്. ചിമ്പാൻസിമൂപ്പനെന്നാൽ പ്രായത്തിൽ ഏറ്റവും മുതിർന്നവനായിക്കൊള്ളണമെന്നില്ല. പ്രായാധിക്യം കൊണ്ടും, മറ്റു ശക്തമായ സഖ്യങ്ങൾ ഉണ്ടായിവരുന്നതു കൊണ്ടുമൊക്കെ മൂപ്പൻസ്ഥാനത്തു നിന്നും നിഷ്കാസിതനാക്കപ്പെടാം. നിഷ്കാസിതനാക്കപ്പെട്ട മൂപ്പനും ആ സമൂഹത്തിൽ തന്നെ തുടരും, സാമൂഹ്യശ്രേണിയിൽ താഴേക്കു പോകുമെങ്കിലും. തന്റെ ആധിപത്യം ഉറപ്പിക്കുന്നതിനായി ആൺചിമ്പാൻസികൾ കാണിക്കുന്ന ചേഷ്ടകളെ മനുഷ്യരിലെ രാഷ്ട്രീയക്കാരോടാണ് ജെയ്ൻ ഉപമിക്കുന്നത്.ഒരു തെരഞ്ഞെടുപ്പു കാലത്തെ ഡൊണാൾഡ് ട്രമ്പിന്റെ ചെയ്തികളെ ചിമ്പാൻസിമൂപ്പന്റെ അതേപോലുള്ള പെരുമാറ്റം എന്ന് ജെയ്ൻ താരതമ്യപ്പെടുത്തിയിട്ടുണ്ട്.

ചിമ്പാൻസികളും മനുഷ്യരും ഏതാണ്ട് ഒരുപോലെ തന്നെ, എന്നാൽ ചിമ്പാൻസികൾ അല്പം കൂടി നല്ലവർ, എന്ന് ജയിൻ കരുതി. പക്ഷേ ഈ അഭിപ്രായത്തെ തിരുത്തുന്ന, ജെയ്നിനെ സംബന്ധിച്ചിടത്തോളം ഹൃദയഭേദകമായ ഒരു കണ്ടെത്തൽ ജെയ്നും കൂട്ടരും നടത്തുകയുണ്ടായി. അവരുടെ പ്രിയപ്പെട്ട ചിമ്പാൻസികൾ യുദ്ധത്തിൽ ഏർപ്പെടുകയും ഒരു കൂട്ടരെ മറ്റൊരു കൂട്ടർ നിശേഷം ഇല്ലാതാക്കുകയും ചെയ്തു എന്നതായിരുന്നു ആ കണ്ടെത്തൽ. ചിമ്പാൻസികൾ പ്രത്യേകിച്ച് നന്മയുള്ളവരൊന്നുമല്ല, അവരുടെ സ്വഭാവം മനുഷ്യരെപ്പോലെ തന്നെ, എന്നവർ കണ്ടു. നാലുവർഷം നീണ്ടുനിന്ന ഒരു ചിമ്പാൻസിയുദ്ധം ജെയ്നും കൂട്ടരും നിരീക്ഷിച്ചു. എട്ടു മാസങ്ങൾക്കിടയിൽ കാസകേല എന്ന സ്ഥലത്ത് താമസിച്ചിരുന്ന വലിയ ഒരു ചിമ്പാൻസിക്കൂട്ടം പതിയെ രണ്ടായി പിരിഞ്ഞു. കാസകേല എന്ന് വിളിക്കപ്പെട്ട ചിമ്പാൻസിസമൂഹമാണ് പിളർന്നത്. ക്യാമ്പിലേക്ക് പിന്നെയും വന്നുകൊണ്ടിരുന്ന ചിമ്പാൻസികളെ കാസകേല ഗ്രൂപ്പ് എന്നു തന്നെ വീണ്ടും വിളിച്ചുപോന്നു. കാസകേലയുമായി പിരിഞ്ഞു തെക്കോട്ടു നീങ്ങിയവരെ കഹാമാസമൂഹമെന്ന് വിളിച്ചു. തന്ത്രപരമായും ആസൂത്രിതമായും കാസകേല സമൂഹം, വിശിഷ്യാ അതിലെ ആണുങ്ങൾ, കഹാമാസമൂഹത്തിലെ അംഗങ്ങളെ ഒന്നൊന്നായി ഇല്ലാതാക്കി. യുദ്ധത്തിൽ വീണവരും കൊന്നവരുമെല്ലാം ജെയ്നിനും കൂട്ടർക്കും പ്രിയപ്പെട്ടവരായ, അടുത്ത കൂട്ടുകാരെപ്പോലെ അറിയാവുന്ന, പേരു നൽകി വിളിച്ചു പോന്നവർ തന്നെ. ആദ്യം ആക്രമിക്കപ്പെട്ടത് ഗോഡി എന്ന കഹാമാ ആൺചിമ്പാൻസിയാണ്. കൂട്ടത്തിൽ നിന്നും മാറി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്ന സമയത്തായിരുന്നു ഗോഡി ആക്രമിക്കപ്പെട്ടത്. അടിച്ചും ഇടിച്ചും തൊഴിച്ചും കടിച്ചുമൊക്കെ അക്രമം കുറച്ചേറെ സമയത്തേക്ക് തുടർന്നു. ഗോഡി അനങ്ങുന്നില്ല എന്നുറപ്പായതിനു ശേഷമായിരുന്നു കാസകേലചിമ്പാൻസികൾ തങ്ങളുടെ ആക്രമണം നിർത്തിയത്. ഒരു കാലത്തു, പിരിയുന്നതിനും മുമ്പ്, മൂപ്പനായിരുന്ന ഗോലിയാത്തിനെയാണ് അവർ രണ്ടാമത് വകവരുത്തിയത്. കുട്ടിക്കാലത്തു ഗോലിയാത്തിനെ ആരാധിച്ചു പിറകെ നടന്നിരുന്നവരാണ് പിന്നീട്

ഗോലിയാത്തിനെ കൊല്ലുന്നതിനു നേതൃത്വം കൊടുത്തത്. കഹാമ ആൺചിമ്പാൻസികളെല്ലാം സമാനരീതിയിൽ നാലുവർഷം കൊണ്ട് മരിച്ചുവീണു. ഏറ്റവും പ്രായമുള്ള പെൺ ചിമ്പാൻസിയെയും കാസകേലക്കാർ വകവരുത്തി. അവശേഷിക്കുന്ന പെൺചിമ്പാൻസികൾ മർദ്ദിക്കപ്പെടുകയും കാസകേല ഗ്രൂപ്പിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. കഹാമാ ഗ്രൂപ്പ് വസിച്ചിരുന്ന സ്ഥലങ്ങളിലേക്ക് കാസകേല ഗ്രൂപ്പ് സ്വൈരമായി വിഹരിക്കുവാൻ തുടങ്ങി.



ആസൂത്രിതമായി, കൂട്ടം ചേർന്ന്, മാരകമായ ആക്രമണങ്ങൾ നടപ്പാക്കുന്നത്, അഥവാ യുദ്ധം ചെയ്യുന്നത് മനുഷ്യർ മാത്രമല്ല എന്ന നിരീക്ഷണമായിരുന്നു ജെയ്നും കൂട്ടരും നടത്തിയത്. ഇത് പുതിയതും പ്രാധാന്യമേറിയതുമായ കണ്ടെത്തലായിരുന്നെങ്കിലും ഈ തിരിച്ചറിവ്, ചിമ്പാൻസികളും നമ്മെപ്പോലെ തന്നെ അപരഹിംസ നിർലോഭം നടത്തുന്നവരാണെന്നുള്ള തിരിച്ചറിവ്, ഗുഡാലിനെ ദുഃഖത്തിലാഴ്ത്തി. ഇതിനിടയിൽത്തന്നെ ആഫ്രിക്കയിലെ കാടുകൾ, ഗോംബിയിലേതുൾപ്പെടെ, വൻതോതിൽ നശിപ്പിക്കപ്പെട്ടുകൊണ്ടിരുന്നു. ചിമ്പാൻസികളുൾപ്പെടെയുള്ള ജീവികൾ മനുഷ്യരുടെ ആഹാരത്തിനായി, പ്രാദേശികമായി കൂടുതൽ താല്പര്യമുള്ള ബുഷ്മീറ്റിനായി(bush meat), വൻതോതിൽ വധിക്കപ്പെട്ടുകൊണ്ടിരുന്നു. ഗൊറില്ലകളെ വേട്ടയാടുന്നവരോട് പൊരുതിക്കൊണ്ടിരുന്ന, റൈമേറ്റ്സിലെ, ഡയാൻ ഫോസ്സി 1985-ൽ വധിക്കപ്പെട്ടു. 1986 ലെ ഒരു ശാസ്ത്രസമ്മേളനത്തിൽ പങ്കെടുത്ത ജെയ്ൻ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചു കൂടുതൽ ബോധവതിയാവുകയും തന്റെ പരിപൂർണശ്രദ്ധ പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനത്തിനായി വിനിയോഗിക്കാൻ തീരുമാനിക്കുകയും ചെയ്തു. സമ്മേളനത്തിലേക്ക് പോയതു ശാസ്ത്രജ്ഞയായിട്ടാണെന്നും എന്നാൽ അവിടെനിന്നും മടങ്ങിയത് ഒരു ആക്ടിവിസ്റ്റായുമാണെന്ന് ജെയ്ൻ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ദി ജെയ്ൻ ഗുഡാൽ ഇൻസ്റ്റിട്യൂട്ട് എന്ന നേരത്തെ തന്നെ സ്ഥാപിച്ച പ്രസ്ഥാനത്തിലൂടെ ജെയ്ൻ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഗോംബി വനത്തിന്റെ മാത്രമല്ല, ലോകമെമ്പാടുമുള്ള പ്രകൃതിസംരക്ഷണ പ്രവത്തനങ്ങളിൽ ഈ സംഘടന പ്രവർത്തിച്ചു. ജെയ്ൻ, റൂട്സ് ആൻഡ് ഷൂട്സ് (Roots and Shoots) എന്ന സംഘടന സ്ഥാപിക്കുകയും എഴുപതോളം രാജ്യങ്ങളിലെ യുവാക്കളെ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടാനുള്ള ചാലകശക്തിയായി പ്രവർത്തിക്കുകയും ചെയ്തു. തന്റെ ജീവിതത്തിൽ ഏതാണ്ട് എല്ലാ ദിവസവും തന്നെ പാരിസ്ഥിതിക പ്രവർത്തനങ്ങളിലേർപ്പെട്ട്, പല രാജ്യങ്ങളിലേക്കു യാത്രചെയ്ത്, അവിടങ്ങളിൽ പാരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശം എത്തിക്കുകയും, പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു ജെയ്ൻ. 2002-ൽ ഐക്യരാഷ്ട്രസഭ, ഐക്യരാഷ്ട്രസഭയുടെ സമാധാനസന്ദേശവാഹകയായി (United Nations Messenger of Peace) ജെയ്ൻ ഗുഡാലിനെ പ്രഖ്യാപിച്ചു.

2025 ഒക്ടോബർ ഒന്നിന് ജെയ്ൻ ഇഹലോകവാസം വെടിഞ്ഞു. മരണത്തിനു ശേഷം ജെയ്നിന്റെ മരണാനന്തര സന്ദേശം സംപ്രേഷണം ചെയ്യപ്പെട്ടു. ഓരോദിവസവും നാമോരോരുത്തരും നമ്മളാഗ്രഹിച്ചാലും ഇല്ലെങ്കിലും ഈ ലോകത്തു മാറ്റം കൊണ്ടുവരുന്നുണ്ടെന്നും അത് ഏതു തരത്തിലുള്ള മാറ്റമാണ് എന്നതാണ് നാം തെരെഞ്ഞെടുക്കേണ്ടതെന്നും ജെയ്ൻ മറ്റൊരുലോകത്തിരുന്ന്, അല്ലെങ്കിൽ ഡിജിറ്റൽ ലോകത്തിരുന്നു നമ്മളെ ഓർമ്മിപ്പിച്ചു. ഈലോകത്തുനിന്നും പോയതിനു ശേഷവും ജെയ്നിന്റെ പ്രവർത്തനങ്ങൾ തുടരുന്നു. ആ മഹാത്മാവിന്റെ സന്ദേശം നമ്മെ തേടിയെത്തുന്നു, പ്രസക്തി അല്പം പോലും കുറയാതെ.

■

■ കെ.പി. ജയകുമാർ
എൻ.എസ്.എസ്. കോളേജ്, ചേർത്തല

# വിഷാദവും കാഴ്ചയുടെ ആനന്ദവും

അനവധി അടരുകളുള്ള വികാരമാണ് വിഷാദവും ആനന്ദവും. വിഷാദമാകട്ടെ വികാരങ്ങളുടെ ഒരു ചങ്ങലയാണ്. ദുഃഖവും സ്നേഹവും തൃഷ്ണയും കാമനയും അഭിവാഞ്ഛയും നിരാശയും പ്രതീക്ഷയും ശൂന്യതയും അതിൽ പ്രതിഫലിക്കും. ഏകാന്ത മനോനിലയുമായി അത് ബന്ധിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, വിഷാദം എന്നത് ദുഃഖവും നിരാശയും നഷ്ടവും മാത്രമല്ലാതാകുന്നു. ജീവിതത്തെക്കുറിച്ചും അതിന്റെ ഗതിവിഗതികളെക്കുറിച്ചും അനിവാര്യമായ ജനന-മരണ ചക്രത്തെക്കുറിച്ചും ആഴത്തിലുള്ള അവബോധത്തിൽ നിന്ന് ജനിച്ച ഒരുതരം സർഗ്ഗാത്മകതയാണ് വിഷാദത്തെ ചൂഴുന്നതെന്ന് പാശ്ചാത്യ നവോത്ഥാന കലാപ്രവർത്തകരും തത്വചിന്തകരും വിലയിരുത്തുന്നുണ്ട്. മനോവിശ്ലേഷണം, തത്ത്വചിന്ത, ചിത്രകല, സാഹിത്യം, നാടകം, ചലച്ചിത്രം എന്നിവയിൽ വിഷാദവും കലയും തമ്മിലുള്ള സവിശേഷ ബന്ധത്തിന്റെ സർഗാത്മക പ്രതിഫലനങ്ങൾ കാണാം.

ദുരന്താനുഭവത്തിലൂടെ കടന്നുപോകുന്ന പ്രേക്ഷകർ വൈകാരിക ഉച്ചാവസ്ഥയെ പ്രാപിക്കുകയും സ്വയമഴിഞ്ഞ് സ്വസ്ഥരാവുകയും ചെയ്യുന്ന അനുഭൂതിയുടെ സൗന്ദര്യമാണ് ട്രാജഡികളുടെ കാതൽ. ഈ അനുഭൂതി സന്ദർഭം ഭയത്തിനും സഹതാപത്തിനുമപ്പുറം 'ശുദ്ധ'മായ വികാരങ്ങളിലേക്ക് നീങ്ങാൻ പ്രേക്ഷകരെ സഹായിക്കുന്നു. ദുരന്തങ്ങൾ അപരിഹാര്യമായ അന്ത്യങ്ങളുടെ സംഭ്രാന്തമായ ആഖ്യാനങ്ങളാണ്. അത് കഥാപാത്രങ്ങളെ അവർ ആരംഭിച്ചതിനേക്കാൾ അസാധാരണവും ദാരുണവുമായ സ്ഥലരാശിയിൽ എത്തിക്കും. ദുരന്താഖ്യാനങ്ങളുടെ (tragedy) ഈ കലാചിന്തയിൽ നിന്നും വിഷാദം (melancholy) കാലികമായ മറ്റൊരു സ്ഥലരാശി കണ്ടെത്തുന്നു.

കലയിലും സാഹിത്യത്തിലും വിഷാദം സങ്കീർണ്ണമായി പ്രതിഫലിപ്പിക്കുന്ന വികാരമാണ്. ദാരുണവും അപരിഹാര്യവുമായ അന്ത്യങ്ങളേക്കാൾ വിഷാദ ഭരിതമായ പരിസമാപ്തിയിൽ, നീറിനിൽക്കുന്ന ദുഃഖത്തിന്റെ ഒരു ശ്രുതി അത് ബാക്കിനിർത്തും. അത് പ്രേക്ഷകരിൽ, വായനക്കാരിൽ സൃഷ്ടിക്കുന്ന സാന്ദ്രചലനമാണ് വിഷാദാഖ്യാനങ്ങളുടെ കലാതന്ത്രം. നഷ്ടം, അസ്തിത്വത്തിനേറ്റ മുറിവ്, കുറ്റബോധം എന്നിവയിൽ നിന്നൂറുന്ന അനിർവചനീയമായ ദുഃഖം. അതിൽ കാമനയും ഗൃഹാതുരത്വവും ഇഷ്ടകാര്യങ്ങളെക്കുറിച്ചുള്ള ചിന്തകളും ഓർമ്മകളും നൽകുന്ന ആനന്ദവുമുണ്ടാകും.

മലയാള ചലച്ചിത്രത്തെ വിഷാദ തീവ്രമായ കലാനുഭവമാക്കിമാറ്റിയ സംവിധായകരിൽ പ്രമുഖനായിരുന്ന മോഹൻ. വിഷാദമായിരുന്നു മോഹൻ സിനിമകളുടെ ജനപ്രിയ ഘടകം. ദുഃഖം കാഴ്ചയുടെ ആനന്ദമായിത്തീരുന്ന ആസ്വാദന വൈരുധ്യം. വിഷാദമോഹനം എന്നു വിളിക്കാവുന്ന ഈ വൈരുധ്യം ദുരന്താഖ്യാനങ്ങളുടെ സമകാലിക ഭാവുകത്വത്തിലാണ് ഊന്നിയത്. മാറുന്ന കുടുംബ ഘടനയിലെ ബന്ധവൈരുധ്യങ്ങൾ, തൊഴിലിടങ്ങളിലെ മനുഷ്യബന്ധം, അനാഥത്വം, ദാമ്പത്യത്തിന്റെ ഗാഢസ്ഥലങ്ങൾ, പ്രണയ പരാജ

യം തുടങ്ങി കാലത്തിന്റെ വിഷാദജനിതകമാണ് മോഹനന്റെ പ്രമേയങ്ങൾ. ശാലിനി എന്റെ കൂട്ടുകാരി (1978), വിട പറയുംമുമ്പേ (1981), രചന (1983), മംഗളം നേരുന്നു (1984), ഇസബെല്ല (1988), പക്ഷെ (1994)... തുടങ്ങിയ ചലച്ചിത്രങ്ങൾ ആധുനിക മനുഷ്യജീവിതത്തിന്റെ ദുരന്താഖ്യാനങ്ങളാണ്. ശാലിനി മുതൽ പക്ഷെ വരെയുള്ള സിനിമകളിൽ നീറിപ്പിടയുന്ന വിഷാദമുണ്ട്. വിഷാദഭരിതമായ അന്ത്യത്തിലേയ്ക്ക് ആഞ്ഞുനിൽക്കുന്ന ചലച്ചിത്രാഖ്യാനങ്ങളായിരുന്നു ഇവയെല്ലാം.

ക്ലാസിക്കൽ ദുരന്തകാവ്യങ്ങളിൽനിന്ന് ആധുനിക കലയുടെ വിച്ഛേദത്തെ അമേരിക്കൻ നാടകകൃത്ത് ആർതർ മില്ലർ അടയാളപ്പെടുത്തുന്നുണ്ട്. ഗാർഹിക ചുറ്റുപാടുകൾ ആധുനിക ദുരന്തങ്ങൾക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നുവെന്നും സാധാരണ മനുഷ്യജീവിതത്തിൽ നിന്ന് നായകന്മാരെയും നായികമാരെയും സൃഷ്ടിക്കാനാവുമെന്നും അദ്ദേഹം പറയുന്നു. ഒരു കേന്ദ്ര കഥാപാത്രത്തിന്റെ ദുരന്തപര്യവസായിയായ ആഖ്യാനത്തിന് പകരം പല മനുഷ്യജീവിതത്തിലേയ്ക്ക് പടരുന്ന വ്യത്യസ്ത അടരുകളിലൂടെ ദുരന്തത്തെ ഹാസ്യത്തിലേയ്ക്കും തിരിച്ചും സംയോജിപ്പിച്ച് വിഷാദത്തിന്റെ കണ്ണികളെ ദൃഢമാക്കുകയാണ് ചലച്ചിത്രങ്ങൾ. അത് ഒരു വിനോദ തന്ത്രമാണ്. ദുഃഖം ആനന്ദമാർഗമാകുകയാണ്.

ശാലിനി എന്റെ കൂട്ടുകാരി എക്കാലത്തെയും ദുഃഖ പര്യവസായിയായ വിഷാദചലച്ചിത്രമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. ഒരു കഥാപാത്രത്തിന് വന്നു ചേർന്നേക്കാവുന്ന നിർഭാഗ്യകരമായ അവസ്ഥമാത്രമല്ല, പ്രിയപ്പെട്ടവരുടെ നഷ്ടം, ബന്ധത്തിന്റെ അവസാനം, മാനസികരോഗം, മരണം എന്നിങ്ങനെ പലതായി പടരുന്ന വിഷാദസന്ദർഭങ്ങളെല്ലാം ശാലിനിയിൽ സമന്വയിക്കുന്നു.

വിധിയോട് തോറ്റുപോകുന്ന മനുഷ്യരാണ് ശാലിനിയിലെ



കഥാപാത്രങ്ങൾ. ഒരു തരം അനാഥത്വം സഹോദരങ്ങളായ പ്രഭയുടെയും ശാലിനിയുടെയും ജീവിതത്തിലുണ്ട്. സ്വന്തം വീടിനുള്ളിൽ അന്യവൽക്കരിക്കപ്പെട്ടവരാണവർ. അമ്മയുടെ മരണവും അച്ഛന്റെ രണ്ടാം വിവാഹവും രണ്ടാനമ്മയുമായുള്ള മാനസിക അകലവുമാണ് ഈ അനാഥബോധത്തിന്റെ ഭൗതിക കാരണങ്ങൾ. എന്നാൽ കർക്കശക്കാരനായ അച്ഛൻ എന്ന പിതൃരൂപം കുടുംബം എന്ന ആശയത്തിനുള്ളിൽ സൃഷ്ടിച്ചുറപ്പിക്കുന്ന അധികാരബലതന്ത്രമാണ് അടിസ്ഥാന കാരണം. ആണധികാരവും അതുമായി ചേർന്നുനിൽക്കുകയോ പിൻപറ്റുകയോ ചെയ്യുന്ന മനോഭാവങ്ങളും ചേർന്നു നിർമ്മിക്കുന്ന വികാര രഹിതമായ കൂടായി കുടുംബം അനുഭവപ്പെടുന്നു. അവിടെ എല്ലാത്തരം വൈകാരികാനുഭവങ്ങളും ആവിഷ്കാരങ്ങളും റദ്ദാക്കപ്പെടുന്നു. കവിതയും ഏകാന്തതയും ഇഷ്ടപ്പെടുന്ന പ്രഭയ്ക്ക് (വേണുനാഗവള്ളി) മുറിയുടെ ചുമരുകൾവിട്ട് പറക്കാനാവുന്നില്ല. അയാളുടെ ആവിഷ്കാരങ്ങൾ ആരാലും വായിക്കപ്പെടാതെ പോകുന്നു. ശാലിനിയ്ക്ക് (ശോഭ) ഇഷ്ടമല്ലാത്ത വിവാഹത്തിൽനിന്ന് അവളെ രക്ഷിക്കാനാണ് പ്രഭ ആത്മഹത്യ ചെയ്യുന്നത്. സ്വയം ആവിഷ്കരിക്കാനോ പ്രതിരോധിക്കാനോ കഴിയാതെപോകുന്ന കഥാപാത്രത്തിന്റെ ദാരുണമായ പിൻവാങ്ങൽ.

ഒരു കാല്പനികന്റെ അകാലമരണം എന്നതിനപ്പുറത്തേയ്ക്ക് കുടുംബബന്ധങ്ങളുടെ അധികാര

ഘടനയ്ക്കുള്ളിൽ നിസ്സഹായനും നിരായുധനുമായിത്തീരുന്ന ഒരാളുടെ രക്തസാക്ഷിത്വത്തിന്റെ അടരുകൾ പ്രഭയുടെ മരണത്തിനുണ്ട്.

സ്നേഹവും സഹതാപവും അനുകമ്പയും കാരുണ്യവും കരുതലും നിസഹായതയും കൊത്തിയ ആണ്ടൽ വീണ്ടടയുന്നിടത്താണ് ശാലിനിയുടെ ജീവിതം കൂടുതൽ ശിഥിലമാകുന്നത്. സഹോദരന്റെ മരണം സൃഷ്ടിച്ച ശൂന്യതയെ ജയദേവന്റെ (സുകുമാരൻ) സാന്നിധ്യത്തിലൂടെ, പ്രണയം നൽകുന്ന അഭയത്തിലൂടെ മറികടക്കാനുള്ള ശാലിനിയുടെ കാമനയുടെ മേലാണ് രോഗം വന്നുഭവിക്കുന്നത്. പ്രണയത്തിൽനിന്നും മരണത്തിലേയ്ക്കുള്ള അവളുടെ യാത്രയുടെ വിഷാദ ഭരിദമായ അന്ത്യനിമിഷങ്ങളോട് കാഴ്ചക്കാർ താദാത്മ്യം പ്രാപിക്കുന്നു. കാരണം, ദുഃഖം മുഴുവൻ സമൂഹത്തെയും ഉൾക്കൊള്ളുന്നു. അവിടെ അച്ഛൻ, രണ്ടാനമ്മ, കാമുകൻ, ഭർത്താവ് എന്നെല്ലാമുള്ള ഖരരൂപങ്ങൾ അഴിയുന്നു. ഖനീഭൂതമായതിനെയെല്ലാം വിഷാദം അല്പനേരത്തേയ്ക്കെങ്കിലും അലിയിക്കുന്നു. ഈ ആർദ്രതയാണ് മോഹൻ സിനിമകളുടെ കലാതന്ത്രം.

രോഗം പ്രമേയമാകുന്ന മറ്റൊരു ചലച്ചിത്രമാണ് വിട പറയും മുമ്പേ (1981). അനാഥത്വത്തിലും അതിനെ തീവ്രമാക്കുന്ന രോഗാവസ്ഥയിലും ജീവിതത്തോടുള്ള അടങ്ങാത്ത തൃഷ്ണയിലുമാണ് നായകനായ സേവ്യർ നിർമ്മിക്കപ്പെടുന്നത്. അച്ചടക്കമില്ലാത്ത അനാർഭാടമായ ജീവിതവും നിഷ്ഠകൾ തെറ്റിക്കുന്ന സഞ്ചാരവുമാണ് സേവ്യറെങ്കിൽ അയാളുടെ മേലുദ്യോഗസ്ഥനായ ഗോവിന്ദൻ കുട്ടി ജീവിക്കുന്ന ഘടികാരമാണ്. ഭിന്നധ്രുവങ്ങളിലെ രണ്ട് മനുഷ്യ മാതൃകളെ സമാന്തരമായി ആഖ്യാനം ചെയ്യുന്നതിലൂടെ ജീവിതത്തിന്റെ ഗണിതപ്രശ്നങ്ങളെ സംബോധന ചെയ്യുകയാണ് ചലച്ചിത്രകാരൻ. മരണത്തിലേയ്ക്ക് നടന്നടുക്കുമ്പോഴും തീവ്രമായി ജീവിതത്തെ പ്രണയിക്കുന്ന അസാധാരണമായ അനുകമ്പയും സഹജീവി സ്നേഹവും പുലർത്തുന്ന സേവ്യർ, കൃത്യതയുടെ

**കുടുംബ, സമുദായ വിലക്കുകൾ ലംഘിച്ച് രണ്ട് വ്യക്തികൾ മാത്രമുള്ള ലോകം നിർമ്മിക്കാനാണ് പ്രണയം ശ്രമിക്കുന്നത്. അതുകൊണ്ടാവാം സമൂഹ-സമുദായ സദാചാരങ്ങൾക്ക് പ്രണയം അസ്വീകാര്യമാകുന്നത്. സാമൂഹിക ബന്ധങ്ങളിൽ ഇന്ന് പുലരുന്ന നിർവചനങ്ങളെ അതിലംഘിച്ചുകൊണ്ടുമാത്രമേ വ്യക്തികളുടെ ആനന്ദനിർഭരമായ ലയനം സാധ്യമാവുകയുള്ളു. സമുദായ വിലക്കുകൾ ചെന്നെത്താത്ത സ്വകാര്യ സങ്കേതങ്ങൾ തേടി പ്രണയ ശരീരങ്ങൾ അലഞ്ഞുതിരിയുന്നത് അതുകൊണ്ടാവാം.**

കള്ളികളിൽ ജീവിക്കുന്ന മാധവൻകുട്ടി, ഭാര്യയെന്ന പദവിക്കപ്പുറം ജീവിക്കാനാവാതെ ഉഴലുന്ന സുധ, ജീവിതത്തോട് കടപ്പാടും തൃഷ്ണകളോട് ആഭിമുഖ്യവും പുലർത്തുന്ന ഡോ. തോമസ്, പണിക്കർ, മനോഹരൻ, അയാളുടെ കാമുകി... എന്നിങ്ങനെ നിരവധി മനുഷ്യഗണങ്ങളെ പിന്തുടർന്നുകൊണ്ടാണ് ജീവിതത്തിന്റെ സ്വാഭാവികമോ ആസ്വാഭാവികമോ ആയ അന്ത്യനിമിഷത്തിൽ ചലച്ചിത്രം എത്തിച്ചേരുന്നത്. ഒരു കുടിലിൽ അനാഥനായി മരണം കാത്തു കിടക്കുന്ന സേവ്യറിന് ചുറ്റും ഈ മനുഷ്യരൂപങ്ങൾ സന്ധിക്കുന്നു. മരണം എന്ന യാഥാർത്ഥ്യത്തിന് മുന്നിൽ പ്രേക്ഷകരെ നിർത്തുന്ന സന്ദർഭമാണത്. ജീവിതത്തിന്റെ എടുപ്പുകളും സ്ഥാനമാനങ്ങളും ആ ദുഃഖപ്രവാഹത്തിൽ ഒലിച്ചുപോകുന്നിടത്ത് അനുകമ്പ ഉറവെടുക്കുന്നു. വികാര വിരേചനത്തിന്റെ ഒരു ക്ലാസിക്കൽ ചലച്ചിത്ര സന്ദർഭമാണ് വിട പറയുംമുമ്പേ.

'ദുരന്തം' എന്ന വാക്ക് അപരിഹാര്യമായ വിധിയുടെ മുനമ്പിൽ നിർക്കുകയോ, വീണുപോവുകയോ ചെയ്യുന്ന ജീവിത സന്ദർഭങ്ങളെയാണ് അർത്ഥമാക്കുന്നത്. ആ വിധിയാകട്ടെ ക്ഷണിച്ചുവരുത്തുന്നതോ വന്നുഭവിക്കുന്നതോ ആയേക്കാം. പരസ്പരം ആസ്വദിച്ച കൗതുകങ്ങളുടെ അന്ത്യത്തിൽ മരണത്തേക്കാൾ ദാരുണമായി ജീവിക്കേണ്ടിവരുന്ന രണ്ട് കഥാപാത്രങ്ങളെയാണ് രചന (1983)യിലൂടെ മോഹൻ ആവിഷ്കരിക്കുന്നത്. രചന പേരു സൂചിപ്പിക്കുംപോലെ എഴുത്തുകാരന്റെ ജീവിതമാണ്. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം നേടുന്ന ശ്രീപ്രസാദ് എന്ന എഴുത്തുകാരനെ തേടിയെത്തുന്ന പഴയ സുഹൃത്ത് കാണുന്നത് അവസാനിച്ചിട്ടും ഒഴുകുന്ന രണ്ട് ജീവിതങ്ങളെയാണ്.

നാട്ടുമ്പുറത്തുനിന്നും നഗരത്തിലെത്തുന്ന അച്യുതനുണ്ണിയിൽ അനുരാഗത്തിന്റെ വിത്തിടുകയും അയാളുടെ തൃഷ്ണകളെ കെട്ടഴിച്ചുവിടുകയും ചെയ്യുകയെന്ന ദൗത്യം സ്വന്തം ഭാര്യയെ എൽപ്പിക്കുന്ന എഴുത്തുകാരൻ ഒരു കഥാപാത്രത്തെ നിർമ്മിക്കുകയായിരുന്നു. ആ കളി പക്ഷെ കാര്യമായി. കഥാപാത്രം എഴുത്തുകാരന്റെ ചരട് പൊട്ടിച്ച് മരണത്തിലേയ്ക്ക് കുതറിവീണു. കുറ്റബോധത്തിന്റെ ആഘാതത്തിൽ എഴുത്തുകാരന്റെ ഭാര്യ ശാരദയുടെ ജീവിതം നിശ്ചലമായി. ദുരന്തങ്ങളുടെ ഒരു ചക്രവ്യൂഹത്തിലാണ് എഴുത്തുകാരന്റെ ജീവിതം. അത് ഭേദിച്ച് പുറത്തുവരാനാവാത്തതിന്റെ നിസ്സഹായതയും സംഘർഷവുമാണ് അയാളുടെ ജീവിതത്തെ നിതാന്ത വിഷാദത്തിലാഴ്ത്തുന്നത്.

വികാരസാന്ദ്രമായ പ്രണയാനുഭവം രണ്ട് മനസ്സുകൾ തമ്മിലുള്ള, ഉടലുകൾ തമ്മിലുള്ള ലയനമാണ്. ആനന്ദനിർഭരമായ നിമിഷങ്ങളിലൂടെ വ്യക്തികൾ അപൂർണ്ണതയെ തകർത്ത് പൂർണ്ണതയിൽ ലയിക്കുന്ന അഭിലാഷങ്ങളുടെ ആഘോഷമാണതെന്ന് പ്ലേറ്റോ. പ്രണയം ചുറ്റുപാടുകളുടെ വിലക്ക



കളെ വിസ്മരിച്ച് നിത്യതയിൽ അഭിരമിക്കുന്നു. അതുകൊണ്ടാണ് സമൂഹത്തിൽ ഇതര ജീവിതാനുഭവങ്ങൾക്ക് ലഭിക്കാത്ത പ്രാധാന്യം പ്രണയ/രതിയനുഭവങ്ങൾക്ക് ലഭിക്കുന്നത്. അലൗകിക സൗന്ദര്യത്തിന്റെ ഈ നിത്യതാസ്പർശം ചിലപ്പോൾ ഒറ്റനിമിഷത്തിൽ തകർന്നുവീണേക്കാം. വ്യക്തിയുടെ വികാരസാന്ദ്രമായ സ്വകാര്യതയും സമൂഹത്തിന്റെയും സമുദായത്തിന്റെയും ജാതിയുടെയും വികാരനിരപേക്ഷമായ 'ധാർമ്മികത'യും പരസ്പരം ഏറ്റുമുട്ടുന്ന സന്ദർഭമാണത്. മോഹന്റെ മംഗളം നേരുന്നു (1984) കടന്നുപോകുന്നത് ഈ സന്ദർഭങ്ങളിലൂടെയാണ്. ഊട്ടിയിൽ താമസിക്കുന്ന മധുവും ഉഷയും തമ്മിലുള്ള പ്രണയം സാമൂഹിക സദാചാരത്തിന്റെ വിചാരണയിൽ വഴിപിരിയുന്നു. ഉഷയുടെ പിതാവ് രവീന്ദ്രമേനോൻ അല്ലെന്നും അവളുടെ മാതാവ് രജനി ജീവിത ദുരന്തങ്ങളിൽപ്പെട്ട് വഴിതെറ്റിപ്പോയ സ്ത്രീയായിരുന്നുവെന്നും വെളിപ്പെടുത്തുന്നതോടെ നിശബ്ദനായി പടിയിറങ്ങിപ്പോകുന്ന മധുവിനെ കുറ്റപ്പെടുത്താതെ മംഗളം നേരുന്ന ഉഷയുടെ നിസ്സഹായതയിലാണ് ചലച്ചിത്രം അവസാനിക്കുന്നത്. രവീന്ദ്രമേനോന്റെ ദാമ്പത്യം അസാധ്യമായതും രജനിയുടെ ജീവിതവഴികൾ തെറ്റിയതും ഉഷ അനാഥയായതും അവരുടെ തെരഞ്ഞെടുപ്പായിരുന്നില്ല. വിധിയുടെ വ്യത്യസ്തമായ കൈവഴികളിലൂടെ ഒഴുകി ഒന്നായ ജീവിതങ്ങൾ. രക്തബന്ധത്തിൽ ലീനമായിരിക്കുന്ന സദാചാരത്തിന്റെയും ധാർമ്മികതയുടെയും കല്പനകളെ സ്നേഹത്തിന്റെ, മനുഷ്യത്വത്തിന്റെ, അനുകമ്പയുടെ ആർദ്രതയാൽ ലംഘിക്കുകയാണ് ചലച്ചിത്രം. അലിവ് ഒരു ദൗർബല്യമായല്ല, അപരത്വത്തോടുള്ള അനുഭാവമായാണ് മാറുന്നത്. ഉപേക്ഷിക്കലിന്റെ തീവ്രവേദനയിലും വരാനിരിക്കുന്ന തിരസ്കാരത്തിന്റെ യാതനകളെക്കുറിച്ചുള്ള വിചാരമാവണം മധുവിനെ പിരിയാൻ ഉഷയെ പ്രാപ്തയാക്കുന്നത്. ഭൂതകാലവും പിതൃത്വവും പാരമ്പര്യവും തറവാട്ട് ഘോഷണങ്ങളും ചേർന്ന് അടർത്തിമാറ്റുന്ന അനേകം പ്രണയസ്മാരകങ്ങളുടെ ഓർമ്മയിൽ പ്രേക്ഷകമനസ്സ് ചലച്ചിത്രവുമായി താദാത്മ്യപ്പെടുന്നു.

'രണ്ടുപേർ ചുംബിക്കുമ്പോൾ ലോകം മാറുന്നു...” എന്ന് ഓക്ടോവിയ പാസ്. “സ്നേഹിക്കുകയെന്നാൽ പോരാടുകയെന്നാണ്, കതകുകൾ തുറക്കുകയെന്നാണ്...” എന്നും കവിത തുടരുന്നു. എന്നിട്ട് പോരാട്ടം നടന്നോ? കതകുകൾ മലർക്കെ തുറക്കുകയും ഉടലുകൾക്ക് ചിറകുമുളയ്ക്കുകയും അഭിലാഷങ്ങൾ പറന്നുയരുകയും വീഞ്ഞ് വീഞ്ഞായും ജലം ജലമായും അതിന്റെ ആത്മത്തെ, സ്വത്വത്തെ വീണ്ടെടുക്കുകയും ചെയ്തോ? പ്രണയവും ചുംബനവും ലോകത്തെ, ജീവിതത്തെ മാറ്റിമറിക്കുക തന്നെ ചെയ്തു. പക്ഷെ  സിനിമയിൽ മാറിയത് ലോകമല്ല, പ്രണയമാണ്. ചുംബനമാകട്ടെ പ്രണയത്തിലേയ്ക്കോ കലാപത്തിലേയക്കോ പരിഭാഷപ്പെട്ടതുമില്ല. ഇസബെല്ല (1988) യുടെ മരണം അനിവാര്യമായ ദുരന്തമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. രക്തബന്ധങ്ങളുടെയും കടപ്പാടുകളുടെയും വ്യത്യസ്തമായ ദേശവൃത്തങ്ങളിൽ ചുറ്റിത്തിരിഞ്ഞ സ്തമിച്ച രണ്ട് ജീവിതങ്ങളായിരുന്ന ഇസബെല്ലയും ഉണ്ണികൃഷ്ണമേനോനും.


കുടുംബ, സമുദായ വിലക്കുകൾ ലംഘിച്ച് രണ്ട് വ്യക്തികൾ മാത്രമുള്ള ലോകം നിർമ്മിക്കാനാണ് പ്രണയം ശ്രമിക്കുന്നത്. അതുകൊണ്ടാവാം സമൂഹ-സമുദായ സദാചാരങ്ങൾക്ക് പ്രണയം അസ്വീകാര്യമാകുന്നത്. സാമൂഹിക ബന്ധങ്ങളിൽ ഇന്ന് പുലരുന്ന നിർവചനങ്ങളെ അതിലംഘിച്ചുകൊണ്ടുമാത്രമേ വ്യക്തികളുടെ ആനന്ദനിർഭരമായ



ലയനം സാധ്യമാവുകയുള്ളൂ. സമുദായ വിലക്കുകൾ ചെന്നെത്താത്ത സ്വകാര്യ സങ്കേതങ്ങൾ തേടി പ്രണയ ശരീരങ്ങൾ അലഞ്ഞുതിരിയുന്നത് അതുകൊണ്ടാവാം. സമൂഹത്തിന്റെ സദാചാര കൽപനകളെ ലംഘിക്കാനാവാതെ വ്യക്തികളുടെ പ്രണയാവിഷ്കാരങ്ങൾ സാധ്യമല്ലെന്നുവരുമ്പോഴാണ് ഏറ്റവും സുരക്ഷിതമായ ഒളിയിടങ്ങളായി മരണം കടന്നുവരുന്നത്. ഉണ്ണികൃഷ്ണ മേനോന്റെയും ഇസബെല്ലയുടെയും പ്രണയം ഒടുവിലെത്തിച്ചേരുമായിരുന്ന അനിവാര്യലയനത്തിൽ നിന്ന് കുതറിപ്പോകുന്നു. ആത്മഹത്യാമുനമ്പിൽ നിന്നും അവളെ വീണ്ടെടുക്കാൻ അയാൾക്കായില്ല. ഒരാൾ മരണത്തിലേയ്ക്കും മറ്റയാൾ നിരാശാഭരിതമായ ജീവിതത്തിലേയ്ക്കും ശിക്ഷിക്കപ്പെട്ടു.

ദുഃഖവും യാതനയും വിഷാദവും കുടിപാർക്കുന്ന ഇടമായാണ് പ്രണയത്തെ മോഹൻ ആവിഷ്കരിച്ചത്. അനുശീലന വ്യവസ്ഥയിലൂടെ കാലാകാലങ്ങളായി ക്രമപ്പെടുത്തിയ ശരീരം സമൂഹത്തിന്റെ കൽപനകളെ ലംഘിക്കുന്ന കാമനകളിലേക്ക് ചിലപ്പോൾ തുളുമ്പിപ്പോകും. പ്രണയം ദാമ്പത്യത്തിൽ അവസാനിക്കുന്ന കേവല ആഖ്യാനങ്ങളെ വിട്ട് പുറത്തുചാടും. അത് ശരീരം കടന്നുപോകുന്ന കഠിനമായ അനുഭവത്തിന്റേതുകൂടിയാണ്. ദാമ്പത്യത്തിന്റെ വർത്തമാനത്തിൽനിന്നും പ്രണയത്തിന്റെ ഭൂതകാലത്തിലേയ്ക്ക് വ്യക്തികാമനകൾ സഞ്ചരിക്കുന്ന ചകിതമായ ദൂരമാണ് പക്ഷെ (1994) എന്ന ചലച്ചിത്രം. വ്യക്തികളുടെ അഭിലാഷങ്ങൾക്ക് സ്വതന്ത്രമാകാൻ ശരീരത്തെയും, അതിനെ ചൂഴ്ന്നുനിൽക്കുന്ന ഓർമ്മകളെയും അഴിച്ചെടുക്കേണ്ടിവരും. ശൂന്യമായ മനസ്സിലേക്കുള്ള ശരീരത്തിന്റെ കൂടുമാറ്റത്തിലൂടെ ഭൂതകാലത്തെ പൂർണ്ണമായും വീണ്ടെടുക്കാനാവുമെന്ന സ്വപ്നത്തിന്റെ വ്യർത്ഥതയാണ് ബാലചന്ദ്രനും നന്ദിനിയും. ഭർത്താവ് എന്ന വർത്തമാനത്തിൽനിന്നും കാമുകൻ എന്ന ഭൂതകാല അനുഭവത്തിലേക്കുള്ള മടക്കമാണ് പക്ഷെയിലെ നായകന്റേത്. നന്ദിനിയുടേത് പോയകാലത്തിന്റെ നിരുപാധികമായ തിരിച്ചുവരവാണ്.

സ്വന്തം ജീവിത പരിസരത്തിൽനിന്നും ഒളിച്ചോടുന്ന ബാലചന്ദ്രനും പിൽക്കാലം എഴുത്തുകാരിയായി ത്തീർന്ന നന്ദിനിയും യാദൃച്ഛികമായി കണ്ടുമുട്ടുന്നു. ആ കണ്ടുമുട്ടൽ അവരെ ഭൂതകാലത്തേയ്ക്ക് നയിക്കുകയും ആനന്ദകരമായ ആ നിമിഷങ്ങൾ വീണ്ടെടുക്കാനാവുമെന്ന പ്രതീക്ഷ ഉണർത്തുകയും ചെയ്യുന്നു. എന്നാൽ അവരുടെ പ്രണയം വർത്തമാനകാലത്തെ സ്പർശിക്കുന്നില്ല. അലൗകിക സൗന്ദര്യമായും ആനന്ദാനുഭവമായും പൂർണ്ണത തേടുന്ന പ്രണയ നിമിഷങ്ങൾക്ക് വിലങ്ങനെ കുടുംബവും കുട്ടികളും വന്നുനിൽക്കുന്നു. തെരഞ്ഞെടുപ്പിന്റെ കഠിനമായ നിമിഷം. ബാലചന്ദ്രൻ ദാമ്പത്യത്തിന്റെ വർത്തമാനകാലത്തേയ്ക്ക് തിരികെ നടക്കുന്നു. വ്യക്തിക്ക് പ്രണയം വാഗ്ദാനം ചെയ്യുന്ന ആനന്ദാനുഭൂതിയും സ്വാതന്ത്ര്യവും ദാമ്പത്യ/കുടുംബ വ്യവസ്ഥകളുള്ളിൽ അഴിഞ്ഞുപോകുന്നു. നിരാശാഭരിതരായ രണ്ടുവ്യക്തികളിൽ നിന്ന് ആനേകം കാണികളിലേയ്ക്ക് അവരുടെ വ്യർത്ഥ കാമനകൾ വിലയംകൊള്ളുന്നു. പക്ഷെ... എന്ന അപൂർണ്ണതയിൽ, എന്തോ പറയാൻ ബാക്കിവച്ച് ദുഃഖസാന്ദ്രമായ വിടവാങ്ങലിൽ സിനിമ അവസാനിച്ചു. ബന്ധങ്ങളുടെ കൂടിച്ചേരലും വേർപാടും ഒരേ സന്ദർഭത്തിൽ സംഭവിക്കുന്നു.



മാനവ ചരിത്രത്തിലുടനീളം കലയേയും സാഹിത്യത്തെയും ആഴത്തിൽ സ്വാധീനിച്ച വിഷയമാണ് വിഷാദം. സാർവത്രികമായ മനുഷ്യാനുഭവം എന്ന നിലയിൽ കാണികളുമായി അത് താദാത്മ്യം പ്രാപിക്കുന്നു. വിഷാദം ആപേക്ഷികവും എന്നാൽ ആധികാരികവുമാണ്. ജീവിതത്തിൽ അതെപ്പോഴും അന്തർലീനമായിരിക്കും. വിഷാദം അഗാധമായ ദുഖത്തിന്റെയും അന്ധകാരത്തിന്റെയും വികാരമാണ്. അത് പലപ്പോഴും നഷ്ടവുമായോ ആഗ്രഹവുമായോ ചേർന്നു നിൽക്കുന്നു. കാമനകളുടെ ഈ മുറിവുകളിലാണ് മോഹന്റെ ചലച്ചിത്രങ്ങൾ ശ്രദ്ധചെലുത്തിയത്.

വൈകാരികമായ ആഴത്തെ അത് ദൃശ്യപ്പെടുത്തി. കഥാപാത്രങ്ങൾ, കഥയുടെ അടരുകൾ, പ്രമേയം എന്നിവയിലെല്ലാം ലീനമായ വിഷാദം ആഖ്യാനത്തെ വൈകാരികവും സങ്കീർണവുമാക്കി. ശാലിനിയുടെ അകാലവിയോഗം (ശാലിനി എന്റെ കൂട്ടുകാരി) നിത്യതയെ പുൽകുന്ന തീവ്രാനുഭവമാകുന്നത് അതിനാലാണ്. സേവ്യർ അപരിഹാര്യമായ വേർപാടിന്റെ, അനാഥത്വത്തിന്റെ (വിട പറയുംമുമ്പേ) എക്കാലത്തേയും ഓർമ്മയാണ്. മരണത്തേക്കാൾ ദാരുണമായി ജീവിതമാണ് ശ്രീപ്രസാദിനെയും ശാരദയേയും (രചന) ചൂഴുന്നത്. അതാകട്ടെ കുടുംബം എന്ന ആനന്ദഭരിതമായ ഭൂതകാലത്തെ വിഷാദത്തിന്റെ കുടീരമാക്കുന്നു. ശ്രീപ്രസാദിന്റെ ആത്മനിന്ദയും കുറ്റബോധവും അവരവരിലേയ്ക്ക് നീളുന്ന വിഷാദഭരിതമായ ആത്മവിമർശനമായി അനുഭവപ്പെടും. ജീവിതം വഴുതിപ്പോകുന്നത് നിസ്സായയായി നോക്കിനിൽക്കേണ്ടിവരുന്ന ഉഷയേറ്റുവാങ്ങുന്നത് (മംഗളം നേരുന്നു) തന്റേതല്ലാത്ത കുറ്റത്തിന്റെ ശിക്ഷയാണ്. രാത്രിയിൽ, ഇരുൾ മറയിലേയ്ക്ക് നടന്നുമറയുന്ന മധു ആൺലോകത്തിന്റെ കുറ്റബോധമായിത്തീരുന്നുണ്ട്. ആ വിഷാദം പ്രേക്ഷക മനസ്സിന്റെ അത്യന്തം സ്വകാര്യമായ ഉരുൾപൊട്ടലുകളായി പരിണമിക്കുന്നു. ഉഷയെ ജീവിതത്തിന്റെയും ഇസബെല്ലയെ ആത്മഹത്യയുടെയും മുനമ്പിൽ നിർത്തുന്നതിലൂടെ വിഷാദത്തിന്റെ സാർവത്രികതയെയാണ് മോഹനൻ ആഖ്യാനം ചെയ്തത്. ബാലചന്ദ്രനും നന്ദിനിയും (പക്ഷെ...) ആ വിഷാദത്തിന്റെ സാർവലൗകികമായ അപൂർണ്ണവാക്യമാണ്. മോഹന്റെ ചലച്ചിത്ര വിഷാദകാവ്യങ്ങളെ ഇങ്ങനെ ചുരുക്കി വായിക്കാം. തീവ്രമായ വികാരങ്ങളിലും മനുഷ്യാവസ്ഥയുടെ സ്വാഭാവിക വിധിയിലും ഉദാത്തമായ പ്രണയത്തിലും അപരിഹാര്യമായ വേർപാടിലും ഊന്നിയ പ്രമേയങ്ങളിലൂടെ മോഹൻ തന്റെ ചലച്ചിത്രങ്ങളെ കാല്പനിക അനുഭവങ്ങളാക്കി. ഇരുട്ട്, ഏകാന്തത, നഷ്ടം, ഒറ്റപ്പെടൽ എന്നീ ജീവിതാവസ്ഥയിലൂടെ സഞ്ചരിച്ച ചലച്ചിത്രങ്ങൾ മനുഷ്യ മനസിലേയ്ക്കുള്ള പര്യവേക്ഷണങ്ങളായിരുന്നു. അസംബന്ധം, നിരാശ, അർത്ഥം തേടൽ എന്നിവയിലൂടെ മോഹൻ ചിത്രങ്ങൾ കലാ-സാഹിത്യ ആധുനികതയെ ചൂഴ്ന്ന അസ്തിത്വവാദത്തിന്റെ പ്രമേയങ്ങൾ പങ്കുവയ്ക്കുന്നു. പല അടരുകളുള്ള ആഖ്യാനങ്ങളിലൂടെ ആധുനിക കേരളീയ നാഗരിക ജീവിതത്തിന്റെ ശിഥിലമായ കാമനകളെ വിഷാദാത്മകമായി അവിഷ്കരിക്കുകയായിരുന്നു മോഹൻ. കഥാപാത്രങ്ങളുടെ അന്ത്യങ്ങളിൽ, ദുരന്ത പരിസമാപ്തികളിൽ അവസാനിക്കാത്ത വിഷാദത്തിന്റെ നീട്ടിയെടുക്കലായിരുന്നു ആ ചലച്ചിത്രങ്ങൾ.

■ ഉണ്ണികൃഷ്ണൻ കളമുള്ളതിൽ
ശ്രീവ്യാസ എൻ.എസ്.എസ് കോളേജ് വടക്കാഞ്ചേരി

# മാർക്സിന്റെ സാഹിത്യശൈലി

മാർക്സ് എന്ന വാക്കിനൊപ്പം ഏറ്റവും കൂടുതലായി ആലോചിക്കപ്പെടുന്ന വാക്കുകൾ എന്തൊക്കെയാവാം?, രാഷ്ട്രീയം, ആശയം, തത്വചിന്ത, പ്രക്ഷോഭം, വിപ്ലവം തുടങ്ങിയവയെല്ലാം ആകാനാണ് കൂടുതൽ സാധ്യത. സാഹിത്യശൈലി എന്നൊരാശയം അത്ര എളുപ്പത്തിൽ മാർക്സിനോടൊത്ത് ആലോചിച്ച് പോവാനിടയില്ല. രാഷ്ട്രീയ പ്രയോഗം എന്ന അർത്ഥത്തിൽ മാർക്സിയൻ ശൈലി എന്ന വാക്കും അതിന്റെ നാനാർത്ഥത്തിലുള്ള പ്രയോഗങ്ങളും നമ്മുടെ നാട്ടിലെങ്കിലും വളരെ സാധാരണമാണ് താനും. ലുഡോവികോ സിൽവ എന്ന എഴുത്തുകാരൻ രചിച്ച മാർക്സിന്റെ സാഹിത്യ ശൈലി എന്ന പുസ്തകം ഈ സന്ദർഭത്തിലാണ് ഏറെ പ്രസക്തമാവുന്നത്. കവി, ഉപന്യാസകാരൻ, തത്വചിന്താ അധ്യാപകൻ, എഡിറ്റർ എന്നീ നിലകളിലെല്ലാം തന്റേതായ മുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയാണ് വെനിസ്വേലക്കാരനായ ഈ എഴുത്തുകാരൻ . 1971ൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകം 2023ലാണ് ആദ്യമായി ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യപ്പെടുന്നത്.

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ നൂറ്റമ്പതാം വാർഷികത്തിന്റെ സന്ദർഭത്തിൽ എഴുതിയ ഒരു ലേഖനത്തിൽ സിൽവയുടെ രചന വീണ്ടും പ്രസിദ്ധീകരിക്കണമെന്ന ആവശ്യം വിഖ്യാത നോവലിസ്റ്റും എഴുത്തുകാരനുമായ ഉമ്പർട്ടോ എക്കോ ഉന്നയിച്ചിരുന്നു. മാർക്സ് ജീവിച്ചിരുന്ന കാലത്തു തന്നെ അദ്ദേഹത്തിന്റെ സമകാലികനും സഖാവുമായ വില്യം ലീബ്ക്നെഹ്ത്, മാർക്സിന്റെ ആദ്യ ജീവചരിത്രകാരനായ ഫ്രാൻസ് മെഹ്റിങ് എന്നിവർ മാർക്സിന്റെ സാഹിത്യ ശൈലിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എങ്കിലും മാർക്സിന്റെ സാഹിത്യ ശൈലിയെക്കുറിച്ചുള്ള ഗൗരവമായ ആലോചനകൾ പില്ക്കാലത്തു മാത്രമാണ് നടന്നതെന്നതാണ് വസ്തുത.

ഇത്തരത്തിലുള്ള ആലോചനകളെ കുറേക്കൂടി വിപുലപ്പെടുത്തുകയാണ് നൂറ്റി ഇരുപത്തിയാറ് പുറങ്ങൾ മാത്രമുള്ള തന്റെ കൃതിയിൽ സിൽവ ചെയ്യുന്നത്. ഈ പുസ്തകത്തിന്റെ വായനയിൽ നിന്നും ഒരു കാര്യം വളരെ വ്യക്തമായി തന്നെ സിൽവ മുന്നോട്ട് വെക്കുന്നതായി മനസ്സിലാക്കാൻ കഴിയും, ആശയങ്ങളെ ഉടുത്തൊരുക്കുന്ന അലങ്കാരമായല്ല, ഉള്ളടക്കത്തിന്റെ തന്നെ അവിഭാജ്യ ഘടകമായാണ് മാർക്സ് ശൈലിയെ കണക്കാക്കിയിരുന്നത്.

മാർക്സിന്റെ രചനകളിലെ ആശയങ്ങളും അത്തരം ആശയങ്ങൾ സംവദിക്കാനായി മാർക്സ് ഉപയോഗപ്പെടുത്തുന്ന വിവിധ ശൈലീ രൂപങ്ങളും, വിശിഷ്യാ രൂപകങ്ങൾ, തമ്മിലുള്ള പാരസ്പര്യത്തിലാണ് സിൽവയുടെ പുസ്തകത്തിന്റെ ഊന്നൽ. ആമുഖവും പിൻകുറിപ്പും അടക്കം അഞ്ച് അധ്യായങ്ങളാണ് പുസ്തകത്തിൽ ഉള്ളത്. വൈരുധ്യാത്മകതയുടെ ആവിഷ്കാരവും ആവിഷ്കാരത്തിന്റെ വൈരുധ്യാത്മകതയും വ്യത്യസ്ഥങ്ങളായല്ല, അവിഭാജ്യങ്ങളായാണ് മാർക്സിന്റെ രചനകളിൽ പ്രത്യക്ഷമായതെന്ന് എഴുത്തുകാരൻ നിരീക്ഷിക്കുന്നു.

ശൈലിയെക്കുറിച്ച് സിൽവ നടത്തുന്ന നിരീക്ഷണം ശ്രദ്ധേയമാണ്:

ശാസ്ത്രീയമായി കൃത്യമായ പദങ്ങൾ പ്രയോഗിക്കുന്നതിൽ മാത്രം തൃപ്തനാകാതെ, സത്യം എന്ന അറിവിനെ ആവിഷ്കാരപരവും സൗന്ദര്യപരമായി യോജിപ്പുള്ളതുമായ ഭാഷയിലേക്ക് ഉയർത്താൻ ആഗ്രഹിക്കുന്ന ഒരു സാഹിത്യ മനസ്സാക്ഷിയെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. ശാസ്ത്രത്തിന്റെ യുക്തിസഹമായ നിർമ്മിതിയാണ് അതിന്റെ വാസ്തുവിദ്യയെന്നും, ആ വാസ്തുവിദ്യയ്ക്ക് രൂപവും ആത്മാവും നൽകാൻ ഭാഷയ്ക്ക് കൈവശമുള്ള എല്ലാ വിഭവങ്ങളും വിനിയോഗിക്കാൻ തയ്യാറായ ഒരു മനസ്സാക്ഷിയാണത്. ബോധപൂർവ്വം ആവിഷ്കാരത്തിന്റെ ഇച്ഛാശക്തിയുടെ സേവനത്തിൽ തന്റെ പ്രതിഭയെ സമർപ്പിക്കുന്ന, അറിവിനെയും സൗന്ദര്യബോധത്തെയും ഒരേ ശ്വാസത്തിൽ ചേർത്തു പിടിക്കുന്ന ഒരു സൃഷ്ടിപരമായ മനസ്സാക്ഷിയെയാണ് ഇവിടെ ഞാൻ സൂചിപ്പിക്കുന്നത്. (1-2)

ശൈലിയെ വളരെ പ്രാധാന്യമുള്ള ഒന്നായിത്തന്നെയാണ് മാർക്സും മനസ്സിലാക്കിയിരുന്നത്. പ്രഷ്യയിലെ രാജാവായിരുന്ന ഫ്രഡറിക് വില്യം നാലാമന്റെ കാലത്ത് കൊണ്ടുവന്ന മാധ്യമ സെൻസർഷിപ്പ് നയങ്ങളെ വിമർശിച്ചെഴുതിയ ലേഖനങ്ങളിൽ ശൈലിയുടെ പ്രാധാന്യത്തെക്കുറിച്ച് മാർക്സ് വ്യക്തമാക്കുന്നുണ്ട്. സ്വതസിദ്ധമായ ശൈലി ഉപേക്ഷിച്ച്, ഭരണകൂടം നിർദ്ദേശിക്കുന്ന രീതിയിൽ എഴുതാനായി ആവശ്യപ്പെടുന്ന നയത്തെ കണക്കറ്റ് പരിഹസിക്കുകയാണ് മാർക്സ് ചെയ്യുന്നത്.

"നിയമം എന്നെ എഴുതാൻ അനുവദിക്കുന്നു—എന്നാൽ എന്റേതല്ലാത്ത ഒരു ശൈലിയിലേക്കു മാത്രം എന്നെ ബന്ധിപ്പിച്ചുകൊണ്ടാണ് അത് ഈ അനുവാദം നൽകുന്നത്... ഞാൻ നർമ്മബോധമുള്ളവനാണ്; എന്നാൽ നിയമം എന്നോട് ഗൗരവമായി മാത്രം എഴുതാൻ ആവശ്യപ്പെടുന്നു. ഞാൻ ധൈര്യ

**ശൈലിയെ വളരെ പ്രാധാന്യമുള്ള ഒന്നായിത്തന്നെയാണ് മാർക്സും മനസ്സിലാക്കിയിരുന്നത്. പ്രഷ്യയിലെ രാജാവായിരുന്ന ഫ്രഡറിക് വില്യം നാലാമന്റെ കാലത്ത് കൊണ്ടുവന്ന മാധ്യമ സെൻസർഷിപ്പ് നയങ്ങളെ വിമർശിച്ചെഴുതിയ ലേഖനങ്ങളിൽ ശൈലിയുടെ പ്രാധാന്യത്തെക്കുറിച്ച് മാർക്സ് വ്യക്തമാക്കുന്നുണ്ട്. സ്വതസിദ്ധമായ ശൈലി ഉപേക്ഷിച്ച് , ഭരണകൂടം നിർദ്ദേശിക്കുന്ന രീതിയിൽ എഴുതാനായി ആവശ്യപ്പെടുന്ന നയത്തെ കണക്കറ്റ് പരിഹസിക്കുകയാണ് മാർക്സ് ചെയ്യുന്നത്.**

ശാലിയാണ്; എന്നാൽ എന്റെ ശൈലി എളിമയുള്ളതായിരിക്കണമെന്ന നിയമം കൽപ്പിക്കുന്നു... ചാരനിറം—പൂർണ്ണമായും ചാരനിറം—സ്വാതന്ത്ര്യത്തിന്റെ ഏകവും ശരിയായതുമായ നിറമാണെന്ന നിലപാടാണ് നിങ്ങൾക്കുള്ളത്. ആത്മാവിന്റെ ഏറ്റവും അടിസ്ഥാനപരമായ രൂപം പ്രസന്നതയും പ്രകാശവുമാണ്; എന്നാൽ നിങ്ങൾ അതിന്റെ ഏക പ്രകടനമായി നിഴലിനെ മാത്രമേ അനുവദിക്കുന്നുള്ളൂ—അത് കറുപ്പ് നിറത്തിൽ മാത്രമേ ധരിക്കാവൂ; എന്നാൽ പൂക്കൾക്കിടയിൽ കറുപ്പ് നിറമില്ലല്ലോ. ആത്മാവിന്റെ സത്ത എപ്പോഴും സത്യമാണ്; എന്നാൽ നിങ്ങൾ അതിന്റെ സത്തയെ എന്താക്കി ചുരുക്കുന്നു? എളിമയായി. അല്ലെങ്കിൽ ഷില്ലർ പറയുന്ന പോലെ പ്രതിഭയുടെ എളിമയാണ് യഥാർത്ഥ എളിമ എങ്കിൽ, ആദ്യം നിങ്ങളുടെ എല്ലാ പൗരന്മാരെയും—അതിലുപരി നിങ്ങളുടെ സെൻസർമാരെയെങ്കിലും—പ്രതിഭകളാക്കി മാറ്റുക."

ഈ എതിർപ്പുകളും ചലനങ്ങളും ഏറ്റവും വ്യക്തമായി തെളിഞ്ഞു കാണുന്നത് മാർക്സും പ്രൂധോണും തമ്മിലുള്ള ബൗദ്ധിക ഏറ്റുമുട്ടലിലൂടെയാണ്—സിൽവ ഉദ്ധരിക്കുന്ന ഉദാഹരണങ്ങളിൽ ഒന്നിനെ കടമെടുത്താൽ. ഹെഗലിയൻ വൈരുദ്ധ്യാത്മകതയെ, 'തീസിസ് – വിരുദ്ധത – സമന്വയം' എന്ന പ്രസിദ്ധമായ ത്രികോണത്തിലൂടെ സംഗ്രഹിച്ച്, ചരിത്രവികാസത്തിൽ അതിന്റെ യുക്തിസഹമായ പ്രയോഗം പ്രൂധോൺ തെളിയിക്കാൻ ശ്രമിച്ചു.

എന്നാൽ തത്ത്വചിന്തയുടെ ദാരിദ്ര്യം എന്ന രചനയിൽഇതിനോട് മാർക്സ് ഇതിന് പ്രതികരിക്കുന്നത് ഇങ്ങനെയാണ്:

പതിനെട്ടാം നൂറ്റാണ്ട് വ്യക്തിവാദത്തിന്റെ നൂറ്റാണ്ടായിരുന്നതു പോലെ, പതിനൊന്നാം നൂറ്റാണ്ട് അധികാരത്തിന്റെ നൂറ്റാണ്ടായിരുന്നു എന്നുപറയാം. എന്നാൽ യുക്തിസഹമായ ക്രമത്തിൽ, നൂറ്റാണ്ടിനെ നിർണ്ണയിച്ചത് അതിന്റെ തത്വമല്ല; മറിച്ച്, തത്വത്തിന്റേതായിരുന്നു ആ നൂറ്റാണ്ട്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ചരിത്രത്തെ സൃഷ്ടിച്ചത് തത്വമാണ്; തത്വത്തെ സൃഷ്ടിച്ചത് ചരിത്രമല്ല. (6)

ഇരുപത്തിയഞ്ച് വയസ്സ് മാത്രം പ്രായമുള്ളപ്പോൾ മാർക്സ് എഴുതിയ ലേഖനങ്ങളിലെല്ലാം വളരെ ശക്തമായ ഈ ഭാഷാ പ്രയോഗങ്ങൾ കാണാൻ കഴിയും. അമൂർത്തമായ കാല്പനിക ഭാഷയിൽ പ്രണയ കവിതകൾ എഴുതിക്കൊണ്ടിരുന്ന മാർക്സിൽ നിന്നും യാഥാർഥ്യത്തിന്റെ, ഭിന്ന പ്രകാരങ്ങളെ ആവിഷ്കരിക്കാൻ പര്യാപ്തമായതും വസ്തുനിഷ്ഠതയുടെ മുറുക്കമുള്ളതുമായ ഒരു

മൂർത്ത ഭാഷാശൈലിയിലേക്കുള്ള മാർക്സിന്റെ പരിവർത്തനത്തെ ഈ പുസ്തകത്തിൽ സിൽവ രേഖപ്പെടുത്തുന്നു. മാർക്സിന്റെ പക്വമായ സാഹിത്യ ശൈലിയുടെ രൂപപ്പെടലിനെ പ്രധാനമായും

നാല് തലത്തിലായാണ് സിൽവ അടയാളപ്പെടുത്തുന്നത്; ആദ്യ

കാലത്തെ പ്രണയകവിതകൾ, ക്ലാസ്സിക് ഭാഷകളായ ഗ്രീക്ക്, ലാറ്റിൻ എന്നിവയിൽ നടത്തിയ ആഴത്തിലുള്ള പഠനങ്ങൾ, സാഹിത്യപരവും ഭാഷാപരവുമായവ ; രൂപകപരമായ ആദർശവൽക്കരണത്തോടുള്ള അദ്ദേഹത്തിന്റെ യൗവനകാലത്തെ അഭിനിവേശം ; തന്റെ തന്നെ ആദ്യകാല സാഹിത്യ പരിശ്രമങ്ങൾക്ക നേരെ മാർക്സ് കാണിച്ച അതി നിശിതമായ വിമർശം എന്നിവയാണവ. ഇത്തരത്തിൽ നിരവധി ഘട്ടങ്ങളിലൂടെയാണ് പില്ക്കാല രചനകളിൽ കാണുന്ന ഭാഷാ പ്രയോഗത്തിന്റെ അനന്യമായ ശൈലിയിലേക്ക് മാർക്സ് എത്തിച്ചേർന്നത്. മാർക്സ് പ്രസിദ്ധീകരണത്തിനായി ജാഗ്രതയോടെ എഴുതിപ്പൂർത്തിയാക്കിയ കൃതികളും, പ്രസിദ്ധീകരണത്തിനാവശ്യമായ രീതിയിലുള്ള ശ്രദ്ധയോടെ കൈകാര്യം ചെയ്യിട്ടില്ലാത്ത കൈയെഴുത്തുപ്രതികളായും നോട്ട്ബുക്കുകളായും ചിതറിക്കിടക്കുന്ന രചനകളും തമ്മിലുള്ള വ്യക്തമായ വേർതിരിവാണ് പുസ്തകത്തിലുടനീളം സിൽവ ശക്തമായി മുന്നോട്ടുവയ്ക്കുന്നത്.

ഇവയെല്ലാം രാഷ്ട്രീയ സമ്പദ്വ്യവസ്ഥയുടെ വിമർശനമെന്ന ഒരൊറ്റ മഹാപദ്ധതിയുടെ ഘടകങ്ങളാണെങ്കിലും, പ്രസിദ്ധീകരണത്തിനായി മാർക്സ് സവിശേഷ ശ്രദ്ധപതിപ്പിച്ച കൃതികളിലാണ്, പ്രത്യേകിച്ച് മൂലധനം ഒന്നാം വാല്യത്തിൽ, മാർക്സിയൻ സാഹിത്യശൈലിയുടെ സമുജ്ജ്വലമായ ഉദാഹരണങ്ങൾ സിൽവ കണ്ടെടുക്കുന്നത്.

ഈ പുസ്തകത്തിലെ അധ്യായങ്ങളിലൊന്നിൽ മാർക്സിന്റെ രചനാശൈലിയുടെ അടിസ്ഥാന പ്രകൃതം മനസ്സിലാക്കാനുള്ള അന്വേഷണം സിൽവ നടത്തുന്നു. ഇമ്മാനുവൽ കാന്റിന്റെ "ആർക്കിടെക്ടോണിക്" എന്ന സങ്കല്പം ഉപയോഗിച്ചാണ് മാർക്സിന്റെ ശൈലിയെ ഗ്രന്ഥകാരൻ വിശദീകരിക്കുന്നത്. വ്യവസ്ഥപ്പെടുത്തലിന്റെ കല എന്നാണ് കാന്റ് അതിനെ വിശദീകരിക്കുന്നത്. ഇത്തരത്തിൽ വ്യവസ്ഥപ്പെടുത്തലിന്റെ കലയിലൂടെയാണ്

**രാഷ്ട്രീയ സമ്പദ്വ്യവസ്ഥയുടെ വിമർശനമെന്ന ഒരൊറ്റ മഹാപദ്ധതിയുടെ ഘടകങ്ങളാണെങ്കിലും, പ്രസിദ്ധീകരണത്തിനായി മാർക്സ് സവിശേഷ ശ്രദ്ധപതിപ്പിച്ച കൃതികളിലാണ്, പ്രത്യേകിച്ച് മൂലധനം ഒന്നാം വാല്യത്തിൽ, മാർക്സിയൻ സാഹിത്യശൈലിയുടെ സമുജ്ജ്വലമായ ഉദാഹരണങ്ങൾ സിൽവ കണ്ടെടുക്കുന്നത്.**

മാർക്സിന്റെ രചനാ ശൈലി രൂപപ്പെടുന്നതെന്നാണ് സിൽവയുടെ നിരീക്ഷണം. മാർക്സിന്റെ രചനാശൈലിയുടെ മറ്റൊരു സവിശേഷതയായി സിൽവ നിരീക്ഷിക്കുന്ന കാര്യമാണ്

വൈരുധ്യാത്മകതയുടെ ആവിഷ്കാരവും ആവിഷ്കാരത്തിന്റെ വൈരുധ്യാത്മകതയും എന്ന സങ്കല്പം. ഒരു വാക്യത്തിന്റെ ആദ്യ പകുതിയിൽ നിന്നുള്ള പദങ്ങൾ രണ്ടാമത്തേതിൽ വിപരീതമാക്കുന്ന ചിയാസ്മസ് അല്ലെങ്കിൽ വാക്യഘടന വിപരീതമാക്കൽ എന്ന മാർക്സിന്റെ സവിശേഷമായ പ്രയോഗത്തെയാണ് അദ്ദേഹം ഇവിടെ പരാമർശിക്കുന്നത്.

മാർക്സിന്റെ രചനകളിൽ നിന്ന് ധാരാളം ഉദാഹരണങ്ങൾ ഈ ശൈലിക്കായി കണ്ടെടുക്കാനാവും:

"മനുഷ്യർ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത് പോലെ സാഹചര്യങ്ങളും മനുഷ്യരെ സൃഷ്ടിക്കുന്നുവെന്ന് ഇത് കാണിക്കുന്നു." (It shows that circumstances make men just as much as men make circumstances" – German Ideology) ജീവിതം ബോധത്താൽ നിർണ്ണയിക്കപ്പെടുന്നില്ല, ബോധം ജീവിതത്തെ നിർണ്ണയിക്കുകയാണ് (Life is not determined by consciousness, but consciousness by life –German Ideology) . മാർക്സിന്റെ ഭാഷയെ അദ്ദേഹത്തിന്റെ വൈരുദ്ധ്യാത്മകതയുടെ നാടകവേദിയായാണ് സിൽവ കാണുന്നത്. സമഗ്രമായ ഒരു സൗന്ദര്യസങ്കല്പം എന്ന ലക്ഷ്യമാണ് മാർക്സിനുണ്ടായിരുന്നതെന്ന കാഴ്ചപ്പാടാണ് സിൽവക്കുള്ളത്. മൂലധനത്തിന്റെ ഒന്നാം വാല്യം ഉടൻ പ്രസിദ്ധീകരിക്കണമെന്ന എംഗൽസിന്റെ നിർബന്ധത്തിന് മറുപടിയായി മാർക്സ് എഴുതിയ കത്ത് അദ്ദേഹം ഉദ്ധരിക്കുന്നു., "അവയ്ക്ക് എന്തൊക്കെ പോരായ്മകൾ ഉണ്ടായാലും, എന്റെ രചനകളുടെ ഒരു സവിശേഷത അവ കലാപരമായി സമ്പൂർണ്ണമാണ് എന്നതാണ്, രചനകൾ സമ്പൂർണ്ണമായതിനു ശേഷം അവ അച്ചടിക്കുകയെന്ന രീതി പരിശീലിക്കുന്നതിലൂടെ മാത്രമേ ഇത് നേടാനാകൂ."

മാർക്സിന്റെ ശൈലിയുടെ പ്രധാനപ്പെട്ട മറ്റൊരു സവിശേഷതയായി സിൽവ കാണുന്നത് രൂപകങ്ങൾ പ്രയോഗിക്കുന്നതിൽ അദ്ദേഹത്തിനുള്ള വൈദഗ്ധ്യമാണ്.

മൂന്ന് പ്രധാന രൂപകങ്ങൾ സിൽവ വിശദീകരിക്കുന്നു: പ്രസിദ്ധമായ, 'അടിത്തറ – മേൽപ്പുര രൂപകം ', "പ്രതിഫലനം" എന്ന ആശയം, അന്യവൽക്കരണത്തിന്റെ രൂപമായി മതത്തെ സങ്കല്പിക്കുന്നത് എന്നിവയാണവ.

മാർക്സിന്റെ ശൈലിയുടെ ഏറ്റവും കാവ്യാത്മക വശം വെളിപ്പെടുന്നത് അദ്ദേഹത്തിന്റെ രൂപകങ്ങളിലാണ്. ആശയത്തെ ഏറ്റവും സമുചിതമായി പ്രതിപാദിക്കാൻ കഴിയുന്ന ഉജ്ജ്വലവും ഉചിതവുമായ രൂപകങ്ങളാണ് മാർക്സ് പ്രയോഗിക്കുന്നത്.

പതിനെട്ടാം ബ്രൂമെയറിൽ നിന്നുള്ള ഒരു വാചകം ഇങ്ങിനെയാണ് :"ചെറുകിടകർഷകനും കുടുംബവും; അതിനടുത്തായി മറ്റൊരു ചെറുകിട കർഷകനും കുടുംബവും; മറ്റൊരു കർഷകനും മറ്റൊരു കുടുംബവും.... ഇങ്ങനെ ഒരു ചാക്കിലെ പല ഉരുളക്കിഴങ്ങുകൾ ചേർന്ന് ഒരു ചാക്ക്

ഉരുളക്കിഴങ്ങുണ്ടാകുന്നതുപോലെ, അനുബന്ധ വലിപ്പത്തിലുള്ള യൂണിറ്റുകൾ ലളിതമായി ചേർത്താണ് ഫ്രഞ്ച് രാഷ്ട്രത്തിന്റെ ഭൂരിഭാഗവും രൂപപ്പെടുന്നത്.


( The smallholding, the peasant and his family; next to it another smallholding, another peasant and another family....In this way the greater part of the French nation is formed by the simple addition of units of corresponding size, much as many potatoes in a sack make up a sack of potatoes. (312)

ഇത്തരത്തിലുള്ള ഏറ്റവും സൂക്ഷ്മവും അതേ സമയം മനോഹരവുമായ നിരവധി രൂപകങ്ങൾ മാർക്സിന്റെ ഓരോ രചനകളിലും കാണാൻ കഴിയും.

ശക്തമായ മറ്റൊരു പ്രയോഗം പതിനെട്ടാം ബ്രൂമെയറിൽ മറ്റൊരിടത്ത് ഇങ്ങനെ കാണാം : "ബൂർഷ്വാ വ്യവസ്ഥിതി ... അതിന്റെ രക്തവും തലച്ചോറും വലിച്ചെടുക്കുകയും ആൽക്കെമിസ്റ്റിന്റെ മൂലധനത്തിന്റെ കലവറയിലേക്ക് എറിയുകയും ചെയ്യുന്ന ഒരു രക്തരക്ഷസ്സായി മാറിയിരിക്കുന്നു. " ( 316) മൂലധനത്തിന്റെ മനുഷ്യത്വ രഹിതവും നൃശംസനീയവുമായ പ്രകൃതത്തെ വിശദീകരിക്കാനായി വിഭ്രമിപ്പിക്കുന്ന ഗോത്തിക് പാരമ്പര്യത്തിൽ നിന്നുമാണ് മാർക്സ് ഒരു രൂപകം കണ്ടെത്തുന്നത്. ക്ലാസ്സിക്കൽ കൃതികളിലുള്ള ആഴത്തിലുള്ള അറിവ്, മാർക്സിന്റെ രചനാലോകത്തെയും ശൈലിയെയും ധനാത്മകമായി സ്വാധീനിക്കുന്നതിന്റെ ഒരു ഉദാഹരണം കൂടിയാണിത്.


വിശ്വവിഖ്യാതരായ നിരവധി എഴുത്തുകാരുടെ രചനകളെക്കുറിച്ചുള്ള സൂക്ഷ്മമായ നിരവധി പരാമർശങ്ങളും സൂചനകളും മാർക്സിന്റെ രചനകളിൽ കാണാൻ കഴിയും. ഹോമർ, സോഫോക്ലിസ്, ഗയ്ഥേ, ഷേക്സ്പിയർ, സെർവാന്റിസ് തുടങ്ങി നിരവധിയായ പ്രതിഭാശാലികളുടെ രചനകളുടെ പഠനത്തിലൂടെയാണ് പല വിദേശഭാഷകളും മാർക്സ് സ്വായത്തമാക്കിയത്. സെർവാന്റിസി

**സിൽവയുടെ അഭിപ്രായത്തിൽ, മാർക്സിന്റെ വൈരുദ്ധ്യാത്മക രീതി, വർഗ്ഗസമരത്തിന്റെയും ഉൽപാദന ബന്ധങ്ങളുടെയും വീക്ഷണകോണിൽ നിന്ന് ചരിത്രത്തെ വീക്ഷിക്കുന്ന ഒന്നാണ്, അല്ലാതെ 'പ്രപഞ്ചത്തിലെ എല്ലാ വിഷയങ്ങളും വിശദീകരിക്കാനുള്ള' രീതിയല്ല. മുതലാളിത്ത സമൂഹം വസ്തുനിഷ്ഠമായ വൈരുദ്ധ്യങ്ങളാൽ നിറഞ്ഞിരിക്കുന്നു. മുകളിൽ കാണുന്ന മാർക്സിന്റെ ശൈലി ഈ വൈരുദ്ധ്യങ്ങളെ ഉൾക്കൊള്ളുന്നുവെന്നും അവയ്ക്കപ്പുറമുള്ള പ്രസ്ഥാനത്തെ നിർദ്ദേശിക്കുന്നുവെന്നും സിൽവ വാദിക്കുന്നു.**



നെ വായിച്ച് സ്പാനിഷും മാക്കിയവല്ലിയെയും ഡാൻന്റെയും വായിച്ച് ഇറ്റാലിയനും ഷേക്സ്പിയർ കൃതികളിലൂടെ ഇംഗ്ലീഷും പുഷ്കിനെ വായിച്ച് റഷ്യനും അദ്ദേഹം സ്വായത്തമാക്കി. ലോകസാഹിത്യമെന്ന ഗയ്ഥേയുടെ സങ്കല്പത്തിന്റെ ആദ്യകാല പ്രയോക്താക്കളിലൊരാളാണ് മാർക്സ് എന്ന നിരീക്ഷണം ടെറി ഈഗിൾടൺ പങ്കു വെക്കുന്നത് ഈ സന്ദർഭത്തിലാണ്. വിശ്വസാഹിത്യ കൃതികളുമായുള്ള ഈ ചങ്ങാത്തം മാർക്സിന്റെ സാഹിത്യ ശൈലിയെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും.

മാർക്സിന്റെ രചനയായ ' വിശുദ്ധ കുടുംബത്തിൽ ' നിന്നുമുള്ള ഒരു ഭാഗം സിൽവ വിശകലനം ചെയ്യുന്നുണ്ട് : "സ്വത്തവകാശമുള്ള വർഗ്ഗവും തൊഴിലാളിവർഗത്തിന്റെ വർഗ്ഗവും അനുഭവിക്കുന്നത് ഒരേ തരത്തിലുള്ള സ്വയമേവയുള്ള അന്യവല്ക്കരണമാണ്. എന്നാൽ ഈ സ്വയം വേർപിരിയലിൽ മുൻ വർഗം അനായാസതയും ശാക്തീകരണവും അനുഭവിക്കുന്നു. അത് വേർപിരിയലിനെ സ്വന്തം ശക്തിയായി അംഗീകരിക്കുകയും അതിൽ ഒരു മനുഷ്യ അസ്തിത്വത്തിന്റെ യാഥാർത്ഥ്യം അനുഭവിക്കുകയും ചെയ്യുന്നു. എന്നാൽ തൊഴിലാളിവർഗ്ഗമാവട്ടെ ഈ അന്യവല്ക്കരണത്തിനാൽ സ്വയം ഉന്മൂലനം ചെയ്യപ്പെട്ടതായി കരുതുന്നു; അത് സ്വന്തം ശക്തിയില്ലായ്മയും മനുഷ്യത്വരഹിതമായ അസ്തിത്വത്തിന്റെ യാഥാർത്ഥ്യവും അതിൽ കാണുന്നു " (The propertied class and the class of the proletariat present the same human self-estrangement. But the former class feels at ease and strengthened in this self-estrangement. It recognizes estrangement as its own power and has in it the semblance of a human existence. The class of the proletariat feels annihilated in estrangement; it sees in it its own powerlessness and the reality of an inhuman existence



.39-40)

മാർക്സിന്റെ രചനകളിൽ  ഇത്തര ത്തിലുള്ള വൈരുദ്ധ്യാത്മക ആശ യങ്ങൾ  അഭിമുഖമായി നില്ക്കുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. സിൽവയുടെ അഭിപ്രായത്തിൽ, മാർക്സിന്റെ വൈരുദ്ധ്യാത്മക രീതി, വർഗ്ഗസമരത്തിന്റെയും ഉൽപാദന ബന്ധങ്ങളുടെയും വീക്ഷണകോ ണിൽ നിന്ന് ചരിത്രത്തെ വീക്ഷി ക്കുന്ന ഒന്നാണ്, അല്ലാതെ 'പ്രപ ഞ്ചത്തിലെ എല്ലാ വിഷയങ്ങളും വിശദീകരിക്കാനുള്ള' രീതിയല്ല. മുതലാളിത്ത സമൂഹം വസ്തുനി ഷ്ഠമായ വൈരുദ്ധ്യങ്ങളാൽ നിറ ഞ്ഞിരിക്കുന്നു. മുകളിൽ കാണുന്ന മാർക്സിന്റെ ശൈലി ഈ വൈരു ദ്ധ്യങ്ങളെ ഉൾക്കൊള്ളുന്നുവെന്നും അവയ്ക്കപ്പുറമുള്ള പ്രസ്ഥാനത്തെ നിർദ്ദേശിക്കുന്നുവെന്നും സിൽവ വാദിക്കുന്നു.

'മേൽപ്പുര- അടിത്തറ  സിദ്ധാന്തം' എന്ന സമീപനത്തോട് അതി നിശിതമായ വിമർശനമാണ് സിൽവ പുലർത്തുന്നത്. 'മേൽപ്പുര- അടിത്തറ എന്നത് സിദ്ധാന്തമ ല്ലെന്നും മാർക്സ് ഉപയോഗിക്കുന്ന ശക്തമായ രൂപകമാണെന്നുമാണ് ഡിസിൽവയുടെ വാദം. മാർക്സിന്റെ പല ആശയങ്ങളും ദൃശ്യബിം ബങ്ങളായി ആവാം അദ്ദേഹം പ്രാഥമികമായി ആലോചിച്ചത് എന്ന ഈഗിൾടന്റെ നിരീക്ഷണം ഈ സന്ദർഭത്തിൽ വളരെ പ്രസ ക്തമാണെന്നു തോന്നുന്നു. ആല ങ്കാരികമായ ഒരു ഭാഷാപ്രയോഗം എന്നതിനപ്പുറം ഒരു ആശയം വ്യതിരിക്തമാകുന്ന  സന്ദർഭമായി മാർക്സിൽ രൂപകങ്ങൾ പ്രവർത്തി ക്കുന്നു.

മാർക്സിന്റെ രചനകളിൽ ആവർ ത്തിച്ചു കാണാൻ കഴിയുന്ന പരി ഹാസം, വിരോധാഭാസം, താർ ക്കിക യുക്തി തുടങ്ങിയവയെല്ലാം ചേർന്നതാണ് മാർക്സിന്റെ രചനാ ശൈലി എന്ന നിഗമനത്തിലാണ് ഡിസിൽവ എത്തിച്ചേരുന്നത്. മൂർച്ചയേറിയ പ്രയോഗങ്ങൾ നട ത്താൻ ഒട്ടുമേ മടി കാണിച്ചിട്ടില്ലാ ത്ത മാർക്സിന്റെ പ്രയോഗങ്ങളുടെ ഒപ്പം തന്നെ വിരോധാഭാസവും കാണാൻ കഴിയും എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ആക്ഷേപ ഹാ സ്യവും പരിഹാസവും നിശിതമായ വിമർശനങ്ങളുടെ കൂരമ്പുകളും ശാ ന്തവും സംഗീതാത്മകവും കാവ്യഭം ഗിയാൽ അലംകൃതവുമായ ഗദ്യവു മെല്ലാം ചേർന്ന സവിശേഷമായ ഒരു സാഹിത്യ ശൈലിയാണ് മാർക്സ് പിന്തുടർന്നിരുന്നത്.

ചരിത്ര വസ്തുതകളുടെയും പ്രക്രിയ കളുടേയും പ്രത്യക്ഷ പ്രകൃതത്തിൽ മാത്രമായി ഊന്നൽ  നല്കാതിരിക്ക കയും അവയുടെ പിന്നാമ്പുറത്തെ യും അണിയറയിലെയും കാഴ്ചകളും അടിയൊഴുക്കുകളെയും പഠന വിധേയമാക്കിയുമാണ് മാർക്സ് ഭൗതികവാദിയായി മാറിയതെന്ന നിരീക്ഷണം ഡിസിൽവ മുന്നോട്ടു വെക്കുന്നു. യാഥാർത്ഥ്യങ്ങളെ അവ യുടെ പ്രത്യക്ഷ തലത്തിൽ  മാത്രം മനസ്സിലാക്കാതെ അവയെ നിര ന്തരം ചരിത്രവത്കരിക്കുന്ന  സമീ പനമാണ് മൂർച്ചയേറിയ ഭാഷാ ശൈലിയായി മാർക്സിൽ തെളിയു ന്നതെന്നും അദ്ദേഹം കരുതുന്നു.

ശൈലിയെ ആശയത്തെ അല ങ്കരിക്കുന്ന ആടയാഭരണം എന്ന രീതിയിൽ കാണുന്ന പരമ്പരാഗത സമീപനത്തോടെ മാർക്സിനെ സമീ പിക്കാൻ കഴിയില്ല. മാർക്സ് മുന്നോ ട്ടു വെയ്ക്കുന്ന വിമർശപദ്ധതിയുമായി ഉൾച്ചേർന്നു നില്ക്കുന്ന ഒന്നു തന്നെ യാണ്  മാർക്സിന്റെ ശൈലിയും . അമൂർത്തമായ തലത്തിൽ നില്ക്കുന്ന ആശയങ്ങളെ ഇന്ദ്രിയ ഗോചര മായ രീതിയിൽ മനുഷ്യരിലേക്ക് സംവേദനം ചെയ്യാൻ മാർക്സിനെ സഹായിക്കുന്നത് അദ്ദേഹത്തി ന്റെ അനന്യമായ ശൈലിയാണ് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മാർക്സിസത്തെ മനസ്സിലാക്കുന്ന തിലും പ്രയോഗവല്ക്കരിക്കുന്നതിലും മാർക്സിന്റെ ശൈലിയെ മനസ്സിലാ ക്കുന്നതിനും ഉൾക്കൊള്ളുന്നതിനും നിർണ്ണായകമായ സ്ഥാനമുണ്ടെന്ന് സാരം.

സാമ്പ്രദായികമായ മാർക്സിയൻ വിശകലന രീതികളോട് കടുത്ത അഭിപ്രായ വ്യത്യാസം പ്രകടിപ്പി ക്കുന്ന ഡിസിൽവയുടെ സമീപന ത്തോട് യോജിക്കുകയോ വിയോ ജിക്കുകയോ ചെയ്യാവുന്നതാണ്. മാർക്സിന്റെ രചനാ ശൈലിയെ സംബന്ധിച്ച മൗലികമായ നിര വധി നിരീക്ഷണങ്ങൾ മുന്നോട്ട് വെക്കുന്നു എന്നതാണ് ഈ പുസ്തകത്തെ കാലിക പ്രസക്തമാ ക്കുന്നത്. മാർക്സിന്റെ ശൈലിയെ സംബന്ധിച്ചും അതുവഴി മാർക്സ് മുന്നോട്ടു വെച്ച ആശയങ്ങളെക്കുറി ച്ചും സമകാലിക സമൂഹത്തിൽ പു തുചർച്ചകൾക്കും സംവാദങ്ങൾക്കും ഈ പുസ്തകം കാരണമാകുമെന്നത് തന്നെയാണ് പ്രസിദ്ധീകരണത്തി ന്റെ നാല്പത്തി രണ്ടു  വർഷങ്ങൾ ക്കു ശേഷവും ഈ പുസ്തകത്തെ പ്രസക്തമാക്കി മാറ്റുന്നത്.

ഗ്രന്ഥസൂചി

Marx, Karl, and Friedrich Engels. The Eighteenth Brumaire of Louis Bonaparte. Edited by David Fernbach, International Publishers, 1994.

---. The German Ideology. Edited by C. J. Arthur, International Publishers, 1970.

---. The Holy Family, or Critique of Critical Criticism. Translated by Richard Dixon and Clement Dutts, International Publishers, 1975.

---. "The Poverty of Philosophy: Answer to The Philosophy of Poverty by M. Proudhon." Karl Marx and Friedrich Engels: Collected Works, vol. 6, Lawrence and Wishart, 2010, pp. 105-212.

Silva, Ludovico. Marx's Literary Style. Translated by Paco Brito Núñez, Verso Books, 2023.

■

ഡോ. ജ്യോതി ജി
എംഎസ്എം കോളജ് കായംകുളം

# ക്വാണ്ടം @ 100


നൂറ്റാണ്ട് പിന്നിടുന്ന ക്വാണ്ടം സയൻസ് ഒരു സൈദ്ധാന്തിക വിജയം മാത്രമല്ല ട്രാൻസിസ്റ്റർ, എൽഇഡി, ലേസർ, അതിചാലകത (Superconductivity) ആറ്റോമിക് ക്ലോക്, എംആർഐ സ്കാനിംഗ് തുടങ്ങി ഇന്നത്തെ ഭൂരിഭാഗം സാങ്കേതികവിദ്യകളുടെയും അടിസ്ഥാനം കൂടിയാണ്. എന്തുകൊണ്ടാണ് സൂര്യൻ പ്രകാശിച്ചുകൊണ്ടേയിരിക്കുന്നത്, വൈദ്യുത, കാന്തിക, പ്രകാശിക ഗുണങ്ങൾ വസ്തുക്കളിൽ എങ്ങനെയാണുണ്ടാകുന്നത്, ആറ്റം എന്തു കൊണ്ട് സ്ഥിരതയോടെ നിലനിൽക്കുന്നു, ആറ്റങ്ങൾ തമ്മിൽ രാസബന്ധനം എങ്ങനെയാണ് ഉണ്ടാകുന്നത് എന്നതിനെല്ലാം തൃപ്തികരമായ വിശദീകരണം ക്വാണ്ടം സിദ്ധാന്തം തരുന്നുണ്ട്. ദൈനംദിന ജീവിതാനുഭവങ്ങളിൽ നിന്ന് വ്യത്യസ്തമായി, നമ്മൾ ജീവിക്കുന്ന ലോകം കൂടുതൽ വിപുലവും സങ്കീർണ്ണവുമാണ് എന്ന ഓർമ്മപ്പെടുത്തലുമായി പിറവിയുടെ ഒരു നൂറ്റാണ്ടിനിപ്പുറവും വിസ്മയിപ്പിക്കുന്ന തരത്തിൽ ശക്തമായ സൈദ്ധാന്തിക ഉപകരണമായി ക്വാണ്ടം സയൻസ് തുടരുന്നു. ആധുനിക ഭൗതികശാസ്ത്രം എന്നാൽ ക്വാണ്ടം ഭൗതികം ആണ്. പല മുൻധാരണകളെയും വെല്ലുവിളിച്ചു കൊണ്ട് അത്ഭുതകരമായ കൃത്യതയോടെ അത് ലോകത്തെ വർണിക്കുന്നു. ഡാർവിന്റെ പരിണാമസിദ്ധാന്തം ജീവശാസ്ത്രത്തെ സംബന്ധിച്ച് എത്ര മാത്രം വിപ്ലവകരമായിരുന്നോ അത്ര തന്നെ വലിയ പരിവർത്തനമാണ് ക്വാണ്ടം മെക്കാനിക്സ് എന്ന സിദ്ധാന്തം അതിന്റെ ആവിർഭാവത്തിനു ശേഷമുള്ള കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ ഭൗതികശാസ്ത്രത്തിൽ സൃഷ്ടിച്ചിട്ടുള്ളത്. ഈ നാഴികക്കല്ലിന്റെ പ്രചരണാർത്ഥം ഐക്യരാഷ്ട്രസഭ, 2025 ക്വാണ്ടം സയൻസിന്റേയും സാങ്കേതികവിദ്യയുടേയും അന്താരാഷ്ട്രവർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്.

### ജൻ -നെക്സ്റ്റ് യുഗം

ക്വാണ്ടം സയൻസ് നെക്സ്റ്റ് ജനറേഷൻ സാങ്കേതികവിദ്യകളുടെ ഒരു പുതിയ ലോകം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. സാധാരണ കമ്പ്യൂട്ടറിനേക്കാൾ വളരെ വേഗത്തിൽ ഗണനം സാധ്യമാക്കുന്ന ക്വാണ്ടം കമ്പ്യൂട്ടിംഗ്, സൂപ്പർ പൊസിഷൻ (super position), എൻറാംഗിൾമെന്റ്( entanglement )എന്നീ തത്വങ്ങൾ അടിസ്ഥാനമാക്കുന്ന സാങ്കേതികതയാണ്. 'എൻറാംഗിൾമെന്റ്' അടിസ്ഥാന മാക്കിയാണ് അതീവ സുരക്ഷിതമായ വിവര വിനിമയം സാധ്യമാക്കുന്ന ക്വാണ്ടം കമ്യൂണിക്കേഷന്റെ പ്രവർത്തനം. മെറ്റീരിയൽസ് സയൻസ് (materials science) വിഭാഗമെടുത്താൽ, നാനോ വലിപ്പത്തിലുള്ള ഉപകരണങ്ങൾ, അതിചാലക ( superconductors) ങ്ങൾ, ഉള്ളിലും ഉപരിതലത്തിലും വ്യത്യസ്ത ഗുണങ്ങൾ പ്രകടമാക്കുന്ന ടോപോളജിക്കൽ സാമഗ്രികൾ (topological materials) തുടങ്ങിയവ വികസിപ്പിച്ചെടുക്കുന്നതിന് ക്വാണ്ടം സിദ്ധാന്തം വഴിതെളിച്ചിട്ടുണ്ട്.

### എന്തുകൊണ്ട് ക്വാണ്ടം സയൻസ്

ഐസക് ന്യൂട്ടന്റെ ചലന നിയമങ്ങൾ മുതൽ വികസിച്ചുവന്ന, ദൈനംദിന ജീവിത സാഹചര്യങ്ങ



ളിൽ ഉപയുക്തമായ ക്ലാസ്സിക്കൽ മെക്കാനിക്സ് ഉപയോഗിച്ച് സൂക്ഷ്മ കണങ്ങളുടെ ഗതികം ഉൾപ്പെടുന്ന പല പ്രതിഭാസങ്ങളും വിശദീകരികേണ്ടി വരുമ്പോൾ സ്വാഭാവികമായി സംഭവിക്കുന്ന കൃത്യതയില്ലായ്മ ക്വാണ്ടം മെക്കാനിക്സിന്റെ  ആവിർഭാവത്തോടുകൂടി പരിഹരിക്കപ്പെട്ടു. ഇത് ഈ സിദ്ധാന്തത്തിന് ശാസ്ത്രത്തിലുള്ള പ്രാധാന്യം വെളിപ്പെടുത്തുന്നു. മനുഷ്യന്റെ ഏറ്റവും വലിയ ബൗദ്ധിക നേട്ടമായി ഇതിനെ വിലയിരുത്തപ്പെടുന്നു. നിലനിൽക്കുന്ന യാഥാർത്ഥ്യത്തെ നോക്കിക്കാണുന്ന വീക്ഷണകോൺ തന്നെ മാറി മറിഞ്ഞു.

ഭൗതികശാസ്ത്രത്തിന്റെ  ശാഖകളിൽ എല്ലാം തന്നെ പുതിയ സിദ്ധാന്തം ഉപയോഗപ്പെടുത്തുക വഴി പ്രതിഭാസങ്ങൾ കൂടുതൽ കൃത്യതയാർന്ന നിയമങ്ങൾ വഴി വിശദീകരിക്കുകയും ഇത് ക്വാണ്ടം കമ്പ്യൂട്ടിംങ് പോലെയുള്ള അതിനൂതന സാങ്കേതികവിദ്യകൾ ഉദയം ചെയ്യുന്നതിലേക്ക് നയിക്കുകയും ചെയ്തു. ഈ പുതിയ സാങ്കേതിക വിദ്യകൾ  മനുഷ്യ ജീവിതത്തിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചു എന്നത് ഒരു പരിണിത ഫലം. രണ്ടാമത്തേത്, പ്രപഞ്ചഘടനാശാസ്ത്രത്തിന്റേയും (Cosmology) ജ്യോതിശാസ്ത്രത്തിന്റെയും അടിസ്ഥാനമായ ആറ്റങ്ങളുടെയും സബ് ആറ്റോമിക കണങ്ങളുടേയും ഗതികവും പ്രവർത്തനരീതിയും പുതിയ സിദ്ധാന്തം ഉപയോഗിച്ച് വിശദീകരിക്കാൻ കഴിഞ്ഞു എന്നതാണ്. ഇതു വഴി പ്രപഞ്ചത്തെക്കുറിച്ചും അതിന്റെ  പരിണാമത്തെക്കുറിച്ചും കൂടുതൽ ധാരണ ആർജ്ജിക്കുവാൻ കഴിഞ്ഞു. ഉയർന്ന സാന്ദ്രതയിലും ഊഷ്മാവിലും നിലനിന്നിരുന്ന പ്രാരംഭാവസ്ഥയിൽ നിന്ന് ഇന്ന് കാണുന്ന നിലയിലേക്കുള്ള പ്രപഞ്ചത്തിന്റെ വികാസം വ്യാഖ്യാനിക്കുമ്പോൾ, ഹൈഡ്രജൻ, ഹീലിയം, ലിഥിയം തുടങ്ങിയ ഭാരം കുറഞ്ഞ മൂലകങ്ങളുടെ ഉത്പത്തിയെ സംബന്ധിക്കുന്ന ബിഗ് ബാംഗ് ന്യൂക്ലിയോ സിന്തസിസ് ( BBN –Big bang nucleosynthesis) എന്ന പ്രക്രിയയ്ക്ക് ഫലപ്രദമായ വിശദീകരണം നൽകാൻ ക്വാണ്ടം നിയമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള ബിഗ് ബാംഗ് സിദ്ധാന്തത്തെ സാധൂകരിക്കുന്നു.

## നാൾവഴി

1925 ൽ വെർണർ ഹൈസൻബർഗ് തുടക്കം കുറിക്കുകയും തുടർന്നുള്ള ഒരു വർഷത്തിനിടയിൽ എർവിൻ ഷ്രോഡിൻജർ, മാക്സ് ബോൺ, പോൾ ഡിറാക് എന്നിവർ കൂട്ടിച്ചേർക്കുകയും ചെയ്ത ക്വാണ്ടം സിദ്ധാന്തത്തിന് വിത്തുപാകിയത്  ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതലുള്ള കണ്ടെത്തലുകൾ ആണ്. 1900 ൽ മാക്സ് പ്ലാങ്ക്, ബ്ലാക്ക് ബോഡി റേഡിയേഷൻ വിശദീകരിക്കുന്നതിനുവേണ്ടി അവതരിപ്പിച്ച, പായ്ക്കറ്റുകളായി (ഒരു packet = ഒരു ക്വാണ്ടം) ഊർജം സഞ്ചരിക്കുന്നു എന്ന ആശയം വലിയ ശാസ്ത്ര വിപ്ലവത്തിലേക്ക് വഴി തുറക്കുകയാണ് ചെയ്തത്. 1905 ൽ ഫോട്ടോ ഇലക്ട്രിക് പ്രഭാവം വിശദീകരിക്കവെ ആൽബർട്ട് ഐൻസ്റ്റീൻ  മുന്നോട്ടുവച്ച പ്രകാശത്തിന്റെ ക്വാണ്ടം, പിന്നീട് ഫോട്ടോൺ എന്ന് നാമകരണം ചെയ്തത് രസതന്ത്രജ്ഞനായ ഗിൽബർട്ട് ന്യൂട്ടൺ ലൂയിസ് ആണ്. 1911 ൽ റൂഥർഫോഡിന്റെ ആൽഫാ കണങ്ങളുപയോഗിച്ച് നടത്തിയ പരീക്ഷണം, പോസിറ്റീവ് ചാർജ്  ആറ്റത്തിന്റെ മധ്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നുവെന്നും ഇലക്ട്രോണുകൾ ഈ ന്യൂക്ലിയസിനെ ചുറ്റി സഞ്ചരിക്കുന്നുവെന്നും വ്യക്തമാക്കുന്നതായിരുന്നു. എന്നാൽ നിയതമായ വൃത്താകാരമായ പാതയിലൂടെ പരികമണം ചെയ്യുന്ന ഇലക്ട്രോണുകൾ ഊർജം വികിരണം ചെയ്യുകയും തത്ഫലമായി ന്യൂക്ലിയസിലേക്ക് പതിക്കുകയും , ആറ്റം ഇല്ലാതാവുകയും ചെയ്യും എന്ന തെറ്റായ വിശദീകരണമാണ് അന്ന് നിലവിലുണ്ടായിരുന്ന ക്ലാസ്സിക്കൽ സിദ്ധാന്തം ഉപയോഗിക്കുമ്പോൾ ലഭിച്ചത്. 1913 ൽ  നീൽസ് ബോർ ഇതിനെ മറി

കടന്നത് മാക്സ് പ്ലാങ്കിന്റെ ക്വാണ്ടം സിദ്ധാന്തം ഉപയോഗിച്ചുകൊണ്ട്, വ്യതിരിക്തമായ പ്രത്യേക ഊർജ്ജ നിലകളിലാണ് ഇലക്ട്രോണുകൾ ഉണ്ടാവുക എന്ന വിശദീകരണത്തോടെയാണ്. മറ്റൊന്ന് 1923 – 27 കാലഘട്ടത്തിൽ ഡേവിസ്സണും ജർമറും നടത്തിയ പരീക്ഷണം, തരംഗങ്ങളുടെ സവിശേഷതയായ ഡിഫ്രാക്ഷൻ എന്ന പ്രതിഭാസം ഇലക്ട്രോണുകളും പ്രകടമാക്കുന്നു എന്ന കണ്ടെത്തലാണ്.

## ഐൻസ്റ്റീനും ക്വാണ്ടം സയൻസും

പ്രകാശം തരംഗവുമാകാം കണികയും ആകാം എന്ന ദ്വൈതഭാവം സ്ഥിരീകരികരിക്കുമ്പോൾ, പദാർത്ഥങ്ങളുടെ സ്പെസിഫിക് ഹീറ്റ് (specific heat) വിശദീകരിക്കുന്ന സിദ്ധാന്തത്തിൽ, സത്യേന്ദ്രനാഥ് ബോസുമായി ചേർന്ന് ബോസോൺ കണങ്ങളുടെ സാഖ്യികം രൂപപ്പെടുത്തുന്നതിന്, ലേസറുകളുടെ അടിസ്ഥാന തത്വമായ ഉത്തേജിത പ്രസാരണം (stimulated emission) നിർദ്ദേശിക്കുമ്പോഴൊക്കെ ഐൻസ്റ്റീൻ ക്വാണ്ടം സിദ്ധാന്തം ഉപയോഗിച്ചു. എന്നാൽ സാങ്കല്പികമായ ആവിഷ്കാരങ്ങൾ (probabilistic interpretations) ഇതിന്റെ സവിശേഷതയായതുകൊണ്ട് ഇന്നത്തെ നിലയിൽ ക്വാണ്ടം സിദ്ധാന്തം അപൂർണ്ണമാണ് എന്ന വിമർശനം പിന്നീട് അദ്ദേഹം ഉന്നയിക്കുകയുണ്ടായി.

## അപൂർണതയും വൈചിത്ര്യങ്ങളും

ഡാർക്ക് മാറ്റർ (Dark matter) പോലെ ഇനിയും വിശദീകരണം നൽകാൻ കഴിയാത്ത പ്രതിഭാസങ്ങൾ, ക്വാണ്ടം ഭൗതികം പ്രയോഗിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഗ്രാവിറ്റി, ഇതൊക്കെ ഈ ശാസ്ത്രശാഖയെ അപൂർണ്ണമാക്കുന്നു. ക്വാണ്ടം സിദ്ധാന്തവും ഐൻസ്റ്റീന്റെ പൊതു ആപേക്ഷികതാ സിദ്ധാന്തവും കൂടി സംയോജിപ്പിച്ച് പ്രപഞ്ചത്തെ സംബന്ധിക്കുന്ന ഒരു സമ്പൂർണ്ണ നിയമം രൂപപ്പെടുത്തുക, ഭൗതികശാസ്ത്രത്തിലെ മറ്റു ശാഖകളുമായി ഇതിനെ ബന്ധിപ്പിക്കുക എന്നിവ ഗവേഷണങ്ങൾക്കായി തുറന്നുകിടക്കുന്നു.

ക്വാണ്ടം സയൻസിലെ ചില അടിസ്ഥാന തത്വങ്ങൾ മനുഷ്യന്റെ സഹജമായ അവബോധത്തിന് വിരുദ്ധമാണ്. നൂതന സാങ്കേതിക വിദ്യകളുടെ സമസ്ത മേഖലയിലും വിജയം കൈവരിച്ചുവെങ്കിലും ആശയപരമായ പ്രശ്നങ്ങൾ ഇതിൽ നിലനിൽക്കുന്നുണ്ട്. ഒരേ കണം ഒരു പ്രതിഭാസത്തിൽ കണം ആയിരിക്കുകയും മറ്റൊരു പ്രതിഭാസത്തിൽ തരംഗത്തിന്റെ സ്വഭാവം കാണിക്കുകയും ചെയ്യുക(dual nature of matter). ഒരു കണത്തിന്റെ സ്ഥാനം കൃത്യമായി നിർണയിച്ചാൽ അതിന്റെ ആക്കം കൃത്യമായി നിർണയിക്കുന്നതിൽ അനിശ്ചിതത്വം (നേരെ തിരിച്ചും) (uncertainty principle) ഉണ്ടാവുക. ഒരു കണം നിരീക്ഷിക്കപ്പെട്ടുമ്പോൾ അതിനെ അളക്കാനുപയോഗപ്പെടുത്തുന്ന പ്രക്രിയ അതിന്റെ അപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തുകയും കിട്ടുന്ന ഫലം മാറിയ അവസ്ഥയുടെത് ആകുക (measurement problem). ഇവയെല്ലാം ഉദാഹരണങ്ങളാണ്. നിലനിൽക്കാനുള്ള പല സാധ്യതകളിൽ നിന്ന് ഒരു പരീക്ഷണഫലത്തിലേക്ക് സംവിധാനം എങ്ങനെ എത്തപ്പെടുന്നു എന്നത് മനസ്സിലാക്കുന്നത് വിഷമകരമാണ്.

## ക്വാണ്ടം പൂച്ച

ക്വാണ്ടം ഭൗതികത്തിലെ ഗണിതശാസ്ത്ര സിദ്ധാന്തങ്ങൾ ഭൗതിക ലോകത്തെ യാഥാർത്ഥ്യങ്ങളുമായി എങ്ങനെ യോജിച്ചു പോകുന്നു എന്ന് വ്യാഖ്യാനിക്കുന്ന സന്ദർഭങ്ങളിൽ, മെഷർമെന്റ് പ്രോബ്ലം വിശദീകരിക്കുന്നതിനായി എർവിൻ ഷ്രോഡിൻജർ ആവിഷ്കരിച്ച ഒരു ചിന്താപരീക്ഷണമാണ് ക്വാണ്ടം പൂച്ച (Schrödinger's cat). ആറ്റങ്ങളുടെ പ്രവർത്തന രീതി എളുപ്പത്തിലും രസകരമായും വിശദീകരിക്കാൻ വേണ്ടി ഇവിടെ ആറ്റത്തിനു പകരം പൂച്ചയെ ഉദാഹരണമായി എടുക്കുന്നു. ഒരു കണിക ഏതെങ്കിലും തരത്തിലുള്ള നിരീക്ഷണത്തിന് വിധേയമാകുമ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്താണ്, അതിനെ സംബന്ധിച്ചുള്ള യഥാർത്ഥ വസ്തുതയ്ക്ക് നിരീക്ഷണവുമായി ബന്ധമുണ്ടോ എന്നത് സമസ്യയാണ്. അടഞ്ഞ പെട്ടിയുടെ ഉള്ളിലുള്ള പൂച്ചയ്ക്ക് സാധാരണഗതിയിൽ രണ്ട് അവസ്ഥകൾ സാധ്യമാണ്; ജീവിച്ചിരിക്കുക മരിക്കുക. എന്നാൽ ക്വാണ്ടം സൂപ്പർ പൊസിഷൻ (quantum superposition) പ്രകാരം ഈ രണ്ട് അവസ്ഥകൾ മാത്രമല്ല ഇത് രണ്ടും ചേർന്നുള്ള അവസ്ഥകളും ഉണ്ടാകും എന്നതാണ്. എന്നാൽ നിരീക്ഷിക്കുന്ന സന്ദർഭത്തിൽ പൂച്ച ജീവിച്ചിരിക്കുക, മരിക്കുക എന്ന രണ്ടവസ്ഥകളിൽ ഏതിലെങ്കിലും ഒന്നിലേയ്ക്ക് വരികയും ചെയ്യും.

വിരോധാഭാസമെന്ന് തോന്നിപ്പിക്കുന്ന ഈ പരീക്ഷണം ക്വാണ്ടം സയൻസിന്റെ അടിസ്ഥാനമാണ് എന്നു മാത്രമല്ല ജനങ്ങളിലേക്ക് ക്വാണ്ടം സയൻസിന്റെ തത്വങ്ങൾ വിനിമയം ചെയ്യുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുമുണ്ട്. ക്വാണ്ടം ഇൻഫോർമേഷന്റെ അടിസ്ഥാന ഘടകമായ ക്യുബിറ്റുകളുടെ (qubits-quantum bits) സൂപ്പർപൊസിഷൻ ആണ് ക്വാണ്ടം കമ്പ്യൂട്ടിംഗിൽ ഉപയോഗപ്പെടുത്തുന്നത്.

ദാർശനികമായ ആശയക്കുഴപ്പങ്ങൾ തുടരുമ്പോഴും ലോകമെമ്പാടും ക്വാണ്ടം സയൻസ് ഉപയോഗപ്പെടുത്തുന്ന സംരംഭങ്ങൾ അതിവേഗം വളരുകയാണ്. ക്വാണ്ടം സാങ്കേതികവിദ്യകളുടെ തദ്ദേശീയമായ ഗവേഷണത്തിന്റേയും വികസനത്തിന്റേയും കുതിപ്പ് ലക്ഷ്യമാക്കി 8 വർഷത്തേക്ക് 6003 കോടി രൂപയുടെ പദ്ധതി ചിലവിൽ 2023 ൽ ഇന്ത്യ തുടക്കം കുറിച്ച നാഷണൽ ക്വാണ്ടം മിഷൻ (NQM-National Quantum Mission) ഇതിനൊരുദാഹരണമാണ്. ക്വാണ്ടം കമ്പ്യൂട്ടറുകൾ, സുരക്ഷിതമാക്കപ്പെട്ട ക്വാണ്ടം വാർത്താവിനിമയ ശൃംഖല, ക്വാണ്ടം സെൻസറുകൾ, സവിശേഷ സാമഗ്രികൾ എന്നിവയുടെ ഉത്പാദനമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ■

# സംഘടനാവാർത്തകൾ

## എ കെ പി സി ടി എ 68-ാം സംസ്ഥാന സമ്മേളനം ലോഗോ പ്രകാശനം ചെയ്തു



എ കെ പി സി ടി എ 68-ാം സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. മുൻ മന്ത്രിയും കേരള കർഷകസംഘം സംസ്ഥാന പ്രസിഡന്റുമായ എം വിജയകുമാർ പ്രകാശനം നിർവഹിച്ചു. സ്വാഗത സംഘം വൈസ് ചെയർപേഴ്സണും എ കെ പി സി ടി എ ജനറൽ സെക്രട്ടറിയും ആയ ഡോ ബിജുകുമാർ കെ അധ്യക്ഷത വഹിച്ചു. എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, വൈസ് പ്രസിഡന്റ് ആഷ പ്രഭാകരൻ എന്നിവർ സംസാരിച്ചു. ജനറൽ കൺവീനർ ഡോ സോജു എസ് സ്വാഗതവും ഫിനാൻസ് കൺവീനർ ഡോ സുമേഷ് ജി എസ് നന്ദിയും പറഞ്ഞു.




2026 ഫെബ്രുവരി 27, 28, മാർച്ച് 1 തീയതികളിൽ തിരുവനന്തപുരം എ കെ ജി ഹാളിൽ വെച്ചാണ് സമ്മേളനം. തിരുവനന്തപുരം കിളിമാനൂർ സ്വദേശി വി കെ രമേഷ് കുമാർ ആണ് ലോഗോ രൂപകല്പന ചെയ്തത്.

## നേട്ടങ്ങൾ



സെക്കൻഡറി തലത്തിലെ സാമൂഹ്യശാസ്ത്ര പഠനത്തിനായി എഡ്യൂട്ടയിൻമെൻറ് അടിസ്ഥാനമാക്കിയുള്ള ബോധന പാക്കേജിന്റെ ഫലപ്രാപ്തി എന്ന വിഷയത്തിൽ എഡ്യൂക്കേഷനിൽ പി എച്ച്ഡി (കേരള സർവകലാശാല) നേടിയ അഞ്ജു കൃഷ്ണ കെ എസ് (അസിസ്റ്റന്റ് പ്രൊഫസർ, എൻ എസ് എസ് ട്രെയിനിംഗ് കോളേജ്, പന്തളം)



## സംഘടനാവാർത്തകൾ

# സമത്വത്തിൽ അധിഷ്ഠിതമായി കാലാനുസൃതമായി സാമൂഹിക ഇടപെടലുകൾ നടത്താൻ അധ്യാപകസമൂഹം മുന്നിട്ടിറങ്ങണം : കെ കെ ശൈലജ ടീച്ചർ




പുരുഷകേന്ദ്രീകൃത അധികാര വ്യവസ്ഥിതിയിൽ  സമത്വത്തിൽ അധിഷ്ഠിതമായി കാലാനസൃതമായി സാമൂഹിക ഇടപെടലുകൾ നടത്താൻ അധ്യാപകസമൂഹം മുന്നിട്ടിറങ്ങണമെന്ന് കെ കെ ശൈലജ ടീച്ചർ പറഞ്ഞു. വർഗ്ഗീയതയെന്ന വലിയ വിപത്തിനെതിരെ രാജ്യവ്യാപകമായി തൊഴിലാളികൾ നടത്തുന്ന സമരങ്ങൾക്ക് സമകാലിന അന്തരീക്ഷത്തിൽ വലിയ പ്രസക്തിയാണ് ഉള്ളത്. കേരള സമൂഹം കൈവരിച്ച വിവിധ മേഖലകളിലെ മുന്നേറ്റത്തിന് പിറകിൽ സ്ത്രീ സമൂഹം നടത്തിയ സമര പോരാട്ടങ്ങൾക്ക് വലിയ പ്രാധാന്യം ഉണ്ടെന്ന് കൂടി അവർ കൂട്ടിച്ചേർത്തു.

എ കെ പി സി ടി എ സംസ്ഥാന വനിതാ കമ്മിറ്റിയുടെ ദ്വിദിന ക്യാമ്പ് തിരുവനന്തപുരം ഇ എം എസ് അക്കാദമിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ശൈലജ ടീച്ചർ. "സ്ത്രീ- അവകാശം, പ്രാതിനിധ്യം, പ്രതിരോധം" എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചായിരുന്നു ക്യാമ്പ്. എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റും വനിതാ കമ്മിറ്റി സംസ്ഥാന ചെയർപേഴ്സണും ആയ ആഷ പ്രഭാകരൻ അധ്യക്ഷയായി. എ കെ പി സി ടി എ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ ആമുഖഭാഷണം നടത്തി. എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, സംസ്ഥാന ട്രഷറർ ഡോ എൻ രേണുക എന്നിവർ സംസാരിച്ചു. സംസ്ഥാന വനിതാകമ്മിറ്റി കൺവീനർ ഡോ ജൂബി വി പി സ്വാഗതവും പ്രവർത്തകസമിതി അംഗം ഡോ സുഷമാരാജ് ആർ വി നന്ദിയും പറഞ്ഞു.

"വർഗീയതയുടെ പിടിയിലായ അറിവ്: ചിന്താ നിയന്ത്രണങ്ങളെക്കുറിച്ചുള്ള അന്വേഷണം" എന്ന വിഷയത്തിൽ എഴുത്തുകാരി ഡോ സംഗീത ചേനമ്പുള്ളി സംസാരിച്ചു. എ കെ പി സി ടി എ കണ്ണൂർ ജില്ലാ സെക്രട്ടറി ഡോ രാഖി രാഘവൻ അധ്യക്ഷയായി. കേരള മേഖല വനിതാ കൺവീനർ ഡോ ദേവി കെ വർമ്മ സ്വാഗതവും കണ്ണൂർ ജില്ലാ വനിതാ കൺവീനർ ഡോ സരയു ജയദേവൻ നന്ദിയും പറഞ്ഞു. മുൻകാലനേതൃ സംഗമത്തിൽ മുൻ സംസ്ഥാന പ്രഡിഡന്റ് പ്രൊഫ എ ജി ഒലീന, മുൻ സംസ്ഥാന വൈസ് പ്രസിഡന്റുമാർ പ്രൊഫ എം പി ലളിതാഭായ് , ഡോ ആർ ബി രാജലക്ഷ്മി, ഡോ ലേഖാ നരേന്ദ്രൻ, പ്രൊഫ ഗീത എസ് എന്നിവർ സംസാരിച്ചു. സംഗീത ജി നായർ മോഡറേറ്ററായി. ഡോ ദേവി രാജ് വി സ്വാഗതവും ആലപ്പുഴ ജില്ലാ വനിതാ കൺവീനർ ഡോ ശ്രീജ ടി നന്ദിയും പറഞ്ഞു. കലാ സാംസ്കാരിക സന്ധ്യയിൽ നാടക സംവിധായകനും അഭിനേതാവും ആയ ഡോ ശ്യാംരാജി  തിയറ്റർ അവതരണം നടത്തി. കോട്ടയം വനിതാ കമ്മിറ്റി കൺവീനർ ഡോ ഷീബ വി ടി മോഡറേറ്റർ ആയി. എറണാകുളം ജില്ലാ വനിതാ കൺവീനർ ഡോ മിനു സൂസൻ കോശി  സ്വാഗതം പറഞ്ഞു. മലപ്പുറം ജില്ലാ വനിതാ കൺവീനർ ഡോ ഷഹല കെ പി, കാസർഗോഡ് ജില്ലാ വനിതാ കൺവീനർ ഗായത്രി ദേവി എം ജി എന്നിവർ സംസാരിച്ചു.

ദ്വിദിന ക്യാമ്പിന്റെ രണ്ടാം ദിവസം തിരുവനന്തപുരം ജില്ലാ ശിശുക്ഷേമ സമിതി അംഗം അഡ്വ അനീഷ വി എൽ (സ്ത്രീ ക്ഷേമ നിയമങ്ങളും ലിംഗ നീതിയും), മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്സ് അസിസ്റ്റന്റ് പ്രൊഫസർ ഡോ ആരതി പി എം (ജെന്റർ - ഉന്നത വിദ്യാഭ്യാസം ) എന്നിവർ ക്ലാസ് എടുത്തു.

# സംഘടനാവാർത്തകൾ

## എ കെ പി സി ടി എ 68-ാം സംസ്ഥാന സമ്മേളനം - സ്വാഗതസംഘം രൂപീകരിച്ചു




2026 ഫെബ്രുവരി 27, 28, മാർച്ച് 1 തീയ്യതികളിൽ ടാഗോർ തിയറ്ററിൽ വെച്ചാണ് സമ്മേളനം. വർഗീയമുക്ത ഇന്ത്യ- ജനപക്ഷ വൈജ്ഞാനിക കേരളം എന്നതാണ് സമ്മേളന മുദ്രാവാക്യം. എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ഓഫീസിൽ ചേർന്ന സ്വാഗത സംഘം രൂപീകരണ യോഗം സി പി ഐ എം ജില്ലാ സെക്രട്ടറി വി ജോയ് എം എൽ എ ഉദ്ഘാടനം ചെയ്തു. എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. കെ എസ് ടി എ സംസ്ഥാന സെക്രട്ടറി നജീബ് കെ, എ കെ ജി സി ടി ജനറൽ സെക്രട്ടറി ഡോ മുഹമ്മദ് റഫീഖ് ടി, കെ യു ടി എ പ്രസിഡന്റ് ഡോ ടി എസ് സ്വപ്ന, കെ ജി ഒ എ സംസ്ഥാന സെക്രട്ടറി ജയൻ പി വിജയൻ, കെ ജി എൻ എ ജനറൽ സെക്രട്ടറി ടി സുബ്രഹ്മണ്യൻ, കെ എസ് ഇ എ സെക്രട്ടറി എസ് ബിന്ദു, കെ യു ഇ യു ജോയിന്റ് സെക്രട്ടറി മനു സതീഷ് പി എസ്, പി എസ് സി ഇ യു ജില്ലാ സെക്രട്ടറി ജെനു കുമാർ, എ കെ പി സി ടി എ മുൻ ജനറൽ സെക്രട്ടറി ഡോ കെ എൽ വിവേകാനന്ദൻ, എ കെ പി സി ടി എ സംസ്ഥാന ട്രഷറർ ഡോ എൻ രേണുക, സംസ്ഥാന വൈസ് പ്രസിഡന്റ് ആഷ പ്രഭാകരൻ, സഞ്ജീവ് ജി എന്നിവർ സംസാരിച്ചു.

## ഷട്ടിൽ ടൂർണമെന്റ്




എ.കെ.പി.സി.റ്റി.എ മലപ്പുറം ജില്ല സമ്മേളനത്തോടനുബന്ധിച്ച് എയ്ഡഡ് കോളേജ് സ്റ്റാഫ് ഷട്ടിൽ ടൂർണമെന്റ് സംഘടിപ്പിച്ചു. മഞ്ചേരി കെ.എ.എച്ച്.എം യൂണിറ്റി വിമൻസ് കോളേജിൽ നടന്ന മത്സരം എ.കെ. പി.സി.റ്റി.എ മുൻ സംസ്ഥാന സെക്രട്ടറി ഡോ. എം.ബി. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ. ടി. രാജേഷ് കുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. എ.എസ്. സനിൽ, എസ്. ദിനിൽ എന്നിവർ സംസാരിച്ചു. വിമൻസ് സിംഗിൾസിൽ കെ.എ.എച്ച്.എം യൂണിറ്റി വിമൻസ് കോളേജും മെൻസ് സിംഗിൾസ്, ഡബിൾസ് എന്നിവയിൽ മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് വേങ്ങരയും ജേതാക്കളായി. യഥാക്രമം വി.പി.എസ്.വി ആയുർവേദ കോളേജ് കോട്ടയ്ക്കലും എം ഇ എസ് കെ. വി. എം കോളേജ് വളാഞ്ചേരിയും റണ്ണർ അപ്പായി.

# സംഘടനാവാർത്തകൾ

## എകെപിസിടിഎ ഭിന്നശേഷി വിഭാഗം അധ്യാപകരുടെ ഏകദിന ശില്പശാല സംഘടിപ്പിച്ചു




എ കെ പി സി ടി എ സംസ്ഥാന സോഷ്യൽ വെൽഫെയർ ആന്റ് ഡിഫറന്റ്ലി ഏബിൾഡ് കമ്മിറ്റി ഏകദിന ശില്പശാല സംഘടിപ്പിച്ചു. കോട്ടയം ബസേലിയോസ് കോളജിൽ നടത്തിയ ശില്പശാല എ കെ പി സി ടി എ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.ബിജുകുമാർ കെ ഉദ്ഘാടനം ചെയ്തു. എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രവർത്തകസമിതി അംഗവും കൺവീനറും ആയ ഡോ ലതാകുമാരി പി സി സ്വാഗതവും ഡോ മേരിജയ വി ജെ നന്ദിയും പറഞ്ഞു.

കേരള സർവ്വകലാശാല സിൻഡിക്കേറ്റംഗം ഡോ മനോജ് ടി ആർ (ഉന്നത വിദ്യാഭ്യാസം - സംഘടന), ആരോഗ്യ -കൗൺസിലിംഗ് വിദഗ്ധ ഡോ പ്രീത പി വി (തൊഴിലിടവും ജീവിത സന്തുലനവും), കോഴിക്കോട് ഫറൂഖ് കോളജ് അധ്യാപകൻ ഡോ. ഹബീബ് സി (അസിസ്റ്റീവ് ടെക്നോളജി) എന്നിവർ ക്ലാസ്സെടുത്തു.

എ കെ പി സി ടി എ സംസ്ഥാന ട്രഷറർ ഡോ. എൻ രേണുക, സംസ്ഥാന സെക്രട്ടറി ഡോ.ജേക്കബ് ഏബ്രഹാം എന്നിവർ മോഡറേറ്റർമാരായി.

മണി. കെ പി, ഡോ വിനോദ് കെ രാജു, ഡോ ആംനസ് ബേബി, സജീവ് സദാനന്ദൻ, സജൻ പി സാം, അമിത പി ജയിംസ് തുടങ്ങിയവർ സംസാരിച്ചു.



# സംഘടനാവാർത്തകൾ

## കൃഷിത്തട്ടിലെ നാടകപാഠം



എ. കെ. പി. സി. ടി. എ സാംസ്കാരിക വേദി ആറങ്ങോട്ടുകര പാഠശാലയും ആയി സഹകരിച്ച് കൊയ്ത്തുകൊയ്ത്തുസവത്തിന്റെ ഭാഗമായി നാടകക്കളരി 2026 ജനവരി 10, 11 തീയതികളിലായി ആറങ്ങോട്ടുകരയിൽ മൺവീട്ടിൽ വെച്ച് സംഘടിപ്പിച്ചു. നാടകക്കളരിക്ക് ശ്രീജിത്ത് രമണൻ, ഫിലിപ്പ് വിക്ടർ തുടങ്ങിയവർ നേതൃത്വം നൽകി. പങ്കാളിത്തം കൊണ്ടും അവതരണ മികവു കൊണ്ടും നാടക ശില്പശാല മികച്ച നിലവാരം പുലർത്തി. കാർഷികോത്സവത്തിന്റെ ഭാഗമായ അനുഭവങ്ങളും സംഘാംഗങ്ങൾക്ക് പരിചയപ്പെടാൻ അവസരമുണ്ടായി. വിവിധ നാടകാവതരണങ്ങൾ കാണാനും വിലയിരുത്താനും സാധിച്ചു. സംസ്ഥാന ട്രഷറർ ഡോ. രേണുക എൻ, സംസ്ഥാന സെക്രട്ടറി ഡോ. ബ്രിജേഷ് വി.  കെ, സാംസ്കാരിക വേദി കൺവീനർ ഡോ. സന്തോഷ് വള്ളിക്കാട്, സംസ്ഥാന വനിതാ കമ്മിറ്റി കൺവീനർ ഡോ. ജൂബി വി.പി., തൃശ്ശൂർ ജില്ലാ സെക്രട്ടറി ഡോ.പ്രമോദ് പി, കോട്ടയം ജില്ലാ സെക്രട്ടറി ഡോ. ബിനു ടി.പി, ശ്രീജ ആറങ്ങോട്ടുകര തുടങ്ങിയവർ സംസാരിച്ചു.  നാടകക്കളരി വേറിട്ട ഒരു അനുഭവമായിരുന്നെന്ന് പങ്കെടുത്തവർ വിലയിരുത്തി.



## ഉയരാൻ ഉയിരേകാൻ ആവണിപ്പാറയിലേക്ക്

എ.കെ.പി.സി.റ്റി.എ പത്തനംതിട്ട ജില്ലാ വനിതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉയരാൻ ഉയിരേകാൻ ആവണിപ്പാറയിലേക്ക് എന്ന പരിപാടി സംഘടിപ്പിച്ചു. ആരോഗ്യ സെമിനാർ അരിവാപ്പുലം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ധനേഷ് ഗോപാൽ ഉദ്ഘാടനം ചെയ്തു.




ജില്ലയിൽ നിന്നും അധ്യാപികമാരുടെ നേതൃത്വത്തിൽ കോന്നി ആവണിപ്പാറ ഉന്നതിയിലെ സന്ദർശിച്ച് നാൽപ്പത്തി ഒന്ന് കുടുംബങ്ങൾക്ക് പുതുവർഷ കിറ്റ് വിതരണം ചെയ്തു. പത്തനംതിട്ട ഉന്നതിയിലെ സ്ത്രീകൾക്കായി ജില്ല വനിത ശിശുവികസന ഓഫീസിന്റെ നേതൃത്വത്തിൽ ആരോഗ്യ സെമിനാർ സംഘടിപ്പിച്ചു. ജില്ലാ വനിത കമ്മിറ്റി കൺവീനർ ഡോ. പ്രീയ സേനൻ വി, ജില്ലാ പ്രസിഡന്റ് ഡോ ജ്യോത്സന എസ്, ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു, എ.കെ.പി.സി.റ്റി.എ സംസ്ഥാന പ്രവർത്തക സമിതി അംഗം ഡോ.ലതാകുമാരി പി സി എന്നിവർ നേതൃത്വം നൽകി.

വർഗീയമുക്ത ഇന്ത്യ
ജനപക്ഷ വൈജ്ഞാനിക കേരളം

AKPCTA

ആൾ കേരള പ്രൈവറ്റ് കോളജ്
ടീച്ചേഴ്സ് അസോസിയേഷൻ
68-ാം

# സംസ്ഥാന സമ്മേളനം

**2026 ഫെബ്രുവരി 27, 28, മാർച്ച് 01**
**തിരുവനന്തപുരം**

KERALA PRIVATE COLLEGE TEACHER
ISSUE No.319
ISSN 2454-4795
FEBRUARY 2026




Printed and Published by Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 0471-2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. Vidhu Narayan**